പുസ്തകം 8 ലക്കം 2
ജനുവരി 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വ

Eka Thathwa

മാസിക



## നിഷ്കളങ്കതയെ നഷ്ടപ്പെടുത്തുന്നതാര് ?

# അറിവായി...അറിവിലേയ്ക്കായി...

ഓരോ മതത്തിനും ഓരോ രാഷ്ട്രീയ പാർട്ടികൾക്കും പത്ര-ദൃശ്യമാധ്യമങ്ങളുണ്ട്. അവർക്ക് അവരുടേതായ എഴുത്തുകാരും വായനക്കാരുമുണ്ട്. എന്നാൽ ചിലരുണ്ട്, അവർ ഒരേ വിഷയത്തെക്കുറിച്ച് തന്നെ ഘടക വിരുദ്ധങ്ങളായ രണ്ട് ലേഖനങ്ങൾ സ്വയം തയ്യാറാക്കി രണ്ടുതരം വീക്ഷണമുള്ള മാധ്യമത്തിലേയ്ക്ക് അയക്കുന്നു. രണ്ടിലും പ്രസിദ്ധീകരിച്ചു കാണുക മാത്രമാണ് എഴുതുന്ന ആളുടെ ആവശ്യം എന്നല്ലാതെ സ്വന്തമായൊരു കാഴ്ചപ്പാട് ഇല്ലാത്ത കുറേ എഴുത്തുകാരെ കണ്ടു. അവർക്കൊക്കെ വേറെ പണിയറിയാഞ്ഞിട്ടാണോ എന്തോ ഈ പണി ചെയ്യുന്നത്.

ചോദ്യവും ഉത്തരവും സ്വയം എഴുതി സ്വന്തം ഇന്റർവ്യൂ തയ്യാറാക്കി അയക്കുന്നവരെ കണ്ടു. ഞാനൊരു സംഭവമാണെന്നാണ് അവർ അവരെ തന്നെ അതിലൂടെ സ്വയം വിശേഷിപ്പിക്കുന്നത്. പണം വാങ്ങി ഇന്റർവ്യൂ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങളും ഉണ്ട്. വേണമെങ്കിൽ മതി...

കാശുകൊടുത്ത് അധികാരവും പദവിയും അവാർഡും വാങ്ങി സ്വന്തം ഫോട്ടോ ഫ്ളെക്സിൽ പ്രിന്റ് ചെയ്ത് സ്വയം പ്രദർശിപ്പിക്കുന്നവരുണ്ട്. അത്തരക്കാരേയും കണ്ടു. അവർ എന്നോടും പണം ചോദിച്ചു, എന്നെ ഒരു സംഭവമാക്കാനാണത്രെ.

അമിതമായി മദ്യപിക്കുന്നവർക്കും ലഹരി ഉപയോഗിക്കുന്നവർക്കും ഒരു കുഴപ്പമുണ്ട്. സ്വബോധത്തോടെ ഇരിക്കുമ്പോൾ കേട്ടതും വായിച്ചതുമായ കാര്യങ്ങൾ മദ്യപിച്ച നേരത്ത് തികട്ടിവരും. കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ പിടിക്കും എന്നതുപോലെ ആ നേരത്ത് ആര് മുന്നിൽ ചെന്നുപെടുന്നുവോ അവർ പെട്ടു. മദ്യപിച്ചശേഷം ഈയിടെ ഒരുവൻ എന്നെ വിളിച്ച് അസഭ്യം പറഞ്ഞു. ഫോൺ കട്ട് ചെയ്തശേഷം ഒരു മെസേജ് അയച്ചു, 'ബോധം ഉള്ളപ്പോൾ വിളിക്കുക. സമയം വിലപ്പെട്ടതാണ്.' പക്ഷെ ഇതുവരേയായും വിളിച്ചിട്ടില്ല. ബോധമില്ലാത്ത നേരത്ത് വിളിച്ചുപറയുന്നത് ഇവിടെ റെക്കോർഡ് ചെയ്യുന്നുണ്ട്. ഭാവിയിൽ അവർക്കുതന്നെ കേൾപ്പിക്കാം. അതുമല്ലെങ്കിൽ സൈബർ സെല്ലിൽ കൊടുക്കാം. അപ്പോൾ നല്ല രസമായിരിക്കും, പോയ ബോധം തിരിച്ചു വന്നോളും. മദ്യപിച്ച് കുടുംബബന്ധം നഷ്ടപ്പെടുത്തി ഒറ്റയ്ക്കായപ്പോ പിന്നെ ചിലർക്ക് എഴുത്തു തന്നെ പണി. അവർ എന്തും എഴുതും പക്ഷെ ജീവിതത്തിൽ നീതിപുലർത്താത്തവർ എന്ത് എഴുതിയിട്ടെന്തു കാര്യം. ആ എഴുത്തിൽ ജീവനുണ്ടാകുമോ ?

ഒരു ഫംഗ്ഷനിൽ വെച്ച് ഏക തത്ത്വയിൽ മുമ്പ് എഴുതിയിരുന്ന ഒരാളെ കണ്ടു. "ഞാൻ കൃതികൾ അയ്ക്കാം. പ്രസിദ്ധീകരിക്കാമോ ?" എന്നയാൾ ചോദിച്ചു. ചതിച്ചോ, മദ്യപാനിയാണെന്ന് അറിഞ്ഞപ്പോഴാണ് കൃതികൾ പ്രസിദ്ധീകരിക്കുന്നത് നിർത്തിവെച്ചത്. ഇപ്പോഴത്തെ അയാളുടെ മൂഡ് കളയാതെ എങ്ങിനെ ഈ കാര്യം അവതരിപ്പിക്കും എന്ന് ഒരു നിമിഷം ആലോചിച്ചു. എന്നിട്ട് ഞാൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, "ഏക തത്ത്വയുടെ പോളിസിയിൽ മാറ്റം വന്നിട്ടില്ല. മദ്യപാനം ഒരു പ്രശ്നമാണ്." അതിനു മറുപടിയായി "മൂന്നുവർഷം മുമ്പ് മദ്യപാനം നിർത്തി സാർ" എന്ന് അയാൾ പറഞ്ഞു. ഇനി എന്തുചെയ്യും? സംഭവം ശരിയാണ്. എല്ലാ ന്യൂ ഇയറിനും വിഷുവിനും ഓണത്തിനുമെല്ലാം പലരും പലവട്ടം ദുഃശ്ശീലം നിർത്തിനോക്കും പിന്നേയും തുടരുന്നവരുമുണ്ട്. ഒരു പക്ഷെ അത്തരത്തിൽ നിർത്തിയ കാര്യമായിരിക്കുമോ ഇയാൾ പറയുന്നത് ? എന്തായാലും എല്ലാം ഞാൻ ദൈവത്തിനുവിട്ടു. രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കും തെളിവും കിട്ടി. അവനെ ഓർത്ത് ദുഃഖിക്കാനല്ലേ നമുക്കാവൂ. നാട്ടിനും വീട്ടിനും ആവശ്യമില്ലാതാകും വരെ ആരെങ്കിലും ഒരാൾ എല്ലാം പിൻതുണയ്ക്കും പിന്നെ ഉപേക്ഷിക്കും. അതുവരേയും വലിയ ആള് ചമഞ്ഞ് നടക്കും. ദൈവം അറിഞ്ഞുതന്ന കഴിവിനെ കൊണ്ട് അഹങ്കരിച്ചുജീവിക്കും പിന്നെ അവർ അങ്ങിനെ മറ്റുള്ളവർക്ക് പാഠമാകും.

എഴുതുന്ന ആളെക്കുറിച്ച് പഠിക്കാതെ അവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ പലപ്പോഴും പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. എഴുതി അയച്ച കൃതിയേക്കാളും അത് എഴുതിയ വ്യക്തിയേയാണ്, എഴുതാനുണ്ടായ സാഹചര്യത്തെയാണ് ഏക തത്ത്വ വിലയിരുത്തുന്നത്. കൃതി നന്നായില്ലെങ്കിലും വ്യക്തി നന്നായാൽ മതി. അവരുൾക്കൊള്ളുന്ന സമൂഹം നന്നായിക്കൊള്ളും. കലയും സാഹിത്യവും അതിനുള്ളതാണല്ലോ, അതിനുവേണ്ടിയുള്ളതാണല്ലോ.

'നിങ്ങൾക്കും ചോദിക്കാം!', ആനുകാലിക വിഷയങ്ങളെക്കുറിച്ച് കേരളത്തിന്റെ പലഭാഗത്തുനിന്നും ചോദ്യം ചോദിക്കുന്നതായി വരുത്തിത്തീർക്കുംവിധം ചോദ്യങ്ങൾ ഉണ്ടാക്കുകയും അവയ്ക്കുള്ള രസകരമായ മറുപടിയും സ്വയം എഴുതി പ്രസിദ്ധീകരിച്ച് ആളുകളെ പറ്റിക്കുന്നവരെക്കണ്ടു. ഇന്ന് ആളുകൾ വായിക്കുന്നത് രസിച്ചിരിക്കാനല്ല കാരണം അതിന് സമയമില്ല മറിച്ച് വല്ല പുതിയ അറിവും ആശയവും ലഭിക്കാനാണ്. രചനകൾ അത്തരത്തിലാകണം, അവ കത്തിക്കയറണം ചിന്തകളിൽ.

ഒരാൾ തന്നെ പല പേരുകളിൽ കഥകളും കവിതകളും എഴുതി അയക്കുന്നു. സ്വന്തം കൃതികളെ പണം പറ്റി മറ്റുള്ളവരുടെ പേരിലാക്കി പ്രസിദ്ധീകരിക്കാനായി അയക്കുന്നവരും ഉണ്ട്. പണ്ട് ഇങ്ങനെയെല്ലാം എഴുതിയെഴുതി വായനക്കാരുടെ വിശ്വാസം നഷ്ടപ്പെടുത്തി വായനയെ നശിപ്പിച്ചവരുടെ പിൻതലമുറക്കാരാണിവർ.

നല്ല കൃതികൾ ഒരുപാടുപേർ വായിക്കേണ്ടതുണ്ട്. അതുകൊണ്ട് കോപ്പി കുറവുള്ള മറ്റു പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചവ വീണ്ടും വേറൊരു മാധ്യമത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നതിൽ തെറ്റില്ല. എങ്കിലും ആദ്യപ്രസിദ്ധീകരണത്തിന്റെ പേരിലൊരു കടപ്പാടും പിന്നെ പോരാത്തതിന് പ്രസിദ്ധീകരിച്ച ലക്കവും വർഷവും കൂടി ഓരോതവണ പ്രസിദ്ധീകരിക്കുമ്പോഴും രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കും.

എഴുതുന്നവർക്ക് പ്രതിഫലം നല്കണം എന്ന് ആഗ്രഹമുണ്ടെങ്കിലും ഇപ്പോൾ നിർവ്വാഹമില്ല. ഏക തത്ത്വ സാമ്പത്തികമായി പുരോഗമിക്കുന്ന വേളയിൽ അതായത് ഒരുരൂപ അധികവരുമാനമുണ്ടായാൽ അത് ഏവർക്കും വീതിച്ചുതരുന്നതായിരിക്കും. അതുവരേയും സാമ്പത്തിക ലാഭം നോക്കാതെ എന്നോടൊപ്പം സഹകരിക്കുന്ന എല്ലാ എഴുത്തുകാർക്കും പിന്നെ ഞങ്ങളേവരേയും പ്രോത്സാഹിപ്പിക്കുന്ന ഓരോ വായനക്കാർക്കും വരിക്കാർക്കും പരസ്യദാതാക്കൾക്കും സാമ്പത്തിക സഹായം നൽകുന്നവർക്കും ഹൃദയം നിറഞ്ഞ പുതുവത്സരാശംസകൾ.

എഡിറ്റർ

₹ 15

# ഏക തത്ത്വ
മാസിക

പുസ്തകം ൬ ലക്കം 2
ജനുവരി 201൬

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**ടൈപ്പിംഗ് അസിസ്റ്റൻസ്**
അജയ് . എം
തരുൺ എബ്രഹാം

**കവർ ഫോട്ടോ**
ഉല്ലാസ് ഗോവർദ്ധൻ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70
Palakkad 678 001**
വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

## ഉള്ളടക്കം



**ലേഖനം**
7 – നിസ്സംഗത – എം. എം. മേനോൻ
11 – വെളിച്ചമേ നയിച്ചാലും – എടപ്പാൾ സി. സുബ്രഹ്മണ്യൻ
12 – ഒരു വിളംബകാല ചിന്ത – പ്രൊഫ. സി. ശശികുമാർ
13 – രചനകളുടെ പുനഃപ്രസിദ്ധീകരണം – അരവിന്ദൻ
17 – മുഖം മനസ്സിന്റെ കണ്ണാടി – ഇ. എൻ. നാരായണൻ
18 – മൺമറയുന്ന പ്രാചീന കലകൾ
– സുകുമാരൻ നെല്ലാനിക്കാട്
42 – നമ്മുടെ മഹാനഗരങ്ങൾ ശങ്കായ് ആകുമോ ?
– വിനോദ് കുമാർ ദാമോദർ

**കഥ**
16 – മാമ്പഴക്കാലം – യേശുദാസ് വരാപ്പുഴ
22 – ചില ബാല്യവിചാരങ്ങൾ – ടി. വി. നാരായണൻകുട്ടി
25 – പകലിറങ്ങിപ്പോയ നേരം – അശോകൻ രാജീവം
28 – നായയുടെ ധർമ്മബോധം – ഉല്ലലബാബു
29 – അപ്പോഴും, ഘട്ടങ്ങൾ – സുരേഷ് തെക്കീട്ടിൽ
30 – രാധിക – ജിജോ രാജകുമാരി
31 – വഴിയോര കടങ്കഥകൾ – ചൂലനൂർ രാമചന്ദ്രൻ
37 – നാളെ വരാം – ടി. കെ. ഉണ്ണികൃഷ്ണൻ
38 – സ്വപ്നവീട് – എം. ഡി. വിശ്വംഭരൻ

**കവിത**
10 – അയലൻ കുർദി – കെ. എം. മാത്തൂർ
16 – മരുതൻ പാണൻ – അജയ് ബാലചന്ദ്രൻ
21 – രാഗബിന്ദുവിൽ – എം. കെ. ശശിധരൻ
21 – മിഴി – അനൂപ് നാരായണൻ
14 – അമ്മ – മിനി ജെ. വെട്ടം
14 – തൂപ്പുകാരോട് – ദേവീപ്രസാദ് പീടിയ്ക്കൽ
28 – മനസ്സേ ഉണരു – മായാ വേണു
29 – ദേവാലയങ്ങൾ – മംഗളൻ തൈയ്ക്കൽ
30 – വിജയ വർഷമായ് വിടരൂ നീ – ശ്രീജ . ആർ
30 – മുഖംമൂടി – തുളസി കേരളശ്ശേരി
34 – ആലോചനാമൃതം – ടി. കെ. എം. കാരക്കാട്
36 – ചില 'സ' കൾ – നിഷ വി. എൻ
39 – ലിഖിതം – ആർ. സജീവ്
39 – ങ്ങടെ ദൈവങ്ങള് – പ്രമോദ് പുനലൂർ

**ബാലപാഠം (മുതിർന്നവർക്ക്)**
34 – പട്ടിയുടെ വീട്ടിലെ ചേച്ചി – കെ. വിജയകുമാരൻ
**സ്മരണ**
15 – എന്റെ അഭിനയസ്മരണകൾ – മുക്കം ഭാസി
36 – ചുമരെഴുത്ത് – കെ. കേരളദാസനുണ്ണി
**കഥയും കാര്യവും**
20 – ത്യാഗമനോഭാവം ഉണ്ടാകണം – സത്യൻ താന്നിപ്പുഴ
**ആരോഗ്യം**
24 – അപ്പോപ്ലെക്സി – ഡോ. സി. രാമകൃഷ്ണൻ
**മഹാത്മ**
21 – തുല്യസ്നേഹം – ബിന്ദു . കെ
**പാചകം**
33 – കടലപ്പരിപ്പ് പ്രഥമൻ – പി. എൻ. ഗംഗാലക്ഷ്മി
**പുസ്തകപരിചയം**
41 – കണ്ണുകൾ – എ. രാമകൃഷ്ണൻ
**ഫലിതം**
42 – ഫലിതമേള – പി. ആർ. ജോസ്
**ദൈവനാമത്തിൽ**
40 – ഒന്നാമത്തെ ഭാര്യ – മുഹമ്മദ് കനി



# നിഷ്കളങ്കതയെ നഷ്ടപ്പെടുത്തുന്നതാര് ?

ഇ. ടി. മുരളീധരൻ

അർത്ഥം ഇല്ലാത്തവന്റെ കൈയിൽ അർത്ഥം കിട്ടിയാൽ അർദ്ധരാത്രിയ്ക്ക് കുട പിടിക്കും എന്ന് കേട്ടിട്ടുണ്ട്. അത്തരക്കാരെ നിരവധി തവണ കണ്ടിട്ടുമുണ്ടാകും. അതുപോലെ അർഹത ഇല്ലാത്തവന് അധികാരപ്പണി കിട്ടിയാൽ എന്നു കേട്ടിട്ടില്ലേ ? അങ്ങനെ ചിലർക്ക് അധികാരപ്പണി കിട്ടിയിട്ടുണ്ട്. അവരിൽ ചിലർ പറയുന്നു പകലിലും ലൈറ്റ് ഇട്ട് വണ്ടി ഓടിക്കണമെന്ന്. ഇപ്പോഴേ ലൈറ്റിട്ട് വണ്ടികൾ ഓടിത്തുടങ്ങി. ഏപ്രിൽ മുതൽ പുതിയ എല്ലാ ടൂ വീലറുകൾക്കും ഈ നിയമം ബാധകമാവാൻ പോവുകയാണ്. ഇനിയിറങ്ങുന്ന വണ്ടികൾക്കൊന്നും ഹെഡ്ലൈറ്റ് സ്വിച്ച് ഉണ്ടാവില്ല കാരണം വണ്ടി സ്റ്റാർട്ട് ചെയ്താൽ തന്നെ ലൈറ്റ് ഓണാവും. നല്ല കൗതുകം ! മഞ്ഞ് വീഴുന്ന സ്ഥലത്ത് ലൈറ്റ് ഇട്ട് വണ്ടി ഓടിക്കുക പതിവാണ്, ആവശ്യമാണ് പക്ഷെ അല്ലാതെ പട്ടാപ്പകലിൽ ലൈറ്റ് ഇട്ട് വണ്ടി ഓടിക്കേണ്ട ആവശ്യമുണ്ടോ ? അത്യാഹിതം സംഭവിച്ച ഒരാളേയും കൊണ്ട് ഹോസ്പിറ്റലിലേക്ക് വാഹനത്തിൽ പോകുമ്പോൾ പകലാണെങ്കിലും ലൈറ്റ് ഇട്ട് പോകുന്നത് കണ്ടിട്ടുണ്ട്. ഇനി അത്തരത്തിൽ പോകുന്നവർ ഹോൺ മുഴക്കിക്കൊണ്ട് പോകേണ്ടിവരുമായിരിക്കും.

കാഴ്ച കുറഞ്ഞ ജനതയ്ക്ക് വേണ്ടിയാണോ ലൈറ്റ് അതോ കാഴ്ച കുറഞ്ഞ ഭരണാധികാരികൾക്കോ ? മഞ്ഞപ്പിത്തം പിടിച്ചവർക്ക് കാണുന്നതെല്ലാം മഞ്ഞ നിറത്തിലെന്ന് പറഞ്ഞുകേട്ടിട്ടില്ലേ. അതുപോലെയാണ് ഇതും. എന്തായാലും യഥാർത്ഥത്തിൽ ഈ പ്രകാശം തലയ്ക്കകത്ത് ഉണ്ടായാൽ എത്ര നന്നായിരുന്നു. സ്വന്തം ബുദ്ധി ഉപയോഗിക്കെടാ പ്രകാശാ, സ്വന്തം ബുദ്ധി ഉപയോഗിക്ക്... എവിടെ ഉപയോഗിക്കാൻ ? മറ്റുരാജ്യങ്ങളെല്ലാം പോയിക്കണ്ട് പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങൾ കണ്ട് കണ്ണ് മഞ്ഞളിച്ചുപോയി. ലൈറ്റ് ഇട്ടേ പറ്റൂ.

പല ശാരീരിക പ്രയാസങ്ങൾ നേരിട്ട് നെട്ടോട്ടമോടുന്നവർ ഹെൽമറ്റ് ഇടാൻ മറന്നാൽ, ഇടാതെ വണ്ടി ഓടിച്ചാൽ പിഴ ലഭിയ്ക്കും. എന്നാൽ ഹെൽമറ്റ് തലയിൽ കുടുങ്ങി മരിച്ചവരുണ്ട്. സീറ്റ് ബെൽറ്റ് ഇടാത്തതുമൂലം എത്രയോപേർ വണ്ടിയിൽ നിന്നും തെറിച്ചുപോയി രക്ഷപ്പെട്ടിട്ടുണ്ട്. അതുപോലെ സീറ്റ് ബെൽറ്റിൽ കുടുങ്ങി വണ്ടിക്കൊപ്പം കത്തിത്തീർന്നവരുമുണ്ട്. ഇനി പകലിൽ ലൈറ്റ് ഇട്ട് വണ്ടി ഓടിച്ചാലും ഇല്ലെങ്കിലും ഇവിടെ അപകടങ്ങൾ കുറയാനൊന്നും പോവുന്നില്ല. ആയതിനാൽ ബോധമുള്ള ജനതയെയാണ് നമുക്കാദ്യം സൃഷ്ടിക്കേണ്ടത്. എന്തായാലും ഏതാണ് ശരി എന്നും ഏതാണ് തെറ്റ് എന്നും പറയാൻ വയ്യ. അതുകൊണ്ട് തന്നെ എല്ലാം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതും തെറ്റാണ്. എന്തായാലും ഇത്തരം നിയമങ്ങൾ പാലിക്കാതെ വാഹനമോടിച്ചാൽ ഇൻഷുറൻസ് ക്ലെയിം ഉൾപ്പടെ പല ആനുകൂല്യങ്ങളും ലഭിക്കില്ല എന്ന ഒറ്റക്കാര്യം ഏവരേയും ബോധ്യപ്പെടുത്തിയാൽ മതി അവർക്ക് വേണമെങ്കിൽ ഹെൽമെറ്റ് വെയ്ക്കട്ടെ, സീറ്റ് ബെൽറ്റ് ഇടട്ടേ. പക്ഷെ അങ്ങിനെ ചെയ്താൽ ഹെൽമെറ്റും സീറ്റ് ബെൽറ്റും ബൾബുമെല്ലാം ചിലവാകുമോ ? അതൊരു ചോദ്യമാണ്. അവരിൽ നിന്നെല്ലാം പണം പറ്റിപ്പോയില്ലേ എന്തുചെയ്യും ? എല്ലാം നിർബന്ധമാക്കാം. ലൈസൻസ് ഇല്ലാത്തവൻ വണ്ടി ഓടിച്ച് ആക്സിഡന്റായാൽ ഓടിച്ചിരുന്ന ആളെത്തന്നെ മാറ്റി ലൈസൻസുള്ളവന്റെ പേരിൽ കേസ് ഉണ്ടാക്കുവാൻ കഴിവുള്ളവരുടെ നാട്. ഹെൽമറ്റ് ഇട്ടാലും സീറ്റ് ബെൽറ്റ് ഇട്ടാലും ഇട്ടില്ലെങ്കിലും കൈയിൽ പണം ഉണ്ടായാൽ മതി എന്തുമാകാം എന്ന് മനസ്സിലാക്കിയ പാവപ്പെട്ടവരുടെ മനോനിലയ്ക്ക് ചിലപ്പോൾ തീപിടിച്ചേക്കാം. പിന്നെ നീയും നിന്റെ നിയമവും നിന്റെ കൈയ്യിലിരിക്കുകയേ ഉള്ളൂ എന്ന് അവർ ഉറക്കെ പ്രഖ്യാപിക്കും.

ഒരുത്തനെ മാറ്റി വേറൊരുത്തനെ ആനപ്പുറത്ത് കയറ്റി. ബാക്കിയുള്ളവർ പതിവുപോലെ ജയ് വിളിച്ചു. ആന പലരേയും ചവിട്ടിക്കൊല്ലുന്നു. പക്ഷെ ചോദിക്കുമ്പോൾ പറയുന്നത് ആന പഴയ രാജാവിന്റേതാണ് അതാണിങ്ങനെ, ഞങ്ങളുടെ കുഴപ്പമല്ല എന്ന്. ജി. എസ്. ടി. യും അതുപോലെയാണ്, ഞങ്ങളുടേതല്ല. കൈയിൽ കിട്ടിയത് വിരിയാൻ വെച്ച കോഴിമുട്ടയാണെന്നറിയാതെ താഴെ ഇട്ടുനോക്കി. ആർക്കും ഉപയോഗമില്ലാതായി എന്നുമാത്രമല്ല ഉപദ്രവവുമായി. യഥാർത്ഥത്തിൽ നേതാവാകാൻ കഴിവുള്ളവരില്ല. അതുകൊണ്ട് ഉച്ചത്തിൽ സംസാരിക്കാൻ കഴിയുന്നവരെ നേതാവാക്കി. അവർ ഉറക്കെപ്പറഞ്ഞ് പറ്റിച്ചുകൊണ്ടേയിരിക്കുന്നു എന്നുമാത്രം. ശബ്ദം നഷ്ടപ്പെട്ടവർക്ക് ആര് ശബ്ദം നല്കും?

ചെറിയ ഉള്ളിയ്ക്ക് വില

170 വരെ ഉയർന്നു, വലിയ ഉള്ളിക്ക് 80 വരേയും. പെട്രോളിന്റെ കാര്യം പിന്നെ പറയാനുമില്ല. എല്ലാറ്റിന്റെ വിലയും വർദ്ധിച്ചുകൊണ്ടുപോകുന്നു. ഉള്ളവനല്ലെ വണ്ടി വാങ്ങുകയുള്ളൂ. അവർ കൊടുക്കട്ടെ പെട്രോളിന് വില (പാവപ്പെട്ടവരുടെ ടി.വി.എസ്. ഫിഫ്റ്റിയും എം. എയ്റ്റിയ്ക്കുമൊന്നും പെട്രോൾ വേണ്ടല്ലോ അല്ലേ ?!) പാചകവേളകളിൽ ഉള്ളി പിന്നെ വേണ്ടെന്നുവെച്ചാൽ പോരേ. എല്ലാത്തിനും ഉത്തരമുണ്ട്. ഇതൊക്കെ സഹിക്കാം, ഇതിനെല്ലാം പുറമെ നാട് പുരോഗമിക്കുമ്പോൾ കുറച്ചൊക്കെ സഹിക്കണം എന്ന് പറയുന്നവരെ കാണുമ്പോഴാണ് സങ്കടം. ഇപ്പോൾ ജീവിച്ചിരിക്കുന്നവരെല്ലാം ഒന്ന് സഹിക്കുക, സഹകരിക്കുക. പുനർജ്ജനിക്കുമ്പോൾ ഇതിന്റെ ഗുണഫലങ്ങൾ നിങ്ങൾക്ക് ലഭിക്കും. അതു പോരെ ? എന്തൊരു ദീർഘവീക്ഷണം...

സാമ്പത്തിക മാന്ദ്യം രൂക്ഷമായി കൊണ്ടിരിക്കുന്നു. പിടിച്ചുപറിയും മോഷണങ്ങളും വർദ്ധിച്ചിരിക്കുന്നു. ലഹരിമരുന്നും കള്ളക്കടത്തും വ്യഭിചാരവും വ്യാപകമാവുന്നു കാരണമെന്ത് ? എങ്ങിനേയും പണമുണ്ടാക്കണമെന്ന ചിന്തയോ? പണമുള്ളവരുടെ ലോകമാണെന്ന തിരിച്ചറിവോ ആവാം കാരണം. ജീവിക്കാൻ വേണ്ടിയുള്ള നഷ്ടപ്പെട്ടവന്റെ അവസാന ശ്രമവുമാവാം. സാമ്പത്തികത്തകർച്ച വരുമ്പോഴാണ് പട്ടാപ്പകലു പോലും പിടിച്ചുപറിയും മോഷണവും വ്യാപകമാവുന്നത്. നമ്മുടെ നാട്ടിന്റെ പലഭാഗത്തും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു തുടങ്ങി. താഴെ തട്ടിലുള്ളവരുടെ അന്നം മുടങ്ങുമ്പോൾ പിന്നെ അവർക്ക് രാജ്യവും രാഷ്ട്രീയവുമൊന്നുമില്ല. മതവും ജാതിയും പ്രശ്നമല്ല. അവർ ഏതുവിധവും പ്രതികരിക്കും. എങ്ങിനെയും പണമുണ്ടാക്കാനായി ഇറങ്ങും. പല നീച പ്രവർത്തിയും ചെയ്തെന്നുവരും. പിടിക്കപ്പെടുമെന്നറിഞ്ഞിട്ടും പലരും ഈ വഴികൾ തിരഞ്ഞെടുക്കുന്നത് നിവൃത്തിയില്ലാഞ്ഞിട്ടാവാം. ജയിലുകളിലുള്ളവരേക്കാൾ കുറ്റവാളികൾ പുറത്ത് വിലസുകയല്ലേ. ക്രിമിനലുകളായ ഇത്തരക്കാർക്കെല്ലാം ഉന്നതബന്ധങ്ങളും പദവികളുമുണ്ട്. സാധാരണക്കാരനോ എന്തുണ്ട് ? അവൻ പിടിക്കപ്പെടും, ശിക്ഷിക്കപ്പെടും. അവനെ ശിക്ഷിക്കാനാണല്ലോ നിയമം. നാണം കെട്ട് പണമുണ്ടാക്കിയാൽ ആ പണം നാണക്കേടിനെ ഇല്ലാതാക്കും എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. 21 വർഷത്തിനുശേഷം കാലിത്തീറ്റ കുംഭകോണകേസ് വിധി വരുന്നു. 1000 കോടിയുടെ തിരുമറി നടത്തിയവൻ 21 കൊല്ലം സുഖമായി ജീവിച്ചു. ഓണത്തിന് ഉടുക്കാൻ, കോടിത്തുണി മേടിക്കാൻ കഴിവില്ലാത്തവൻ ജനലിലൂടെ കമ്പിയുപയോഗിച്ച് തുണിയെടുക്കുന്ന ദൃശ്യം സി. സി. ക്യാമറയിൽ വന്നത് സോഷ്യൽ മീഡിയയിൽ വൈറൽ ആയി. പക്ഷെ കുംഭകോണം സർവ്വസാധാരണം. ഒരു കുംഭകോണക്കേസ്സ് മറുവിഭാഗത്തിന്റെ വേറൊന്നുമായി കോടതിക്ക് പുറത്ത് പറഞ്ഞ് ഒത്തു തീർപ്പാക്കും പക്ഷെ തുണി മോഷ്ടിച്ചവന് ജാമ്യം കൊടുക്കാതെ മാനം കെടുത്തി ജയിലിലടയ്ക്കും നാട് നമ്മുടെ നാട്. സാധാരണ പൗരന്റെ കൈയിലെ ആകെയുള്ള ഒരു ആയുധം വോട്ടാണ്. ആ വോട്ടും ഇലക്ഷനുമെല്ലാം കള്ളക്കളികളാകുമ്പോൾ പിന്നെ പാവങ്ങൾക്ക് എന്താണ് രക്ഷ ? ചെറിയ ചെറിയ പ്രതീക്ഷ തന്ന് വലിയ വലിയ കള്ളത്തരങ്ങൾ ചെയ്യുന്ന ഭരണവർഗ്ഗം, അധികാരവർഗ്ഗം. പാവപ്പെട്ടവന്റെ ജീവിതത്തെക്കുറിച്ച് അവർ ഓർക്കുന്നേയില്ല.

അഴുക്കുചാലിലൂടെ ഒഴുകുന്ന വെള്ളം വറ്റിയാൽ പിന്നെ എലിയും തൊരപ്പനുമെല്ലാം എവിടെപ്പോയി ഇര തേടും, ജീവിക്കും? അവർക്ക് മനുഷ്യവാസമുള്ള വീടിനകത്തേയ്ക്ക് കയറുക തന്നെ നിവൃത്തിയുള്ളൂ. അതുതന്നെയാണ് പാവപ്പെട്ട മനുഷ്യരുടെ കാര്യത്തിലും സംഭവിക്കാൻ പോകുന്നത്. താഴ്ത്തി താഴ്ത്തി മണ്ണിനടിയിലാകും മുൻപൊരു അവസാനത്തെ പരിശ്രമം അവർ നടത്തും. അത് രാജ്യത്ത് കൊലയ്ക്കും കൊള്ളയ്ക്കും കള്ളക്കടത്തിനും വഴിവെയ്ക്കും.

കടലോരത്ത് സ്ഥിരമായി നടക്കാനിറങ്ങുന്നവരിൽ ചിലർ ചേർന്ന് ഒരു ക്ലബ്ബ് രൂപീകരിച്ചു. അഡ്മിഷൻ ഫീ 1000 രൂപ പിന്നെ വർഷത്തിൽ 500 രൂപ മെമ്പർഷിപ്പായി നല്കണം. എല്ലാവരുടേയും കളർ ഫോട്ടോ വെച്ച ഒരു ബുക്ക് ഇറക്കുന്നുണ്ട്. കൂടുതൽ ആളുകൾ ചേർന്നുകൊണ്ടിരുന്നു. ഓരോ ആഘോഷങ്ങൾക്കും വേറെ വേറെ പിരിവ്. സംഘാടകർ തടിച്ചുകൊഴുത്തു. നേതാക്കൾ പിരിച്ചെടുത്ത പണം വാങ്ങാൻ മാത്രമാണ് കടലോരത്ത് വരുകയുള്ളൂ. പിന്നെ കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ പണം തരാത്തവർ ഈ തീരത്ത് നടക്കേണ്ടെന്ന് അവർ പ്രഖ്യാപിച്ചു. പണം കൊടുത്ത് പുറകെ പോയവർക്ക് തീരുമാനങ്ങളെല്ലാം അംഗീകരിക്കേണ്ടിവന്നു. സംഘാടകർ കർക്കശക്കാരായി. അവർ എന്തും ചെയ്യും. ഇത്രനാളും നടന്നിട്ട് കുറയാത്ത ശരീരഭാരം കുറഞ്ഞു തുടങ്ങി. താങ്ങാവുന്നതിനുമപ്പുറമായി കരം. കടലോരം വൃത്തിയാക്കണം, സോളാർ ലൈറ്റുകൾ സ്ഥാപിക്കണം, നടക്കാൻ നടപാതയുണ്ടാക്കണം. പല പേരിലായി പിരിവുകൾ. ഒരുചാക്ക് സിമന്റ് വാങ്ങിയാൽ 5 ചാക്ക് സിമന്റ് നേതാവിന്റെ വീട്ടിലിറക്കും. കുറച്ചുദൂരെ ഒരു കടൽത്തീരത്തോടുചേർന്ന് വീടുവെച്ചുനേതാവ്. കള്ളത്തരം തിരിച്ചറിഞ്ഞപ്പോൾ പിന്നെ കേസായി. ജാമ്യമെടുത്ത് വീട്ടിൽ സുഖമായി ജീവിച്ചു. പാവം മറ്റുള്ളവരോ പുതിയൊരെണ്ണത്തിനെ നേതാവാക്കി അവനേയും സഹിച്ച് പിന്നേയും ജീവിക്കുന്നു. ഇത്തരത്തിലല്ലേ ഇവിടെ നടക്കുന്നത്. ഏത് മത ജാതി രാഷ്ട്രീയ സംഘടനയായാലും ഭരണകൂടമായാലും തലപ്പത്തിരിക്കുന്നവർ സുഖിച്ചു ജീവിക്കുന്നു. ബാക്കിയുള്ളവർ സഹിക്കുന്നു. പണ്ട് പണമുള്ളവൻ നാടു നന്നാക്കാനായി ഇറങ്ങി ജീവിതവും സ്വത്തും ഹോമിക്കുന്നു. പക്ഷെ ഇന്ന് ഒരു ആദർശവുമില്ലാ


ത്ത ദരിദ്രന്മാരും കള്ളന്മാരും രാജ്യം നന്നാക്കാൻ വരുന്നു. തിന്നും കുടിച്ചും കറങ്ങിനടന്നും മതിവരില്ല. വീണുകിട്ടിയ സൗഭാഗ്യമല്ലേ. അവർ മതപരമായ ആഘോഷങ്ങൾ വരെ എങ്ങിനെ ആഘോഷിക്കണമെന്നും എങ്ങിനെ ആഘോഷിക്കണ്ട എന്നും നിഷ്ക്കർഷിച്ചുതുടങ്ങി. എങ്ങിനെയുണ്ട് കാര്യങ്ങൾ ? ഇതുപോലെ ദൈവം സൃഷ്ടിച്ച ഭൂമിയിൽ നാം ആർക്കൊക്കെയോ നിർബന്ധപൂർവ്വം കരം കൊടുത്ത് ജീവിക്കുന്നു. ഒന്നിനും സ്വാതന്ത്ര്യമില്ലെന്ന് പറയാൻ പോലും സ്വാതന്ത്ര്യമില്ലാതെ സ്വാതന്ത്ര്യദിനങ്ങൾ ആഘോഷിക്കുന്നവരെ നോക്കി നില്ക്കേണ്ടിവരുന്നു. എല്ലാ രാജ്യങ്ങളും സ്വാതന്ത്ര്യം നേടി. പക്ഷെ മനുഷ്യൻ സ്വതന്ത്രനോ ? ജാതിയുടേയും മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും മതിലുകൾക്കുള്ളിലാണ്. വീട്ടിൽ അടിയും ഇടിയും സഹിച്ച് ജീവിക്കുന്ന ശുനകനെപ്പോലെ ഇടയ്ക്കൊന്ന് കുരയ്ക്കും, കടിക്കും. എങ്കിലും ചങ്ങല പൊട്ടിച്ച് രക്ഷപ്പെടണമെന്നില്ല. കാരണം അടിയും ഇടിയും കിട്ടിയാലും വേണ്ടില്ല ഭക്ഷണം മുടങ്ങാതെ കിട്ടുമല്ലോ. ഇതുപോലെ മനുഷ്യനെന്നും ബന്ധനമിഷ്ടപ്പെടുന്നു. സ്വയം ഏതിന്റെയെങ്കിലും വക്താവായി ജീവിക്കും. മറ്റുള്ളവർ സംരക്ഷിക്കുമെന്ന് വെറുതെ വിശ്വസിക്കും. നമ്മുടെ വിശ്വാസങ്ങളെയെല്ലാം തകിടം മറിച്ചുകൊണ്ട് പ്രകൃതി ക്ഷോഭങ്ങൾ വരും. അത്തരം ദുരന്തങ്ങൾ മനുഷ്യനെ ഒന്നിരുത്തി ചിന്തിപ്പിക്കും, ഒന്നാക്കും.

ഓഖി ചുഴലിക്കാറ്റിൽ നിരവധി ജീവനുകൾ പൊലിഞ്ഞു. 82 ബോട്ടുകൾ 26 ദിവസത്തോളം കടലിൽ ശവശരീരം തിരഞ്ഞുനടന്നു. ഒടുവിൽ തിരച്ചിലവസാനിപ്പിച്ചു. എല്ലാം നേരത്തേ മനസ്സിലാക്കാനുള്ള സംവിധാനങ്ങളുണ്ടായിട്ടും ദൈവഹിതം നടക്കുകതന്നെ ചെയ്യും എന്ന് ഒരിക്കൽക്കൂടി സൃഷ്ടാവ് നമ്മെ ഇതിലൂടെ ഓർമ്മപ്പെടുത്തുന്നു. പക്ഷെ ഈ ദുരന്തവും രാഷ്ട്രീയ മുതലെടുപ്പുകൾക്കാണ് വേദി ഒരുക്കിയത്. എന്തായാലും ഒടുവിൽ പതിവുപോലെ മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം പ്രഖ്യാപിച്ചു. കടലിൽ പോയവരുടെ വിവരം കൃത്യമായി ആരും രേഖപ്പെടുത്താഞ്ഞതിനാൽ ഈ ആനുകൂല്യം പറ്റുന്നതിൽ ഭൂരിഭാഗം ആരായിരിക്കും എന്ന് നമുക്ക് ഊഹിക്കാമല്ലോ ? ആ കാര്യത്തിൽ രാഷ്ട്രീയ മത ജാതി വേർതിരിവുകളില്ല. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ. ഓഖി ചുഴലിക്കാറ്റിന്റെ പേരിൽ ആരെല്ലാമോ പണം പിരിക്കുന്നു. ദുരിതബാധിതർക്ക് എന്തെങ്കിലും ലഭിച്ചാൽ ഭാഗ്യം. എന്തായാലും വിധത്തിലും തരത്തിലും സൃഷ്ടാവ് വരാനിരിക്കുന്ന വലിയൊരു ദുരന്തത്തിന്റെ മുന്നറിയിപ്പുകൾ തരുന്നുണ്ട്.

കുഞ്ഞുപൈതലിന്റെ ചിരിക്കുന്ന മുഖം, കൊഞ്ചിക്കൊഞ്ചിയുള്ള സംസാരം. എല്ലാം ആവോളം കണ്ടോളൂ, നമ്മളും ഇങ്ങനെയായിരുന്നു പണ്ട് പക്ഷെ ഇന്നോ? വളരെ വേണ്ടപ്പെട്ടവർ തന്നെ നമ്മളോടുപറയുന്നു, "സ്ഥലകാല ബോധമില്ലാതെ എല്ലാം തുറന്ന് സംസാരിക്കരുത്" അങ്ങനെ ആദ്യ ശരം മനസ്സിൽ തറക്കുന്നു. ഇങ്ങിനെ ഉറക്കെ ശബ്ദമുണ്ടാക്കി ചിരിക്കാതേ. അപ്പോൾ മുതൽ ചിരിയിൽ നിയന്ത്രണങ്ങൾ വരുത്തി. പെണ്ണുങ്ങളെ പോലെ ദുഃഖം വന്നപാടെ കരയാതേ, കരച്ചിലിലും വന്നു മാറ്റങ്ങൾ. ഉള്ളുതുറന്ന് ചിരിക്കാനും കരയാനും ആവാതെ കുറേനാൾ ജീവിക്കേണ്ടിവന്നപ്പോൾ താനെ മുരടനായി. പലരും പറയുന്നതൊന്നും പ്രവൃത്തിക്കുന്നത് വേറൊന്നുമാണെന്ന ചിന്ത മനസ്സിൽ അങ്ങിനെ രൂപപ്പെട്ടു. നല്ലൊരു അഭിനേതാവായി. നിഷ്കളങ്കത പൂർണ്ണമായി നശിച്ചു. അത്രയ്ക്ക് സത്യസന്ധത വേണ്ട, അല്പമെല്ലാം നുണ പറയാം. അത്രയ്ക്ക് നല്ല കുട്ടിയാകേണ്ട. രോഗം വരുമെന്ന് പേടിച്ചിട്ടാണോ മദ്യപിക്കാത്തത്, പുകവലിക്കാത്തത്. ഇതൊന്നുമില്ലാത്തവർക്കും രോഗം വരുന്നില്ലേ? സിഗരറ്റ് വലിക്ക്, മദ്യപിയ്ക്ക്, മയക്കുമരുന്ന് ഒന്ന് ഉപയോഗിച്ചു നോക്ക്. ശീലാവതിയാകേണ്ട അല്പമെല്ലാം പലതും കട്ടുതിന്നാം. അല്പം കൈക്കൂലി വാങ്ങുന്നതിൽ തെറ്റില്ല. നിയമത്തിന്റെ വഴിയെ പോയതാണെങ്കിൽ അവന് എത്ര പണം ചിലവായേനേ പോരാത്തതിന് സമയ നഷ്ടവും. അതിന്റെ കാൽഭാഗം പോലും നീ കൈപ്പറ്റിയില്ലല്ലോ പിന്നെന്താ ? എല്ലാറ്റിനും സ്വയമേവയും തന്നെപ്പോലുള്ളവരുടെ അഭിപ്രായം കൊണ്ട് സമാധാനിച്ചു. പക്ഷെ നീതിപൂർണ്ണമായി ദുഃശ്ശീലങ്ങളൊന്നുമില്ലാതെ ജീവിക്കുന്നവരുണ്ടെന്ന് മനസ്സിലാകുമ്പോഴും അവരെ കുറ്റപ്പെടുത്താനാണ്, ഒറ്റപ്പെടുത്താനാണ്, വകവരുത്താനാണ് ശ്രമിക്കുക. ശ്രമങ്ങൾ വിഫലമാകും. നീതിപൂർണ്ണമായി ജീവിക്കുന്നവന്റെ പടിവാതിക്കലിലെത്താനാകും മുൻപ് വീണുപോകും, കിടന്നുപോകും, കൊണ്ടുപോകും ദൂരേയ്ക്ക്. സൂര്യന്റെ അടുത്തേയ്ക്ക് തീപ്പെട്ടി കൊള്ളിക്ക് പോകാനാകുമോ ? ചിന്തിക്കുക.

കണ്ണാടി നോക്കി മുഖം മിനുക്കി നല്ലൊരു ചിരിയുടെ ഭാവം (pose) കാണാതെ പഠിക്കും. എന്നിട്ട് ശബ്ദമില്ലാതെ ഇടക്കിടെ ചിരി മുഖത്തുവരുത്തും. എപ്പോൾ വന്നു ?, കണ്ടിട്ട് കുറേ കാലമായല്ലോ എന്നുപറഞ്ഞ് പരസ്പരം വിഷ് ചെയ്ത് പറയുന്നത് വേറാരുമല്ല അയൽവാസികൾ. കല്യാണവേളകളിലാണ്, ന്യൂ ഇയർ വേളകളിലാണ് ഈ ചിരിമേള. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ശ്രദ്ധിയ്ക്കുക. യഥാർത്ഥ ചിരി മറന്നുപോയവരുടെ കാലം... ആരും ഉള്ളു തുറന്ന് സംസാരിക്കാറുമില്ല. ഓരോ വർഷം കഴിയുമ്പോൾ എന്തിന് ഓരോ നിമിഷത്തിലും നമ്മളിൽ ശാരീരികവും മാനസികവുമായ മാറ്റം സംഭവിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് ജീവിക്കുക. എല്ലാ മാറ്റവും നല്ലതിനാകട്ടെ. Year മാത്രം New ആയതുകൊണ്ട് കാര്യമുണ്ടോ. അറിവുനേടുക. നേടിക്കൊണ്ടേയിരിക്കുക. അറിവ് പൂർണ്ണമാകുമ്പോൾ നഷ്ടപ്പെട്ട നിഷ്കളങ്കത തിരികെ എത്തും. ഒപ്പം സന്തോഷവും സമാധാനവും കൈവരും.

# നിസ്സംഗത
## (പാശമില്ലായമ)



**എം. എം. മേനോൻ**
**0491 6451469**

**ലേ**ഖനങ്ങളുടേയും പദ്യങ്ങളുടേയും രചയിതാക്കൾ നല്ലപോലെ വായിച്ചറിഞ്ഞ്, ചിന്തിച്ചു രൂപീകരിക്കുമ്പോൾ തങ്ങളുടെ കൃതികളുമായി 'മമത' അനുഭവിക്കുന്നു. ഇവയോട് സ്നേഹവിശ്വാസം നല്ലതാണ്, എന്നാൽ നിസ്സംഗത (പാശമില്ലായ്മ) പാലിച്ചില്ലെങ്കിൽ നമ്മുടെ ഗുണദോഷവിവേചനശക്തിയെ ബാധിക്കുന്നതിനാൽ അതിശയോക്തിയുടെ പ്രയോഗം കാരണം നമ്മളറിയാതെ തന്നെ ചെയ്യുന്ന തെററുകളെ അറിയാൻ വിട്ടുപോകുന്നു. മഹാന്മാരുടെ അനുസ്മരണം അവരുടെ പ്രത്യേക കഴിവുകളെ എടുത്തുകാട്ടേണ്ടവയായതിനാൽ നിസ്സംഗതയില്ലെങ്കിൽ അതിശയോക്തിപ്രവാഹം ചിലപ്പോൾ ഉദ്ദേശിക്കാത്ത വിപരീതഫലം ഉണ്ടാക്കാം.

'നവോത്ഥാനത്തിനു നാന്ദികുറിച്ച മഹാത്മൻ' എന്ന് കുഞ്ചൻ നമ്പ്യാരെക്കുറിച്ചുള്ള ലേഖനത്തിൽ (ഏക തത്ത്വ പുസ്തകം 7 ലക്കം 11 October 2017) പേജ് 24 ൽ കൊടുത്തത് നോക്കുക. 'കേരളത്തിൽ സ്ത്രീകളുടെ മോശപ്പെട്ട പ്രവൃത്തി കേരളത്തിൽ നിന്നു ഒഴിവായതു വലിയ ഒരു പരിവർത്തനമാണ്. ഇന്നു പാഞ്ചാലിമാർ ഇല്ല എന്നതിനു നമ്പ്യാരെ സ്തുതിക്കേണ്ടതാണ്.' ഈ പ്രസ്താവന തികച്ചും പരിഹാസയോഗ്യം (laughable) അല്ലേ? മഹാൻ എന്നു നിരൂപിക്കപ്പെട്ട ഒരു വ്യക്തിയെക്കുറിച്ചു, അന്ധമായ ആരാധനയുടെ ഇത്തരം ഉദാഹരണങ്ങൾ ഗുണത്തിനുപകരം ദോഷമല്ലേ ചെയ്യുക? (കേരളം പാഞ്ചാലിമാരുടെ സങ്കേതം ആയിരുന്നുവോ? നമ്പ്യാരുടെ തുള്ളൽ കഥകൾ കേട്ടാണോ അവർ 'മോശപ്പെട്ട പ്രവൃത്തി' കൈവെടിഞ്ഞത്?)

പുരാണങ്ങളിൽ അനേകം കെട്ടുകഥകൾ ഉണ്ട്. അവ നൂറ്റുക്കുനൂറു മാററമില്ലാത്ത വാസ്തവമല്ല. എന്നാൽ ഇത്തരം കഥകളുടെ മൂല ഉദ്ദേശം ഗ്രഹിക്കാതെ 'പൊടിപ്പും തൊങ്ങലും' മാത്രം കുത്തിപ്പുഴക്കി മുഷിച്ചുലുണ്ടാക്കുന്നതു തെറ്റല്ലെ?

ഭാഷയുടെ കാര്യം പറയുമ്പോൾ അതാതു കാലത്തു ആപ്രദേശത്തു പ്രചാരമുള്ള 'മലയാളത്തിന്റെ' കൂടെ, പാണ്ഡിത്യപ്രദർശനമോ, അല്ലെങ്കിൽ ഉദ്ദേശിച്ച ആശയത്തെ സ്പഷ്ടമാക്കാൻ, സംസ്കൃതം കലർത്തി 'മണിപ്രവാള അവിയൽ' ആയി ഉപയോഗിക്കുന്നതു സാധാരണമല്ലെ?

സാധാരണയായി ഓട്ടൻ തുള്ളൽ, ചാക്യാർകൂത്ത്, പലതര കഥാകാലക്ഷേപങ്ങൾ, മധ്യേന്ത്യയിലെ 'തീജൻ ബായിയുടെ' പാണ്ഡവാണി, അതുപോലെ ഇന്നത്തെ നാടകവേദി/TVയിലെ 'stand up comedy' എന്നിവക്കു ലിഖിതമായ script ഉണ്ടാവുന്നില്ല. കലാകാരന്റെ പാണ്ഡിത്യവും, വാക്ചാതുര്യവും, നാവിലെ സരസ്വതി വിലാസവും, സ്വാഭാവികമായ കമന്ററുകളും (spontaneous comments), എല്ലാം തന്നെ, ചിലപ്പോൾ ദർശകരെ ശാസിച്ചും പരിഹസിച്ചും ചിരിപ്പിക്കാനുള്ള ഇത്തരം കഴിവുകളും, വളരെ ഉല്ലേഖനീയം തന്നെ എന്നതിനു സംശയമില്ല.

ചെറുകിട കവികളും എഴുത്തുകാരും വികടകവികളും അന്നും ഇന്നും സാധാരണയായി കോടീശ്വരന്മാരല്ല. (harry potter നെ സൃഷ്ടിച്ച കോടീശ്വരി J.K.Rowling നെ പോലെ വളരെ ചില ഉദാഹരണങ്ങളെ ഒഴിച്ച്!) ഇവർക്കു നാടുവാഴികൾ, പ്രമുഖതറവാടുകൾ മുതലായവരുടെ രക്ഷാധികാരത്തിന് (patronage) ഇല്ലാതെ നിവൃത്തിയില്ല. ഇവർ തമ്മിൽ സ്പർദ്ധ, രസക്കേട്, മത്സരം എന്നിവയും പതിവാണ്.

കുഞ്ചൻ നമ്പ്യാരുടെ 'കോലദ്രപസ്യനഗരേ...... രാത്രയ: ശിവരാത്രയ:' പേജ് 22ൽ കൊടുത്തതിനു ലളിതഭാഷയിൽ വ്യാഖ്യാനം ചേർക്കാതെ, എന്നെപ്പോലെ സാധാരണ വായനക്കാർക്കു, നമ്പ്യാരുടെ പാണ്ഡിത്യവും ഫലിതവും, വാക്ചാതുര്യവും തെളിവാവുകയില്ല. അതുപോലെ കുഞ്ചൻ നമ്പ്യാരുടെ പേർ 'രാമപാണിവാദൻ' എന്ന് ഉള്ളൂർ പറഞ്ഞതായി കൊടുത്തതു അത്ര വിശ്വസനീയം ആണോ? അച്ഛൻ നമ്പ്യാർക്കു ക്ഷേത്രത്തിൽ എന്തോ ജോലി ഉണ്ടായിരുന്നു എന്നും എഴുതിയിരിക്കുന്നു. അതുപോലെ കുഞ്ചൻ എന്ന പേരിന്റെ വളച്ചുതിരിച്ചുള്ള വിശദീകരണം ഒരുപക്ഷെ ആവശ്യമുണ്ടായിരുന്നില്ല! ഞാൻ അറിയുന്ന ഒരു കുട്ടിക്കു തന്റെ അച്ഛനമ്മമാർ കുഞ്ചു, കുഞ്ചുമകൻ, കുഞ്ചപ്പൻ, കുഞ്ചാണ്ടി എന്നീ അരുമപ്പേരുകൾ കൊടുത്ത്, സ്നേഹവാൽസല്യത്തോടെ വിളിച്ചിരുന്നു... ഇതിനു ഒരു പ്രത്യേക വ്യാഖ്യാനം ആവശ്യമുണ്ടോ?

കുഞ്ചൻ നമ്പ്യാരെക്കുറിച്ച് മുമ്പ് ഐതീഹ്യമാലയിൽ വായിച്ച ചിലതിനെ താഴെ കൊടുക്കുന്നു.

(ഒരിക്കൽ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പേരിൽ മൂന്നു volume ആയി പിന്നെ എട്ട് volume ആയും പ്രകാശനം ചെയ്യപ്പെട്ട ശേഷം ഇന്ന് 'മാതൃഭൂമി' ഐതീഹ്യമാലയുടെ 10 സെന്റിമീററർ തടിയുള്ള ഇംഗ്ലീഷിൽ വിവർത്തിതമായ പുസ്തകത്തെ ഞാൻ കണ്ണോടിക്കുകയുണ്ടായി.)

ഒരിക്കൽ ചെമ്പകശ്ശേരി നാട്ടിൽ കേമമായ സദ്യക്കുശേഷം, അഭിനന്ദനം എന്ന നിലയിൽ ചൊല്ലിയ കവിതയെക്കുറിച്ചു, തിരിച്ചു പോയപ്പോൾ അവിടത്തെ നാടുവാഴി മുഷിച്ചിലോടെ പറഞ്ഞുവത്രെ. 'കുഞ്ചൻ രചിച്ച ഈ അഭിനന്ദനശ്ലോകം 'പത്രം എത്ര വിസ്തൃതം......'എന്നത് സദ്യയെ പോലെ തന്നെ കേമം, അല്ലെ?' നമ്പ്യാർ മറുപടികൊടുത്തു, "ക്ഷമിക്കണം തമ്പുരാനെ! പദം മുറിച്ചതിലും ഉച്ചാരണത്തിലുമാണ് കോട്ടം. ഞാൻ വ്യക്തമാക്കാം. പത്രം എത്ര അവിസ്തൃതം (ചെറുത്!), തുമ്പമലർ തോറ്റോടീടിനോരന്നവും (വെള്ള തുമ്പപ്പൂവിനെ കണ്ടു തോറ്റോടിയ ചോറും!), പുത്തൻനൈ കനിയ, (നെയ്യു വെച്ചു <u>പഴകിയതു</u>), പഴുത്തപഴം <u>കാളി</u> (അളിഞ്ഞത്!), പഴങ്കാളനും... ചെമ്മെ ചെമ്പകനാട്ടിൽ മുട്ടാതെ കിട്ടും നൃണം (വായിലിട്ടത് വയറെത്താൻ കൂടി ഇല്ല!) ചെമ്പകശ്ശരിയിൽ ധരിച്ച വ്യാഖ്യാനം ഇതാണ്. "പത്ര എത്ര വിസ്തൃതം (വലുത്); തുമ്പമലർ, വിളമ്പിയ ചോറിനെക്കണ്ടു തോറ്റോടി; പുത്തൻ നെയ്യ്; കനിയ പഴുത്തപഴം; കാളിപ്പഴം; കാളനും; ചെമ്പക നാട്ടിൽ 'മുട്ടാതെ' (ഒരു തടസ്സമില്ലാതെ) കിട്ടും!.

ശുദ്ധമലയാള സ്നേഹത്തിന്നുദാഹരണമായി ഒരു സംഭവം (കാല്പനികമാവാം!). അഴകുള്ള സ്ത്രീകളെ കണ്ടു 'കമ്മന്റ്' അടിക്കുന്നത് പുതിയതൊന്നുമല്ല. ഒരിക്കൽ നമ്പ്യാരും അമ്പലവാസി മിത്രം വാര്യരും കുളിക്കാൻ ചെല്ലുമ്പോൾ തറവാട്ടുകാരി ഒരു യുവതിയും തോഴിയുടെ കൂടെ പോകുന്നതു കണ്ടു. കുളത്തിൽ കുളിക്കുമ്പോൾ വീണുപോകാതിരിക്കാൻ സ്വർണ്ണാഭരണത്തെ ഊരിവെച്ചു. കാതിലെ തുള തൂരാതിരിക്കാൻ കാതിൽ ഓല തിരുകിയിരുന്നു. തേച്ച എണ്ണ കളയാൻ കൈയ്യിൽ ചതച്ച താളി തോഴിയുടെ കൈയ്യിൽ ഉണ്ടായിരുന്നു. വാര്യർ പറഞ്ഞു 'കാതിലോല.' (സംസ്കൃതത്തിൽ 'കാ അതിലോല'- അവരിൽ ആരാണ് അധികം ഭംഗിയുള്ളവൾ എന്ന്. ഉടനെ നമ്പ്യാർ പറഞ്ഞു 'നല്ലതാളി' (മലയാളത്തിൽ, നല്ലതു ആളി- തോഴി എന്ന്). ഈ സംഭവത്തെപ്പററി ലേഖകൻ കുറിച്ചതാണ് 'വാര്യരുടെ കരി കലക്കിയ കുളത്തിന്, നമ്പ്യാരുടെ കളഭം കലക്കിയ കുളം എന്നത് കേമമായ മറുപടിയായി! സംസ്കൃതത്തിൽ കരി എന്നും മലയാളത്തിൽ കളഭം എന്നും ആനയെയാണു സൂചിപ്പിക്കുന്നത്.

വേറൊരു സംഭവം (ഒരു പക്ഷെ ഇതും കാല്പനികം!) ക്ഷേത്രങ്ങളിൽ, ഉയർന്ന നില സംസ്കൃത പണ്ഡിതനും കലാകാരനുമായ ചാക്യാർ, സംസ്കൃത ശ്ലോകങ്ങളും അവയുടെ വ്യാഖ്യാനങ്ങളുമടങ്ങിയ 'ചാക്യാർകൂത്ത് അവതരിപ്പിക്കാൻ കൂത്തമ്പലം എന്നിവ ഉണ്ടായിരുന്നു. കാണികൾ/ശ്രോതാക്കൾക്ക് ഇരുന്നു ആസ്വദിക്കാൻ സൗകര്യവുമുണ്ടായിരുന്നു. 'വിപ്ലവകാരി' എന്നുകരുതാവുന്ന നമ്പ്യാരുടെ തുള്ളലിലെ അനുമതി കൂത്തമ്പലത്തിന് പുറത്തായിരുന്നു. ഇത് നമ്പ്യാർക്ക് ഒട്ടും രസിച്ചില്ല. അതിനാൽ ചാക്യാരുടെ ഉഗ്രനായ പ്രദർശനം നടക്കുമ്പോൾ കൂത്തമ്പലത്തിനുതൊട്ടുപുറത്തു, വേഷമണിഞ്ഞിരുന്ന നമ്പ്യാർ വളരെ ഉച്ചത്തിൽ "അയ്യോ, അടിക്കുന്നേ, കൊല്ലുന്നേ, ക്ഷമിക്കണമേ!" എന്നു ബഹളമുണ്ടാക്കി. കൂത്തമ്പലത്തിലെ കാണികൾ എഴുന്നേററു നമ്പ്യാരുടെ അടുക്കൽ അന്വേഷിക്കാൻ എത്തി. കൂത്തു മുടങ്ങി. നമ്പ്യാരാകട്ടെ തുടർന്നുകൊണ്ട് "... അയ്യോ, കൊല്ലുന്നേ! എന്നു നിലവിളിച്ചു കൊണ്ട്... അവൻ ഒരോട്ടം കൊടുത്തു" എന്നു പറഞ്ഞ് ഓടിപ്പായി!

പായസത്തിന്റേയും നമ്പിയുടെയും കഥകൾ ഏക തത്ത്വ പുസ്തകം 8 ലക്കം 1 പേജ് 37ൽ ജയൻ കൊടുത്തതിനെ ഇവിടെ ആവർത്തിക്കുന്നില്ല. ലക്ഷ്മിക്കുട്ടി ചെറായയുടെ ലേഖനം മനസ്സ്- 'എവിടെയാണ് മനസ്സ്?' പുസ്തകം 7 ലക്കം 12 December 2017 എന്നതിനെക്കുറിച്ച് ചില വരികൾ താഴെ ചേർക്കുന്നു. ക്ഷോഭിക്കാതെ, നിസ്സംഗതയോടെ, നിസ്പക്ഷതയോടെ പരിശോധിക്കാൻ അപേക്ഷ.

**Note:**

കൂടെക്കൂടെ സ്പഷ്ടമാക്കുന്നതിനെ-അതായതു എന്റെ ഇത്തരം ശ്രമം ആരേയും താഴ്ത്തിക്കാട്ടാനോ, പരിഹസിക്കാനോ, പുച്ഛിക്കാനോ അല്ല- എന്നതിനെ സകാരാത്മകമായി സ്വീകരിക്കാനപേക്ഷ. അസ്പഷ്ട /നിഗൂഢ/ അഗോചര സങ്കല്പങ്ങളെ, എന്നെത്തന്നെ മനസ്സിലാക്കിക്കാൻ, ഇതു ഒരു ശ്രമമാണ്.

കഠോപനിഷത്തിൽ, യമൻ നചികേതസ്സിനായി മനുഷ്യനെക്കുറിച്ചു വ്യാഖ്യാനിച്ചു നൽകുമ്പോൾ മനുഷ്യന്റെ ദേഹം രഥം പോലെയാണ് എന്ന് ഉപമിച്ചിരിക്കുന്നു. അതിന്റെ തേരാളി വിവേചന ശക്തിയുള്ള ബുദ്ധിയും, അഞ്ചു കുതിരകൾ പഞ്ചേന്ദ്രിയങ്ങളും അവയെ നിയന്ത്രിക്കുന്ന കടിഞ്ഞാൺ മനുഷ്യന്റെ മനസ്സും. ഇതെല്ലാററിന്റേയും ഉടമസ്ഥനും ഇതിലെ സഞ്ചാരിയും ആണ് ആത്മാവും വിവേകക്കുറവിനാൽ നമ്മുടെ ബുദ്ധി, മനസ്സിലൂടെ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രണമില്ലാതെ, സ്വാർത്ഥപരതയോടുള്ള ആഗ്രഹങ്ങളെ പിന്തുടരുവാൻ വിട്ടാൽ, മനുഷ്യൻ സുഖം/ദുഃഖം എന്നിവ അനുഭവിക്കുന്നു. അതിനാൽ മനസ്സ് എന്നത് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്ന വിധി (വഴി)യാണ്.

ബുദ്ധൻ തന്റെ "ധമ്മപദ' എന്ന കൃതി തുടങ്ങുന്നത് ഈ രണ്ടു ശ്ലോകങ്ങൾ കൊണ്ടാണ്. മനുഷ്യൻ തന്റെ വ്യാപ്തമായ മനസ്സിനാൽ രൂപീകരിക്കപ്പെട്ട, നയിക്കപ്പെട്ട ഒന്നാണ്. കളങ്കിത മനസ്സിനാൽ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ആയാൽ ദുഃഖം എന്നത്, വണ്ടിച്ചക്രം കാളയെ എന്നതുപോലെ പിന്തുടർന്ന് ചെല്ലുന്നു. രണ്ടാം ശ്ലോകം അതേപോലെ വ്യാപ്തമായ മനസ്സിനാൽ വാർത്തെടുക്കപ്പെടുന്ന മനുഷ്യൻ, പ്രസന്ന മനസ്സിനാൽ സംസാരിക്കുകയോ പ്രവൃത്തിക്കുന്നതോ ആയ പക്ഷം, സുഖം എന്നതു ഒരിക്കലും വേർപെടുത്താൻ കഴിയാത്ത നിഴലിനെപ്പോലെ കൂടെ ചെന്നു കൊണ്ടിരിക്കുന്നു എന്നു വ്യക്തമാക്കുന്നു.

ഭഗവദ്ഗീത (അധ്യായം VI ശ്ലോകം 34 ഉം 35 ഉം) കുറിക്കുന്നതു മനസ്സു ചഞ്ചലവും, ഉൻമത്തനും (പ്രാന്തു പോലെ!), ദൃഢ വാശിയുള്ളതും ആയതുകാരണം തുടർന്നുള്ള ശ്രമത്താലും, നിസ്സംഗതയാലും, നിയന്ത്രിക്കാൻ കഴിയുന്ന ഒന്നാണ് എന്ന് ശ്രീകൃഷ്ണൻ അർജ്ജുനന് ഉപദേശിക്കുന്നു.

ഒരുപക്ഷെ എക്കണത്ത് ഈശ്വരൻ തന്റെ ബഹുമൂല്യ രചനകളിൽ കൊടുത്ത വ്യാഖ്യാനമാണ് ഏറ്റവും ഉചിതം. പഞ്ചേന്ദ്രിയങ്ങളിൽ നിന്നും ലഭിക്കുന്ന സൂചനകളെ, അതുവരെ കിട്ടിയ അറിവു /സൂചന പ്രകാരം നമുക്ക് വ്യാഖ്യാനിച്ചു തരുന്ന പ്രകിയയാണ് (process) മനസ്സ്. എന്നാൽ ഇങ്ങനെ ലഭിക്കുന്ന സൂചനകൾ പ്രകാരം തുടർന്നുമാറിക്കൊണ്ടിരിക്കുന്ന, വിവേചനശക്തി കുറഞ്ഞ ഈ മനസ്സിനാൽ നാം 'കുരങ്ങു കളിപ്പിക്കപ്പെടുന്നു' ലേഖിക തുടക്കത്തിൽ കുറിച്ചതാണ്, മുമ്പ് മനസ്സ് ഹൃദയത്തിലാണ് എന്നുകരുതപ്പെട്ടിരുന്നു എന്നും ഈ ഹൃദയവും തന്നെ ഒരു കാല്പനിക സൃഷ്ടിയായിരുന്നു! (ഈ ഹൃദയം എവിടെയാണ്??) ശാസ്ത്രം തെളിയിച്ചതു ഹൃദയം എന്നതു മലിനരക്തത്തെ ശുദ്ധീകരിക്കാൻ ശ്വാസകോശത്തിലേയ്ക്ക് അയക്കുവാനും ശുദ്ധീകരിക്കപ്പെട്ട രക്തത്തെ pump ചെയ്തു ദേഹമാസകലം എത്തിക്കുവാനും ആവശ്യമായ ഒരു ഉപകരണം (device) ആണെന്നാണ്. മനസ്സ് എന്നതു എന്താണ് എന്നു സ്പഷ്ടീകരിക്കാൻ ശ്രമിക്കുന്നതിനുമുമ്പു തന്നെ 'ഉപബോധ മനസ്സ്' എന്ന അത്രയും തന്നെ അവ്യക്ത സങ്കല്പത്തെ അവതരിപ്പിച്ചിരിക്കുന്നത് വായനക്കാർക്കു കൂടുതൽ ചിന്താകുഴപ്പം (confusion) അല്ലെയുണ്ടാക്കുക?

ശാസ്ത്രീയ ഗവേഷണങ്ങൾ മൂലം തെളിവാക്കിവരുന്നതു മനുഷ്യന്റെ ബുദ്ധി (തലച്ചോറ്!) യുടെ ഘടനയും പ്രവർത്തനവുമാണ്. കണ്ടുപിടിത്തങ്ങളും നിർമ്മാണവും ബുദ്ധിയുടെ പ്രയോഗത്താലല്ലെ? Wright സഹോദരർ ബുദ്ധി ഉപയോഗിച്ചു ചെയ്തുപഠിച്ചതോടെ, ഒരുവിമാനം ഉണ്ടാക്കിയെടുത്തു.

അഗോചര/നിഗൂഢ/അസ്പഷ്ട സങ്കൽപങ്ങളായ മനസ്സ് /ഉപബോധ മനസ്സ് എന്നിവയെക്കുറിച്ചു ശഠിച്ച് എഴുതിയത് ഒഴിവാക്കാമായിരുന്നു!

**ഒരു മുഖ്യകുറിപ്പ്**

ഈ ലേഖനം നമ്മുടെ വിശ്വാസങ്ങളോടും അഭിപ്രായങ്ങളോടും നിസ്സംഗത (പാശമില്ലായ്മ) പാലിക്കാൻ അഭ്യർത്ഥനയാണ്. ഭിന്നമായ അഭിപ്രായങ്ങളെ നിസ്സംഗതയോടെ പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. ഇതേപ്രകാരം ജീവിതത്തിൽ അന്യ ജീവജാലത്തോടും സ്നേഹബന്ധം അനിവാര്യമാണെങ്കിലും നിസ്സംഗത (പാശമില്ലായ്മ) അത്രയും മുഖ്യമാണ്. സ്നേഹം എന്നത് ത്യാഗം കലർന്ന ഒന്നാണ്. മറിച്ച് പാശം എന്നത് സ്വാർത്ഥപരതയെയാണ് സൂചിപ്പിക്കുന്നത്!. നിഗൂഢ കാര്യങ്ങളെക്കുറിച്ചു ഗാഢമായി ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. ഇതിന് വ്യർത്ഥമായോ വിപരീതമായോ ഫലം ഇല്ല. (ഗീത 2 ശ്ലോകം 40). ഗാന്ധിജിയുടെ 'Full effort is full vicory' സൂചിപ്പിക്കുന്നതും ഇതുതന്നെ.

3. ഗുരുവചനം $E=mc^2$. ചില ചിന്തകൾ (പുസ്തകം 8 ലക്കം Dec 2017)

മേലെ കൊടുത്ത സമവാക്യം (equation) സുമാർ 100-150 വർഷങ്ങൾ മുമ്പ്, ഗാഢമായ ചിന്തനം, ഗവേഷണം എന്നിവയുടെ ഫലമായി ഭൗതികശാസ്ത്രവിദഗ്ധനായ Einstein കണ്ടുപിടിച്ചു പ്രഖ്യാപിച്ച ഒന്നാണ്. ഭൗതികവിജ്ഞാനശാസ്ത്രം ഇന്നത്തെ അളവിൽ പ്രഗതി ചെയ്തു വികസിക്കുന്നതിനുമുമ്പുവരെ, ശാസ്ത്രജ്ഞന്മാരും വൈജ്ഞാനികരും വിശ്വസിച്ചു മാനിച്ച സത്യമായിരുന്നു 'Energy can neither be created nor destroyed, but can be converted from one form to another'. (ഊർജ്ജം - കാര്യക്ഷമത, അതായതു പ്രവൃത്തി ചെയ്യുവാനുള്ള കഴിവു - പുതുതായി സൃഷ്ടിക്കാനോ പൂർണ്ണമായി നശിപ്പിക്കാനോ സാധ്യമല്ല. ഊർജ്ജത്തെ രൂപാന്തരപ്പെടുത്താം - ആ കൃതി/പ്രകൃതി മാറ്റു ചെയ്യുവാൻ കഴിയും) നമ്മളറിയുന്ന ഇന്ധനം വിറക്, കരി, പെട്രോളിയം എന്നിവയിലെ രാസായനിക (chemical) ഊർജ്ജത്തെ ഉഷ്ണം (heat), വൈദ്യുതി (electrical), യാന്ത്രിക (mechanical) ഊർജ്ജമായി മാറ്റാം. വെള്ളത്തെ തണുപ്പിച്ച് ice ആക്കാം, തിളപ്പിച്ചു ബാഷ്പം ആക്കാം. ഇത്തരം മാറ്റങ്ങൾ chemical ഓ physical ഓ ആണ്. ശാസ്ത്രജ്ഞന്മാർ ഗവേഷണത്താൽ രൂപാന്തരപ്പെടുമ്പോൾ തമ്മിലുള്ള ബന്ധത്തിന്റെ നിരക്കു (exchange rate) നിർണ്ണയിച്ച് ഇത്തരം ഓരോ മാറ്റം നടത്തുമ്പോൾ ഊർജ്ജത്തിന്റെ ഗണ്യമായ ഒരു പങ്ക്, എളുപ്പത്തിൽ തിരിച്ചുകിട്ടാൻ കഴിയാത്തവിധത്തിൽ പരിസര/അന്തരീക്ഷത്തിൽ ലയിക്കുന്നു എന്നും സ്ഥാപിച്ചു. ഇതുകാരണം വൈജ്ഞാനികരുടെ പൂർണ്ണശ്രദ്ധ ഊർജ്ജത്തിന്റെ കാര്യക്ഷമതയുടെ അളവു (conversion

efficiency) ഉയർത്താനായിരുന്നു (നഷ്ടം ചുരുക്കാൻ!). പര്യാവരണത്തിൽ താപമാനവർദ്ധന തടയുന്നതും ഒരു മുഖ്യ ആവശ്യമായിരുന്നു.

Einstein പ്രഖ്യാപിച്ചതനുസരിച്ചു വസ്തു/ദ്രവ്യത്തെ തീരെ നശിപ്പിക്കുന്ന പക്ഷം അപ്രതീക്ഷിത അധിക അളവിൽ ഊർജ്ജം ലഭ്യമാക്കാം. ഇതറിഞ്ഞു നടത്തിയ ഗവേഷണ/നിർമ്മാണമാണ് atom bomb (fission-അന്നു വിച്ഛേദനത്താൽ), hydrogen bomb (fusion അണു ഏകീകരണത്താൽ), nuclear power generation (ആണവ വൈദ്യുതി ഉത്പാദനം) എന്നിവയെ സാധിപ്പിച്ചത്.

$$E=mc^2$$

E(ഊർജ്ജം)= m (വസ്തു/ ദ്രവ്യത്തിന്റെ 'അളവു') x speed of light rays പ്രകാശരശ്മികളുടെ വേഗത ഈ രശ്മികളുടെ അതേ വേഗത.

വസ്തു/ദ്രവ്യത്തിന്റെ 'അളവു' എന്നുകൊടുത്തതിന്റെ കാരണമാണ് ഇതിന്റെ തൂക്കം/ഘനം എന്നുള്ളതു ഭൂമിയുടെ ധ്രുവാകർഷണത്താൽ നാം അനുഭവിക്കുന്നതാണ്. ഈ തൂക്കം ഭൂമിയുടെ പല സ്ഥലത്തും, ആകാശത്തും, അന്തരീക്ഷത്തിലും ഭിന്നമാണ്. പ്രകാശരശ്മിയുടെ വേഗത 1,86,000 മൈൽ പ്രതി മണിക്കൂർ ആയതിനാൽ തുച്ഛമായ അളവിൽ പോലും ഉള്ള ദ്രവ്യത്തിന്റെ പൂർണ്ണവിനാശത്താൽ ലഭിക്കാവുന്ന ഊർജ്ജം അതിവിസ്മയജനകമായ അധിക അളവിൽ ഉണ്ടാവുന്നു!. ഇതിനാൽ മുൻകരുതൽ, സുരക്ഷാ നടപടികൾ എല്ലാം അനിവാര്യമാണ് വിനാശത്തെ തടയാൻ!

**മറ്റൊരു അതിമുഖ്യതാക്കീത്/ ചേതാവനി/മുന്നറിയിപ്പ്**

വസ്തു/ദ്രവ്യ മേഖലയിൽ തികച്ചും ബാധകമായ ഈ നിയമം ആത്മീയ/ആന്തരിക/മാനസിക ക്ഷേത്രത്തിലും പ്രാവർത്തികം എന്നു വിശ്വസിക്കുന്നത് വളരെ വളരെ സൂക്ഷിച്ചിട്ടുവേണം. ഇതു അത്യധികം ചിന്താകുഴപ്പത്തെ സൃഷ്ടിക്കുന്നതിനുപുറമെ തികച്ചും അപകടം നിറഞ്ഞതാണ്! ഈ ക്ഷേത്രത്തിൽ 'ഇത്രയ്ക്കിത്ര' എന്ന exchange rate ഇല്ല!! സാമഗ്രികൾക്ക് വിലയിടാം. സുവിധകൾക്കും തന്നെ (നല്ല പാത, സമനിരപ്പാക്കിയ പറമ്പ്, കുടിവെള്ളം, വെളിച്ച സുവിധ) വില നിശ്ചയിക്കാം. ശരീരത്തിന്റെ കാര്യത്തിൽ തന്നെ (കണ്ണ്, മൂക്ക്, കാത്, കാൽ, കൈ എന്നിവയ്ക്കു) വിലയിടാൻ ബുദ്ധിമുട്ടുള്ളപ്പോൾ, വിജയം, തോൽവി, ജനനം, മരണം എന്നിവക്കു exchange rate സാധ്യമാണോ?

ദൈവത്തോടു ആത്മാർത്ഥപ്രാർത്ഥന എന്നത് വ്യാപാരമല്ല, ഒന്ന് കൊടുത്ത് ഒന്ന് വാങ്ങാൻ! ഉള്ളഴിഞ്ഞ പ്രാർത്ഥനയാണ് എല്ലാ കഴിവുകളേയും ചിന്തകളേയും ഏകീകരിച്ചുള്ള നമ്മുടെ ശ്രമം. സർവ്വജ്ഞന് നമ്മുടെ ആവശ്യങ്ങളെ അറിയിച്ചു രശീതി വാങ്ങേണ്ട ആവശ്യമുണ്ടാ? സ്നേഹം എന്നത് ത്യാഗം നിറഞ്ഞ ഒന്നാണ്.

'ഒരു പരിധിക്കപ്പുറം ആരേയും ആശ്രയിക്കരുത്' എന്ന് എഴുതിയതു വളരെ ശരിയാണ്. സരള ജീവിതരീതി കൈക്കൊണ്ട് ആവശ്യങ്ങളെ ചുരുക്കിയാൽ ഫലം തീർച്ചയായും കിട്ടും. 'പോരാ പോരാ' എന്നു നാം പരസ്യങ്ങളാൽ വ്യതിചലിക്കപ്പെട്ട് 'നട്ടം തിരിയുന്നതല്ലെ' എല്ലാ കഷ്ടങ്ങൾക്കും കാരണം? സമൂഹജീവിയായ നാം എല്ലാവരോടും സഹകരിച്ച് പരിസരത്തിൽ സ്വർഗ്ഗത്തെ സൃഷ്ടിക്കാം.

'Balance' എന്ന് ഗുരു കുറിച്ചതിന്റെ ആവശ്യം നമ്മളേവർക്കുമാണ്. അതിന് നമ്മൾ തന്നെ ശ്രമിക്കണം. പുറമെ ആരേയും ആശ്രയിച്ചോ, പ്രതീക്ഷിച്ചോ അല്ല. 'പുളപ്പിലും' ഉത്തേജനത്തിലും ദൈവത്തെ മറന്ന് സങ്കടത്തിൽ മാത്രം ദൈവത്തെ സമീപിക്കാൻ ശ്രമിച്ചാൽ നിരാശ തീർച്ചയല്ലെ?

●




കെ. എം. മാത്തൂർ
9846466729



# അയലൻ കുർദി

ആഴിതന്നരുമയായ്
വന്നണഞ്ഞു നീ
ഭൂമിതൻ മാറിടത്തിൽ
ഉദയസൂര്യന്റെ
കൗലൂപാകുമി
ഇളവെയിൽക്കുപ്പായ-
മണിഞ്ഞുകിടന്നു നീ
തിരമാലതൻനൃത്തച്ചുവടിൽ
മാഞ്ഞുപോകട്ടെ
നിൻപിഞ്ചു കാലടി
പാടുകൾ
നീയുണർന്നുവേണമെന്നിൽ
ചുരത്തുമിയമൃതൂട്ടുവാൻ
എഴുന്നേൽക്കുക
അയലൻ
ദൂരമേറെതാണ്ടിവേണം
നമ്മുക്കഭയമുള്ള
താവളമെത്തുവാൻ
ആട്ടിയോട്ടിക്കപ്പെട്ടവർ-
തൻവഴികളിൽ
സ്നേഹമാംപൂക്കൾ
വിരിഞ്ഞുകിടക്കില്ല
കിരാതവേഷംപൂണ്ട-
വർതൻതാണ്ഡവം
നമ്മിലെരോദനം
ഇരുളിലെ കയങ്ങളിൽ
വലിച്ചെറിയപ്പെടും
പുതുലോകം തീർക്കുവാ-
നായിപുറപ്പെടാമുണ്ണി
എഴുന്നേല്ക്കുക അയലൻ
നിന്റെയിശയനമോരോ-
ഹൃത്തിലും നോവായിനിറയുന്നു
മഴവില്ലഴകിൽ വിരിയുമ-
വർണ്ണങ്ങളിൽ പറന്നീടാൻ
ഒരു പൂമ്പാറ്റയായ് നീമാറുക
ചുവന്ന പ്രതീക്ഷതന്നാകാശം
വിടരുമ്പോഴേക്കുമീ
നീ എഴുന്നേല്ക്കുക
ഏകനായ് യാത്ര തുടരുക
സാക്ഷിയായ് ജ്വലിക്കട്ടെ
സൂര്യചന്ദ്ര നക്ഷത്രമണ്ഡലം
ശുഭം

# വെളിച്ചമേ നയിച്ചാലും



**എടപ്പാൾ സി. സുബ്രഹ്മണ്യൻ**
9446472231

**ഈ** പ്രഭാതത്തിൽ പ്രകാശത്തെക്കുറിച്ച് ചിന്തിക്കാം. പ്രഭാതം എന്ന് ചിന്തിക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് പ്രകാശമാണ്. ഇരുട്ടിന്റെ മറകൾക്കും മലകൾക്കും അപ്പുറത്തുനിന്ന് എത്തിനോക്കുന്ന ചുവന്നുതുടുത്ത സൂര്യബിംബം. കരിക്കുവെട്ടുമ്പോൾ ചീറ്റിത്തെറിക്കുന്ന വെള്ളമെന്ന് പി. കുഞ്ഞിരാമൻ നായർ.

ഇരുട്ടെങ്ങുപോയ് എങ്ങുപോയ്
പായയെല്ലാം ചുരുട്ടുന്നു
ചുറ്റും വെളിച്ചം വെളിച്ചം
- എന്ന് എം. എൻ. പാലൂർ

പ്രിയതമേ പ്രഭാതമേ
വിരിഞ്ഞുനിന്നെ നോക്കിടുന്ന
പൂവുകൾക്കുദാര ശോഭ
ചൊരിയുവാനൊരുങ്ങി വരും,
വൈഭവപ്രവാഹമേ
പ്രിയതമേ പ്രഭാതമേ
- എന്ന് അയ്യപ്പപ്പണിക്കർ.

വെളിച്ചമെന്നത് വെറും വെളിച്ചമല്ലെന്ന് എല്ലാവർക്കും അറിയാം.

അസതോമ സദ്ഗമയ
തമസോമ ജ്യോതിർഗമയ
മൃത്യോർമ അമൃതംഗമയ
എന്നത് നമ്മുടെ മന്ത്രമാണല്ലോ.

വെളിച്ചം അറിവാണെന്ന് പണ്ടേ പറഞ്ഞിട്ടുണ്ട്.

പുറംകണ്ണു തുറപ്പിപ്പു
പുലർ വേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം,
എന്നതും
പുറത്തിരുട്ടകറ്റുവാൻ
കൊളുത്തണം വിളക്കുനാം
അകത്തിരുട്ടകറ്റുവാൻ
അക്ഷരം പഠിക്കണം - എന്നതും
ഇതിന്റെ വിളംബരമാണ്.

വിളക്കു കൈവശമുള്ളവനെന്നും
വിശ്വം ദീപമയം
- എന്നാകുമ്പോഴേക്കും വെളിച്ചം അറിവിൽ നിന്നുമുയർന്ന് നന്മയിലേക്കും ഹൃദയവിശുദ്ധിയിലേക്കും വളരുന്നതുകാണാം.

എനിക്ക് രസമീ നിമ്നോന്നതമാം
വഴിക്ക് തേരുരുൾ പായിക്കൽ
ഇതേതിരുൾക്കുഴി മേലുരുളട്ടെ
വിടില്ല ഞാനീ രശ്മികളെ.

എന്ന് ഇടശ്ശേരി പാടുമ്പോൾ മനുഷ്യന്റെ ലക്ഷ്യബോധത്തിലേക്കും ഇച്ഛാശക്തിയിലേക്കും വെളിച്ചം വെളിച്ചപ്പെടുന്നുണ്ട്.

അടുത്തടിവെച്ചു തൊടുവാൻ
നോക്കുമ്പോളകലേക്കു പായും
വെളിച്ചമേ നിന്നെ
ശരിക്കു സാത്വിക ക്കറുക
നൽകി ഞാൻ
മെരുക്കുവാൻ നോക്കും
മരിക്കുവോളവും.

എന്നിടത്തെത്തുമ്പോൾ സമർപ്പണത്തിന്റേയും ആത്മാർപ്പണത്തിന്റേയും ഉത്തുംഗതയിൽ അത് വിരാജിക്കുന്നു.

പ്രകാശത്തിന്റെ ശാസ്ത്രീയതയിലേക്ക് ടോർച്ചടിക്കുമ്പോൾ കാണുന്നത് പ്രകാശമില്ലെങ്കിൽ നമ്മളുമില്ല എന്നതാണ്, കാരണം ഭക്ഷണം ഉൽപ്പാദിപ്പിക്കുന്നത് സസ്യങ്ങളാണ്. പ്രകാശ സംശ്ലേഷണം വഴിയാണ് സസ്യങ്ങൾ അത് ചെയ്യുന്നത്. പ്രകാശമില്ലെങ്കിൽ നമ്മൾ പട്ടിണി. നമ്മൾ മാത്രമല്ല, എല്ലാ ജീവജാലങ്ങളും പ്രകാശമില്ലെങ്കിൽ ഊർജ്ജം കിട്ടാതെ ഊർദ്ധശ്വാസം വലിക്കുമെന്നർത്ഥം.

ചുറ്റുമുള്ള പ്രകൃതിയെ മനസ്സിലാക്കുന്നത് മുഖ്യമായും പ്രകാശം വഴിയാണ്. മനുഷ്യന് അഞ്ച് ഇന്ദ്രിയങ്ങളുണ്ടെന്നത് ശരി തന്നെ. പക്ഷേ അതിൽ നാലും തൊട്ടടുത്തുള്ള വസ്തുക്കളെ മാത്രമേ തിരിച്ചറിയൂ. തൊലിക്കു തൊട്ടാലേ അറിയൂ. നാവിന് രുചി അറിയാനും തൊടുക തന്നെ വേണം. ചെവിക്ക് കുറച്ചകലെ വരെ കേൾക്കാം. മൂക്കും അതുപോലെ കുറച്ച് അകലെ വരെയുള്ള വസ്തുക്കളെ മണത്തറിയാം. എന്നാൽ കണ്ണിന് ഇത്തരം പരിമിതികൾ അധികമില്ല. വിദൂര നക്ഷത്രങ്ങളെ കാണാം. വെറും കണ്ണുകൊണ്ട് കാണാൻ പറ്റാത്തവയെ ടെലിസ്കോപ്പിലൂടേയും അതിസൂക്ഷ്മ കണികകളെ മൈക്രോസ്കോപ്പിലൂടേയും കാണാം.

ഏതൊന്നിന്റേയും മൂല്യമളക്കാനുള്ള ഉപാധിയായും ഉരകല്ലായും വെളിച്ചത്തെ ഉപയോഗപ്പെടുത്താറുണ്ട്. ഒരുസാഹിത്യ സൃഷ്ടി മേന്മയുള്ളതാണോ എന്ന് പരിശോധിക്കുവാൻ അതെത്രമാത്രം വെളിച്ചം തരുന്നു എന്ന് നോക്കിയാൽ മതി. അത് പ്രസരിപ്പിക്കുന്ന പ്രകാശമാണതിന്റെ മൂല്യം. കഥയായാലും കവിതയായാലും നാടകമായാലും ലേഖനമായാലും വായനക്കാരന്റെ മനസ്സിൽ ഒരു തുള്ളി വെളിച്ചമെങ്കിലും കടത്തിവിടണം. ഒരു ചിത്രം കാണുമ്പോൾ ഒരു സിനിമ ആസ്വദിക്കുമ്പോൾ ഒരു സംഗീതം കേൾക്കുമ്പോൾ നാം തിരയുന്നത് ആ വെളിച്ചമാണ്.

ഒരു വ്യക്തിയുടെ മൂല്യവും മറ്റൊന്നല്ല. ഒരു ജന്മം സഫലമായോ എന്ന് പരിശോധിക്കാനുള്ള മാനദണ്ഡവും ഇതുതന്നെ. ഗാന്ധിജിയും ലിങ്കനും മണ്ടേലയും രാഷ്ട്രങ്ങൾക്ക് വെളിച്ചം പകർന്നു. അദ്ധ്യാപകർ ക്ലാസ്സുമുറിക

ളിൽ വെളിച്ചം ചൊരിയുന്നു. ഏതൊരാൾക്കും തനിക്കാകുംവിധം വെളിച്ചം കൊടുക്കാൻ കഴിയും. അയാളുടെ ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ എല്ലാം ഇതിന്റെ സന്ദേശവാഹകരാണ്.


വെളിച്ചം ദുഃഖമാണുണ്ണി എന്ന് കവി പാടുമ്പോഴും ദുഃഖം വെളിച്ചമാണെന്ന തിരിച്ചറിവാണ് ഉള്ളിൽ എന്ന് കാണാൻ പ്രയാസമില്ല. അതുകൊണ്ടാണല്ലോ -

ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ
പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിൽ
ആയിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുണ്ടാവുന്നു
നിത്യ നിർമ്മല പൗർണ്ണമി

എന്ന് അക്കിത്തം ഉറക്കെ പാടിയത്. സൂര്യനുമാത്രമല്ല, മിന്നാമിനുങ്ങിനും വെട്ടം പകരാൻ കഴിയുമെന്ന ചിന്ത കൊണ്ട് മനസ്സിൽ തീപ്പൂട്ടി ഈ പ്രഭാതം സമാരംഭിക്കാം.

---

# ഒരു വിളംബകാലചിന്ത



**പ്രൊഫ. കെ. ശശികുമാർ**
**0492 3222081**

പണ്ട് ഒരു ഭരണാധിപന്റെ അധികാരം ഒരു പുണ്യാശ്രമത്തിന്റെ പ്രശാന്തതയിലും പരിശുദ്ധിയിലും ആക്രമണോത്സുകമായപ്പോൾ, അന്തേവാസികളായ രണ്ടു മുനികുമാരന്മാർ മഹാരാജാവിനെ നോക്കി ഇങ്ങനെ പറഞ്ഞു : 'ആശ്രമമൃഗോയം ന ഹന്തവ്യം ന ഹന്തവ്യം ഇവ ആശ്രമമൃഗങ്ങളാകുന്നു, കൊല്ലരുത് കൊല്ലരുത് കീഴ്പ്പെടുത്താനും കശക്കിയെറിയാനും കഴുത്തുവെട്ടാനുമുള്ളതല്ല കണ്വാശ്രമത്തിലെ ജീവജാലങ്ങളെന്ന് ദുഷ്യന്തമഹാരാജാവിനെ ഒരു താക്കീതായി ഓർമ്മപ്പെടുത്തുകയാണ് കാളിദാസ മഹാകവിയുടെ അഭിജ്ഞാനശാകുന്തളം നാടകത്തിലെ മുനികുമാരന്മാരായ ശാർങ്ഗരവനും ശാരദ്വതനും.

അധികാരമോഹിയായ മനുഷ്യൻ എന്നുമെവിടേയും സമൂഹദ്രോഹിയായിമാറുക സ്വാഭാവികം. കൊച്ചുകൊച്ചധികാരങ്ങൾ പോലും മനുഷ്യനെ മദഭരിതനാക്കും, ക്രുദ്ധനായ അഹങ്കാരിയാക്കും. 'അധികാരം കൊയ്യണമാദ്യം' എന്ന് കവി പറഞ്ഞതല്ല; പറഞ്ഞുപോയതാണ്.

യഥാരാജഃ തഥാപ്രജഃ എന്നത് വെറും പഴമൊഴിയായി മാറ്റരുത്. ഭരണവർഗ്ഗത്തിന്റെ അധികാര രാഷ്ട്രീയം പ്രജാഹിതം നോക്കിയാവണം രൂപപ്പെടേണ്ടതും പരിവർത്തന വിധേയമാവേണ്ടതും. 'ബഹുജനഹിതായ ബഹുജനസുഖായ - ഇതാവണം അധികാരത്തിന്റെ അടയാളവാക്യം. പ്രജകൾക്കുവേണ്ടി ഗൃഹസ്ഥാശ്രമികളായി മാറിയ രാജപരമ്പരയിവിടെയുണ്ടായിരുന്നു. രാഷ്ട്രത്തിനുവേണ്ടി വീടുപേക്ഷിച്ചവരും എത്രയെത്ര.

വിശ്വസംസ്ക്കാരത്തിന്റെ പ്രഥമാധ്യായമായ ഋഗ്വേദമാണ് രാഷ്ട്രസങ്കല്പം ആദ്യമായവതരിപ്പിക്കുന്നത്. കുലം, ഗ്രാമം, വിഷയം, ജനം, രാഷ്ട്രം എന്നിങ്ങനെ ശ്രേണീബന്ധമായാണ് ഋഗ്വേദം സമൂഹഘടന വിവരിക്കുന്നത്. രാഷ്ട്രത്തിന്റെ ഒടുവിലത്തെ കണ്ണിയാണ് കുടുംബം. രാഷ്ട്രമൂല്യങ്ങളും കുടുംബമൂല്യങ്ങളുമുണ്ട്. ഉത്തമനായ ഭരണാധിപന് രണ്ടിടങ്ങളിലും ശ്രദ്ധയുണ്ടാവണം.

സമൂഹം എനിക്കെന്തു തന്നു എന്നതിനപ്പുറം ഞാൻ സമൂഹത്തിനെന്തു നല്കി ? ഉത്തരം ഋണാത്മകമല്ലെങ്കിൽ ഒരു മഹാനുഭാവനെ നാം കാണുകയായി. എടുക്കുന്നവർക്കല്ല കൊടുക്കുന്നവർക്കാണ് ആത്മകഥയും ജീവചരിത്രവുമുണ്ടാകുന്നത്.

നമ്മുടെ ജീവിതത്തെ കേടില്ലാത്തതും കെട്ടതുമാക്കുന്നത് വാസനകളാണ്. അവ്യക്തമാണവ. അവയാണ് ചിന്തകളും വാക്കുകളും പ്രവൃത്തികളുമാകുന്നത്. വാസനകൾ ജീവിതമൂല്യങ്ങൾക്കനുസരിച്ചാണ് രൂപപ്പെടുന്നത്. മൂല്യബോധം പ്രജകൾക്ക് മാത്രമല്ല രാജാവിനുമുണ്ടാവണം. ഒരുവൻ ദുഃഖിപ്പിച്ചാൽ അവനേയും ദുഃഖിപ്പിക്കണം എന്ന വിപരീതബുദ്ധി ആർക്കുമുണ്ടാവരുത്. നഷ്ടങ്ങളുടേയും നേട്ടങ്ങളുടെയും സങ്കലനമാണ് ജീവിതം എന്ന തിരിച്ചറിവാണ് മഹോന്നതം.

ജീവിതത്തിന്
സാംസ്ക്കാരിക
സൗരഭ്യമുണ്ടാവണം
ജീവിതത്തിന്
സദാചാരമഹത്വമുണ്ടാവണം
ജീവിതത്തിന്
ധാർമ്മികകാന്തിയുണ്ടാവണം

ഇവയുള്ള ഭരണാധികാരികൾക്കേ സ്നേഹാദരങ്ങൾ ലഭിക്കുകയുള്ളൂ. ഇവർക്കേ അമരത്വം ആർജിക്കുവാനാവൂ. അക്ഷരങ്ങളും ചിത്രങ്ങളും ഓർമ്മകളുമായി ഇവർ മാത്രമേ ചരിത്രത്തിലിടം നേടുകയുള്ളൂ.

# രചനകളുടെ പുന:പ്രസിദ്ധീകരണം



**അരവിന്ദൻ**
**0494 2682899, 9745935385**

**എ**ഴുതാനാഗ്രഹിക്കുന്നവർക്കും എഴുതിത്തുടങ്ങുന്നവർക്കും അവരുടെ സൃഷ്ടികൾ വെളിച്ചം കാണാൻ സമാന്തര പ്രസിദ്ധീകരണങ്ങളെ സമീപിക്കുകയെ നിവർത്തിയുള്ളു. കാരണം മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ കടന്നുകൂടുക എളുപ്പമല്ല. എന്തെഴുതി എന്നതിനേക്കാൾ ആരെഴുതി എന്നു ശ്രദ്ധിക്കുന്ന പ്രസിദ്ധീകരണങ്ങളാണധികവും.

എഴുതിത്തുടങ്ങുന്നവർക്ക് അവരുടെ രചനകൾ പ്രസിദ്ധീകരിച്ചു കാണുന്നത് പ്രചോദനമാകും. അവർ ചിലപ്പോൾ ഒരേ രചന രണ്ടോ മൂന്നാ പ്രസിദ്ധീകരണങ്ങൾക്കയച്ചുവെന്നും വരാം. രചനകളയക്കുന്ന അവസരത്തിൽ പ്രസിദ്ധീകരണാർഹമാണോ എന്നറിയിക്കാൻ അഭ്യർത്ഥിച്ചാലും ആരും മറുപടി അയക്കാറില്ല. വിലാസമെഴുതിയ കാർഡോ കവറോ രചനയ്ക്കൊപ്പമയച്ചാൽ പോലും ആരും അതിനുമെനക്കെടാറില്ല. മാസങ്ങൾ കാത്തിരുന്നിട്ടും പ്രസിദ്ധീകരിച്ചു കാണാത്തതു കൊണ്ടാകാം എഴുത്തുകാർ അതേ രചന മറ്റു പ്രസിദ്ധീകരണങ്ങൾക്കയക്കുന്നത്. പ്രസിദ്ധീകരിച്ചു കാണാനുള്ള ആഗ്രഹം കൊണ്ടാണത് ചെയ്യുന്നത്. ഒന്നിൽ കൂടുതൽ പ്രസിദ്ധീകരണങ്ങളിൽ രചനകൾ പ്രത്യക്ഷപ്പെടുന്നത് അതുകൊണ്ട് മാത്രമാണ്. അതൊരു വലിയകുറ്റമായി കണ്ടെത്തി, പത്രാധിപർക്ക് ഫോൺ ചെയ്തൊ കത്തെഴുതിയോ പരാതിപ്പെടുന്നവർക്ക് എഴുത്തുകാരുടെ പ്രയാസങ്ങൾ മനസ്സിലാക്കാനുള്ള ശേഷിയില്ല എന്നുപറയുന്നതിൽ തെറ്റില്ല. പല പ്രസിദ്ധീകരണങ്ങളുടേയും വരിക്കാരായ ദുർലഭം ചിലർക്കുമാത്രമേ പുനഃപ്രസിദ്ധീകരണം കണ്ടുപിടിക്കാൻ പറ്റുകയുള്ളു. ആവർത്തനവിരസത അവർക്കേ അനുഭവപ്പെടുകയുള്ളു. ഒരു കഥയോ കവിതയോ ലേഖനമോ വീണ്ടും വായിക്കേണ്ടിവരുമ്പോൾ നഷ്ടപ്പെടുന്നത് ഏതാനും മിനുട്ടുകൾ മാത്രം.

സമാന്തര പ്രസിദ്ധീകരണങ്ങളുടെ എണ്ണം ദിനം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ. എണ്ണിയാൽ തീരാത്തത്ര പ്രസിദ്ധീകരണങ്ങൾ സമാന്തര മേഘലയിലുണ്ട്. ഓരോന്നിന്റേയും വിതരണശൃംഖല വളരെ പരിമിതമായിരിക്കും. നൂറുനൂറ്റമ്പതു മുതൽ 1500 വരെ കഷ്ടിമുഷ്ടിച്ച് പ്രതികൾ അച്ചടിച്ച് വിതരണം ചെയ്യുന്നവയാണ് മിക്കതും. മാത്രമല്ല പലതും സമയത്തിനുപുറത്തിറങ്ങാറുമില്ല. ഇറങ്ങിയാൽ തന്നെ പലപ്പോഴും താളുകൾ കുറഞ്ഞും കൂടിയുമിരിക്കും. സാധാരണത്തേതിൽ നിന്ന് വ്യത്യസ്തമായി, എട്ടും പത്തും പേജുകൾ മാത്രമായിമാറുമ്പോൾ ലക്ഷ്യം രജിസ്ട്രേഷൻ നിലനിർത്തലും പരസ്യങ്ങളും മാത്രം. അത്തരം സന്ദർഭങ്ങളിൽ എഴുത്തുകാരൻ ബുദ്ധിമുട്ടി എഴുതിയുണ്ടാക്കി അയച്ചത് പ്രസിദ്ധീകരിക്കാൻ പ്രസിദ്ധീകരണക്കാർക്ക് കഴിയാതെവരും. സാമ്പത്തിക സഹായം നൽകുന്നവരുടെ സൃഷ്ടികൾക്കുള്ള മുൻതൂക്കം ശുപാർശകളുടെ ശക്തി എന്നിവയൊക്കെ പ്രസിദ്ധീകരണക്കാരെ നിയന്ത്രിക്കുന്ന ഘടകങ്ങളാണ്. എഴുത്തുകാർക്ക് പ്രതിഫലം കൊടുക്കുകയെന്നത് മിക്ക സമാന്തര പ്രസിദ്ധീകരണങ്ങളും ചെയ്യാറില്ല. മറിച്ച് എഴുത്തുകാരെ വരിക്കാരാക്കാനും അവരുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും വരിക്കാരാക്കി മാറ്റാനും നിർബന്ധിക്കുകയാണ് പതിവ്. കേരളത്തിന്റെ ഒരു മൂലയിൽ നിന്ന് ഏതാനും വായനക്കാരിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒരു പ്രസിദ്ധീകരണത്തിൽ വന്ന രചന മറ്റേതെങ്കിലും ചെറിയ പ്രസിദ്ധീകരണത്തിൽ വന്നാൽ ആകാശം ഇടിഞ്ഞുവീഴില്ല. മാത്രമല്ല അത് പാടില്ലെന്ന നിയമവുമില്ല. അങ്ങിനെയൊരുനിലപാട് നിലനിൽക്കുന്നു എന്നുമാത്രം. പണ്ട് മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ കുറവായിരുന്നു. അവയിലെ എഴുത്തുകാർക്ക് പ്രതിഫലവും കിട്ടിയിരുന്നു. വായനാശീലമുള്ളവരുടെ വീടുകളിൽ രണ്ടോമൂന്നോ പ്രസിദ്ധീകരണങ്ങൾ വരുത്തുക പതിവായിരുന്നു. അപ്പോൾ ഒന്നിൽ വന്ന രചനകൾ മറ്റൊന്നിൽ വന്നാൽ ആവർത്തന വിരസത സൃഷ്ടിക്കുന്നതിനേക്കാൾ ഉപരി കാശുണ്ടാക്കാനുള്ള തട്ടിപ്പായി അതുമാറും. അരോചകമായ അത്തരം പ്രവർത്തികൾക്കറുതി വരുത്താനാണ് ഒരു പ്രസിദ്ധീകരണത്തിൽ അച്ചടിച്ചുവന്നത് മറ്റൊന്നിൽ വരുന്നത് ശരിയല്ലാ എന്നുതോന്നാൻ തുടങ്ങിയത്. മാത്രമല്ല അത്തരം പ്രസിദ്ധീകരണങ്ങൾ കേരളം മുഴുവൻ പ്രചാരത്തിലുള്ളതുമാവാം. എന്നാൽ സമാന്തര പ്രസിദ്ധീകരണങ്ങൾക്ക് അത് ബാധകമാക്കേണ്ടകാര്യമില്ല. വളർന്നുവരുന്ന ഒരാളെ പ്രോത്സാഹിപ്പിക്കുന്നു എന്നുമാത്രം കരുതി അടങ്ങിയിരി


ക്കുകയാണ് ശരിയായ വഴി. കുറ്റം കണ്ടെത്തി പ്രസിദ്ധീകരണക്കാരേയും എഴുത്തുകാരേയും പ്രതിക്കൂട്ടിലാക്കാൻ ശ്രമിക്കുന്നത് വലിയൊരുകാര്യം ചെയ്തമട്ടിൽ പബ്ലിസിറ്റി നടത്തുന്നതും അല്പത്തമാണ്. വിരലുകൊണ്ടെണ്ണാവുന്നത്ര കോപ്പികൾ അച്ചടിക്കുന്ന ഒരു പ്രസിദ്ധീകരണത്തിൽ വന്ന ഒരു സൃഷ്ടി മറ്റൊന്നിനും അയ്ക്കരുത് എന്നുപറയുന്നത് ബാലിശമാണ്. കൂടുതൽ പേർക്ക് രചയിതാവിനേയും സൃഷ്ടികളേയും പരിചയപ്പെടുവാനും വായനക്കാരുടെ ഉള്ളിൽ പുതിയ എഴുത്തുകാരെക്കുറിച്ചുള്ള സ്ഥാനം അരക്കിട്ടുറപ്പിക്കാനും പുനഃപ്രസിദ്ധീകരണം കൊണ്ട് കഴിയും എന്നതാണ് സത്യം.

മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ ചിലവേളകളിൽ പ്രശസ്തരായവരുടേയൊ മൺമറഞ്ഞവരുടേയൊ സൃഷ്ടികൾ പുനഃപ്രസിദ്ധീകരിക്കാറുണ്ടല്ലൊ. അതിനെതിരായി ആരും ശബ്ദിച്ചു കേട്ടിട്ടില്ല. പ്രസിദ്ധീകരിച്ചതിനുശേഷം മികച്ച പ്രതികരണങ്ങൾ കിട്ടിയ നല്ല രചനകൾ അയച്ചുതരൂ എന്നു പറയുന്ന പത്രാധിപന്മാരും ഉണ്ടെന്നത് വാസ്തവമാണ്. സൃഷ്ടികൾക്ക് നിലവാരമുണ്ടാവണം എന്നു മാത്രമെ അവർ കാംക്ഷിക്കുന്നുള്ളു. അപ്പോഴൊന്നും ആർക്കും പരാതിയില്ല.

സിനിമയുടെ കാര്യം തന്നെ ശ്രദ്ധിക്കു. ഒരിക്കൽ റിലീസ് ചെയ്തപടം ഇടവിട്ടിടവിട്ട് പലപ്പോഴും ഒരേ സിനിമാക്കൊട്ടകയിൽ കളിക്കാറുണ്ടല്ലൊ. നാടകങ്ങളുടെയും സ്ഥിതി വ്യത്യസ്തമല്ല. ഒരിക്കൽ ഒരുസ്റ്റേജിൽ അരങ്ങേറിയ നാടകം മറ്റെവിടെയും അവതരിപ്പിക്കാൻ പാടില്ല എന്നുപറയുന്നത് മൂഢത്തമല്ലേ? പാട്ടുകളുടേയും കവിതാലാപനങ്ങളുടേയും സ്ഥിതികളും മറ്റൊന്നല്ല. ഒരിക്കൽ കേട്ടതുകൊണ്ട്, കണ്ടതുകൊണ്ട് പിന്നീട് കേൾക്കാനെ പാടില്ലെന്നു ശഠിക്കാറുണ്ടോ? ഇതേമട്ടിലാവണം അച്ചടി രചനകളേയും കാണേണ്ടത്. ഒരു ചെറിയ പ്രസിദ്ധീകരണത്തിൽ വന്ന രചനകളുടെ വായനാലോകം വളരെ ചെറുതായിരിക്കും. അത് എല്ലാവരും കാണുന്നില്ല. വായിക്കുന്നില്ല. ആസ്ഥിതിക്ക് മറ്റൊരു പ്രസിദ്ധീകരണത്തിലൂടെ അത് പുതിയ വായനക്കാരെ തേടിപ്പോകുന്നതിൽ എന്താണ് തെറ്റ്? ഒന്നോ രണ്ടോ പേർമാത്രമായിരിക്കും ഇരുപ്രസിദ്ധീകരണങ്ങളും വരുത്തുന്നവർ. വളരാനാഗ്രഹിക്കുന്ന ഒരാളെ പ്രോത്സാഹിപ്പിക്കുന്നു എന്നുമാത്രം കരുതാനുള്ള മാനസിക നില വായനക്കാരനുമുണ്ടാകണം. നല്ല സൃഷ്ടിയാണെങ്കിൽ പലതവണ വായിച്ചാലും മടുക്കില്ല. അതേസമയം നാടു മുഴുവൻ മാറ്റർ അയച്ച് പ്രതിഫലം പറ്റുന്നെങ്കിൽ, അത് തികച്ചും ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ മുഖം കാണിക്കാൻ കഴിയാത്ത എഴുത്തുകാർക്ക് സമാന്തര പ്രസിദ്ധീകരണങ്ങളിലൂടെ വായനക്കാരിൽ സ്ഥാനം ലഭിക്കണമെങ്കിൽ അവരുടെ സൃഷ്ടികൾ പരക്കെ വായിക്കപ്പെടണം. അതിനുവേണ്ടി ഏതാനും കോപ്പികൾ മാത്രം പുറത്തിറക്കുന്ന ഒന്നിൽ വന്ന രചന മറ്റൊരു കോണിൽ നിന്നു പുറത്തിറങ്ങുന്ന പ്രസിദ്ധീകരണത്തിൽ വരുന്നത് തെറ്റാണെന്നു തോന്നുന്നില്ല. സ്വന്തം ഉയർച്ചക്കുള്ള ഒരു വഴിയാണ് പുന:പ്രസിദ്ധീകരണം. പത്രാധിപന്മാർ പിൻതുണച്ചാൽ പരാതിക്കാർ അടങ്ങിയിരിക്കും. അത്തരമൊരവസ്ഥ സംജാതമാവണേ എന്ന് പ്രാർത്ഥിക്കുന്നു.


# പുസ്തകപ്രകാശനം




ശ്രീമതി. മൃദുല മനോമോഹനന്റെ പ്രഥമ നോവൽ സൂര്യൻ അസ്തമിക്കുന്നില്ല 2017 ഡിസംബർ 18 തിങ്കളാഴ്ച വൈകുന്നേരം 4.30ന് അളകാപുരി, കോഴിക്കോട് വെച്ച് ഡോ. കെ. ശ്രീകുമാർ സാറുടെ അദ്ധ്യക്ഷതയിൽ പ്രശസ്ത കഥാകൃത്തായ പി. വത്സല ശ്രീ. പി. കെ. ഗോപിയ്ക്ക് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. നിരവധി പ്രമുഖർ പങ്കെടുത്തു.

ഒരു ബസ് ആക്സിഡന്റിനെത്തുടർന്ന് വലതുകൈ നഷ്ടപ്പെട്ട ശ്രീമതി. മൃദുല ഇടതുകൈ ഉപയോഗിച്ച് അക്ഷരമെഴുതി ശീലിച്ചു. ഇപ്പോഴിതാ ഒരു മികവുറ്റ നോവൽ തന്നെ ആ കൈ കൊണ്ട് രചിച്ചിരിക്കുന്നു. നമുക്കേവർക്കും അഭിമാനിക്കാം, ശ്രീമതി. മൃദുല ഏക തത്ത്വ മാസികയിലെ ഒരു എഴുത്തുകാരി കൂടിയാണ്. പൂർണ്ണ പബ്ലിക്കേഷൻസ് കോഴിക്കോട് ആണ് ഈ നോവലിന്റെ പ്രസാധകർ. 218 പേജുള്ള പുസ്തകത്തിന്റെ വില 235 രൂപയാണ്.

(മൃദുല മനോമോഹനൻ - 9446643288, പൂർണ്ണപബ്ലിക്കേഷൻസ്-0495 2720085)



## എന്റെ അഭിനയ സ്മരണകൾ

ഭാഗം 12



മുക്കം ഭാസി
9846138693

# അന്നം മുടക്കികൾ

**അ**ഞ്ച് മാസത്തെ ആയുസ്സേ എനിയ്ക്ക് തൃക്കുളം സ്കൂളിൽ ഉണ്ടായുള്ളൂ ! എങ്കിലെന്ത് ? അഞ്ച് വർഷത്തിൽ നേടാനുള്ള സൗഹൃദം ഞാൻ നേടിയെടുത്തു. ഇന്നും എനിയ്ക്ക് ചില സുഹൃത്തുക്കളെങ്കിലും അവിടെ കാണും! 'മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീയായി'. തൊഴിൽരഹിതൻ. അപ്പോഴുണ്ട് എന്റെ ഒരു സുഹൃത്ത് അപ്പുവേട്ടൻ വീട്ടിൽ വന്ന് ഒരുകാര്യം പറയുന്നു.

കുന്ദമംഗലം എ. യു. പിയിൽ ഒരു പോസ്റ്റ് ഒഴിവുണ്ട്. കാശൊന്നും കൊടുക്കേണ്ട. പക്ഷെ, നിയമിയ്ക്കപ്പെടുന്ന ആൾ കമ്മ്യൂണിസത്തിന്റെ നിഴൽ പോലും ഇല്ലാത്തവനാവണം. അതിന് കോൺഗ്രസ്സ് നേതാവിന്റെ ശുപാർശ വേണം. എനിയ്ക്കേത് കോൺഗ്രസ്സുകാരൻ ശുപാർശ പറയും?

“പോട്ടെ, അപ്പുവേട്ടാ... അത് ശരിയാവില്ല. ഞാനറിയുന്ന ഒരു കോൺഗ്രസ്സ് നേതാവും എനിയ്ക്ക് വേണ്ടി റെക്കമന്റ് ചെയ്യില്ല. ഞാനവരുടെ അടുത്തൊന്നും ഒരു റെക്കമന്റേഷന് പോവുകയുമില്ല.”

പക്ഷെ, അപ്പുവേട്ടൻ വിട്ടില്ല. അദ്ദേഹം മാനേജരുടെ ജ്യേഷ്ഠപുത്രൻ കെ. പി. പത്മനാഭനെ സമീപിച്ച് എന്റെ കാര്യം അദ്ദേഹത്തോട് പറഞ്ഞു.

കെ. പി. പത്മനാഭന്ന് എന്നെ അറിയാം. എന്റെ ഒരു സീനിയർ വിദ്യാർത്ഥിയായിരുന്നു അയാൾ യു. പി. സ്കൂളിൽ. പിന്നീട് പേരെടുത്ത കോൺഗ്രസ്സ് പ്രവർത്തകനായി. പാർലിമെന്റിൽ മത്സരിച്ച് തോൽക്കുകയും ചെയ്തു. കുന്ദമംഗലത്തേയ്ക്ക് എന്റെ വീട്ടിൽ നിന്ന് ഒമ്പത് മൈൽ ദൂരമുണ്ട്. അവിടുത്തെ മുടിചൂടാമന്നന്മാരാണ് കെ. പി. കുടുംബം. വലിയ വലിയ ബിസ്സിനസ്സ്കാരാണ്. ചിലർക്ക് സ്വന്തമായ വിദ്യാലയങ്ങളുണ്ട്. കോഴിക്കോട് ടൗണിൽ പാണ്ടികശാലകളുമുണ്ട്.

കെ. പി. സഹോദരന്മാരിൽ ഏറ്റവും ഇളയവനാണ് സ്കൂൾ മാനേജർ. അദ്ദേഹത്തിനും ഉണ്ട് ഒരു പാണ്ടികശാല. ഈ അപ്പുവേട്ടനും അവരുടെ ഒരകന്ന കുടുംബക്കാരനാണ്. പക്ഷെ, അനന്തനമ്മാവനും ഞാഞ്ഞൂലും ! ഏതായാലും ഞാനറിയാതെ അപ്പുവേട്ടന്റെ മിടുക്ക് കൊണ്ട് പത്മനാഭൻ എനിയ്ക്ക് വേണ്ടി ചെറിയച്ഛന്റെ (ആപ്പൻ) അടുത്ത് ശുപാർശ സമർപ്പിച്ചു.

“അയാൾ കമ്മ്യൂണിസ്റ്റാണോ ?”

“ഹേയ്, അല്ലേ അല്ല എനിയ്ക്കവനെ നന്നായറിയാം.”

ഏതായാലും മാനേജർ എന്നെ നിയമിച്ചു. ഒരു ചില്ലിക്കാശു പോലും വാങ്ങാതെ ! (അല്ലെങ്കിലും കൊടുക്കാൻ എന്റെ കൈയിൽ എവിടെ ചില്ലി ?!)

കുന്ദമംഗലം ടൗണിലെ ഒരു വലിയ സ്കൂൾ. ധാരാളം അദ്ധ്യാപകർ, കുട്ടികൾ. ഞാനവിടെ എത്തിയപ്പോഴല്ലെ അറിയുന്നത് അദ്ധ്യാപകരിൽ മിക്കവരും നല്ല കമ്മ്യൂണിസ്റ്റുകാർ ! മാനേജർക്ക് പറ്റിയ അക്കിടി. ചൂടുവെള്ളത്തിൽ വീണ പൂച്ചയ്ക്ക് പച്ചവെള്ളം കാണുമ്പോൾ പേടിയാണല്ലോ ! അതുകൊണ്ടാണ് മാനേജർ തലനാരിഴ കീറി കമ്മ്യൂണിസം പരിശോധിയ്ക്കുന്നത് ! ഞാനതുകൊണ്ട് ‘ക’ എന്നൊരക്ഷരം പറയാൻ പോലും മടിച്ചു.

കുന്ദമംഗലം സിനിമാടാക്കീസിലെ ഓപ്പറേറ്റർ ഗോപിനാഥനുമായി പരിചയപ്പെട്ടു. സഹൃദയൻ, എഴുത്തുകാരൻ. ആൾ തെക്കനാണ് ! അദ്ദേഹം ഒരു നാടകമെഴുതി. ‘പുറംചട്ട’. പളളം മാത്യുവാണ് സംവിധായകൻ. എനിയ്ക്ക് ആ നാടകത്തിൽ നായകവേഷം കിട്ടി. ഞങ്ങളുടെ നാട്ടുകാരനായ എം. കെ. നമ്പ്യാരൊഴിച്ച് ബാക്കിയുള്ളവർ മറ്റുപല പ്രദേശത്തുകാരുമായിരുന്നു. അങ്കമാലിക്കാരിയായ അമ്മിണി, തൃശ്ശൂർ നഫീസ, കൂർക്കംചേരി (തൃശ്ശൂർ) പി. എം. ഗംഗാധരൻ തുടങ്ങിയവർ നാടകത്തിൽ വേഷമിട്ടു.

അമ്മിണി ഒരു സുന്ദരിക്കുട്ടിയായിരുന്നു – എന്റെ നായിക ! നഫീസ്സയാവട്ടെ പേരെടുത്ത നടിയും. വളരെ മനോഹരമായി പാടുന്ന പി. എം. ഗംഗാധരൻ പിൽക്കാലത്ത് കെ. പി. എ. സി. ട്രൂപ്പിലെ ഗായകനായി മാറി.

നാടകം ടാക്കീസിലാണ് കളിച്ചത്, ടിക്കറ്റുവച്ച്. സുപ്രസിദ്ധ സഞ്ചാരസാഹിത്യകാരൻ എസ്. കെ. പൊറ്റേക്കാടിന്റെ മരുമകൻ ചെലവൂർ വേണു നാടകത്തെ വില യിരുത്തിക്കൊണ്ട് പത്രത്താളുകളി ൽ ഒരു റിവ്യൂ എഴുതി; നാടകത്തെ പ്രശംസിച്ചുകൊണ്ട്. എന്റെ അഭിന യത്തെപ്പറ്റിയും അതിൽ പരാമർശ മുണ്ടായിരുന്നു.

എന്റെ അഭിനയത്തെ പറ്റി പത്രത്താളിൽ ആദ്യമായി വരുന്ന ഒരു വിലയിരുത്തൽ. ഗംഗാധരൻ നല്ല പാട്ടുകാരനായിരുന്നുവെന്ന് ഞാൻ സൂചിപ്പിച്ചുവല്ലോ. അക്കാ ലത്ത് ആകാശവാണിയിൽ അദ്ദേ ഹം രണ്ടു ലളിതഗാനങ്ങൾ വളരെ മനോഹരമായി പാടി. ആ പാട്ടുക ൾ എന്നെ വല്ലാതെ ആകർഷിച്ചു. പ്രത്യേകിച്ചും ഗംഗാധരൻ എന്റെ സുഹൃത്തുകൂടിയായ സ്ഥിതിയ് ക്ക്.

അതിലൊരു പാട്ട് എത്ര യോ വേദികളിൽ ഞാൻ പാടി. ഗാനമേളകളിലും കല്യാണ പാർട്ടി കളിലും മറ്റും ഞാൻ റിട്ടയർ ചെ യ്യുന്ന ദിവസം കൂടി കാണികളുടെ നിർബ്ബന്ധത്താൽ എനിയ്ക്കാ പാ ട്ടുപാടേണ്ടിവന്നു. മാത്രവുമല്ല എ ന്റെ നാട്ടിലെ പുതുതലമുറയുടെ വിശ്വാസം. ആ പാട്ട് ഞാൻ രചി ച്ചതാണെന്നാണ്. ഈ പാട്ട് എവി ടെ കേട്ടാലും ആളുകൾ ഇപ്പോഴും പറയും, 'ഭാസിമാഷുടെ പാട്ട് !'

അതിലെ ഏതാനും വരി കൾ ഞാനിവിടെ പകർത്തട്ടെ !

അയ്യേ... മേലാകെ...
മേലാകെ കാക്കപ്പുള്ളിയുള്ള
പെണ്ണേ
നിന്നെ, കാണാനായോടി വന്നു,
പൊന്നേ
നിന്നെ കാണാത്ത
രാവുകളെന്നോമനെ
കൊടും, തീരാത്ത
വേദനയാണോമലേ...
അയ്യോ...

സത്യത്തിൽ ഇത് പി. ഭാസ്കരൻ മാസ്റ്ററുടെ വരികളാണ്. ഞങ്ങളുടെ സ്കൂളിൽ നടന്ന ഒരു ക്യാമ്പിനെപ്പറ്റിയും രക്ഷാധികാരി മൊയ്തീൻ കോയ ഹാജിയെ പറ്റി യും പരാമർശിച്ചത് ഓർമ്മ കാണു മല്ലോ.

ആ ഹാജി ഇപ്പോൾ ഡി. സി.സി. പ്രസിഡണ്ടാണ്. കോൺ ഗ്രസ്സ് കൊടി പാറിപ്പിച്ചുകൊണ്ട് ഹാജിയാർ വരുന്നു. കുന്ദമംഗലം ടൗണിൽ എന്നെ കണ്ടു.
ജീപ്പ് നിർത്തി. 'വരുന്നോ ?' എന്ന് ചോദിയ്ക്കുന്നു. ഞാൻ ജീപ്പിൽ കേറി മുക്കത്തേയ്ക്ക് ഹാജിയാ രുടെ കൂടെ !

ഹാജിയാർ ചോദിച്ചു, "നീ യെന്താ ഇവിടെ ?"

"ഞാനിപ്പോൾ കുന്ദമംഗ ലം യു. പി. സ്കൂൾ ടീച്ചറാണ്."

"ഓഹോ..." പിന്നെ ഒന്നും പറഞ്ഞില്ല. പിറ്റേന്ന് ഹാജി കോഴി ക്കോട് ടൗണിൽ വെച്ച് മാനേജരെ കാണുന്നു. മാനേജരോട് പറയു ന്നു, "നല്ല സർപ്പത്തെയാണ് നിങ്ങ ൾ സ്കൂളിൽ നിയമിച്ചത്. ഭാസ്ക്ക രൻ ഒന്നാന്തരം കമ്മ്യൂണിസ്റ്റാണ്". മാനേജർ ഞെട്ടുന്നു. പാവം മാനേ ജർ, രാത്രി ഉറക്കം കിട്ടാതെ ഞെളി പിരി കൊള്ളുന്നു.

(തുടരും)

(മിനിക്കഥ)


# മാമ്പഴക്കാലം

യേശുദാസ് വരാപ്പുഴ
9846441262

**മാ**വിലൊരു മാമ്പഴം. ഞാനും കാക്കയും അത് കണ്ട് മോഹിച്ചു. മാമ്പഴം, കൈ എത്താവുന്ന ദൂര ത്തായിരുന്നിട്ടും ഞാൻ മോഹം മനസ്സിലൊളിപ്പിച്ചു. ഒരു ദിവസം മാമ്പഴം അപ്രത്യക്ഷമായി. നക്ഷത്രങ്ങൾ കണ്ണൊഴിഞ്ഞ രാത്രിയിൽ നിഴലനക്കമില്ലാതെ ഞാൻ മാവിൻ ചുവട്ടിലിരിക്കുന്നു. ദൂരെ കാക്കക്കൂട്ടിൽ നി ന്നും ഉയരുന്ന നിലവിളിക്ക് രതി മൂർച്ഛയുടെ താളം. ഞാൻ നിരാശനല്ല. മാവ് ഇനിയും പൂക്കും. നൂറ് മേനി വിളയും. എനിക്കുള്ള മാമ്പഴം ഞെട്ടറ്റ് താഴെ വീഴും. ഇതിനുശേഷമാണ് ഞാൻ എല്ലാ രാത്രികളിലും മാമ്പഴ ക്കാലം സ്വപ്നം കാണാൻ തുടങ്ങിയത്.

■ കവിത

# മരുതൻ പാണൻ...




അജയ് ബാലചന്ദ്രൻ
9895659050

ആക്കാണും കുടിലിൽ പൊന്തണ പുകകണ്ടോ
കരിപ്പുകകണ്ടോ നീ മച്ചൂനനേ?
ചപ്പല്ല ചിതയല്ല അകലെ പൊങ്ങും പുക
പാണന്റടുപ്പിലെ പുകയല്ല,
ഈ രാവിൽ ഭീതി പരത്തണ
മണമറിയും നീ മച്ചൂനനേ,
പാലപ്പൂങ്കാവിൽ നിന്നും ഒഴുകിവരുന്നൊരു
മണമല്ല അത് മൃഗഭോജികളുടെ തൊലി
മുടിയും നഖവും ചേർത്തുകരിക്കണമണമാണ്.
ആ കരി പൂശുംവരെയവൻ മരുതൻ പാണൻ
കരി പൂശിയവൻ വരും പോത്തായ് പുലിയായ്,
മേലാളന്മാരുടെ മാറുകൾ
മാന്തിക്കീറി നിണംകുടിച്ച്
അടിയാളനവൻ പോയ്മായും
കാറ്റായ് കരിയിലയായ്.



# മുഖം മനസ്സിന്റെ കണ്ണാടി?



ഇ.എൻ.നാരായണൻ
9539307005

**മു**ഖം മനസ്സിന്റെ കണ്ണാടിയാണെന്നൊരു ചൊല്ലുണ്ട്. ഹൃദയവികാരങ്ങൾ അതാതുസമയത്ത് നമ്മുടെ മുഖത്തു ദൃശ്യമാകുന്നുവെന്നാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. പക്ഷേ എന്റെ അനുഭവത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞ സംഗതി നിഷ്കളങ്കരുടെ കാര്യത്തിൽ മാത്രമേ ഈ പഴഞ്ചൊല്ലിനു പ്രസക്തിയുള്ളുവെന്നതാണ്. മനസ്സിലെ കാപട്യവും കല്മഷവും സമർത്ഥമായൊളിപ്പിച്ചുവെച്ച് ആകർഷകമായ മുഖംമൂടിയണിഞ്ഞ് പാൽപ്പുഞ്ചിരിയോടെ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളും കൂടിയുൾപ്പെടുന്നതാണ് ഈ ജീവിതനാടകം. കരുത്തുറ്റ സ്പർശിനികളുണ്ടെങ്കിൽ മാത്രമേ പലരുടേയും കാപട്യം ദൃശ്യമാവുകയുള്ളു.

ഇനി മുഖപുസ്തകത്തിലേയ്ക്കു കടക്കാം. ഈ കാലഘട്ടത്തിലെ ഏറ്റവും പ്രചാരമുള്ള നവമാധ്യമങ്ങളിലൊന്നാണ് ഈ ഫേസ്ബുക്ക്. നമ്മുടെ കലാസാഹിത്യ സൃഷ്ടികളും ചിന്തകളും ഫോട്ടോകളും മറ്റും മറ്റാരുടേയും ഔദാര്യമില്ലാതെത്തന്നെ ആഗോളതലത്തിലെ പ്രേക്ഷകർക്കുമുന്നിലെത്തിക്കാനുള്ള സാധ്യതയാണ് ഈ മാധ്യമത്തിനുള്ളത്. വീക്ഷകരുടെ ഇഷ്ടാനിഷ്ടങ്ങളും അഭിപ്രായപ്രകടനങ്ങളും അതാതുസമയത്തു തന്നെ വക്താവിന്നറിയാൻ പറ്റുന്നുവെന്നുള്ളതാണ് ഈ മാധ്യമത്തിന്റെ മേന്മ. എഴുത്തുകാരെ സംബന്ധിച്ചിടത്തോളം പത്രാധിപന്മാരുടെ കൃപാകടാക്ഷങ്ങളില്ലെങ്കിലും പരിമിതമായ ഇടങ്ങളിലെങ്കിലും തങ്ങളുടെ സൃഷ്ടികളെ അവതരിപ്പിക്കാനുള്ള സാധ്യതയുമുണ്ട്.

ആറേഴുവർഷത്തോളമായി ഞാനും ഫേസ്ബുക് കുടുംബത്തിലെ ഒരംഗമാണ്. എന്റെ ചില സൃഷ്ടികളും വികാരനിർഭരമുഹൂർത്തങ്ങളും സുഹൃത്തുക്കൾക്ക് പകർന്നുകൊടുക്കാൻ ഫേസ്ബുക്ക് സഹായകമായിട്ടുണ്ട്. മുമ്പ് കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത എത്രയോ വ്യക്തികളെ പരിചയപ്പെടാനും അവരുടെ സൃഷ്ടികൾ ആസ്വദിക്കാനും ഈ മാധ്യമം ഉപകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സുരേഷ് തെക്കീട്ടിലെന്ന നല്ല കഥാകാരനുമായി നേരിട്ടു കാണാതെത്തന്നെ സൗഹൃദം സമ്പാദിക്കാനായത് ഈ മാധ്യമത്തിൽ കൂടിയാണ്. (സുരേഷ് കഥാകൃത്തുമാത്രമല്ല ഉത്തരവാദിത്തബോധമുള്ള നല്ലൊരു പോലീസ് ഉദ്യോഗസ്ഥൻ കൂടിയാണെന്നറിയുന്നു). ഹൈസ്കൂൾ പഠനകാലത്തെ ആത്മമിത്രമായിരുന്ന രാമദാസനുണ്ണിയെന്ന സുമനസ്സുമായുള്ള പുനഃസമാഗമത്തിന് വേദിയൊരുക്കിയതും ഫേസ്ബുക്കുതന്നെ. പണ്ടത്തെ ആചാര്യശ്രേഷ്ഠരുടെ കൃപാകടാക്ഷങ്ങളും വാത്സല്യവും ഒഴുകിയെത്തിയതും മുഖപുസ്തകത്തിൽക്കൂടിയാണ്.

ഫേസ്ബുക്കിൽ ആയിരത്തിനടുത്ത് സുഹൃത്തുക്കളുള്ളവനാണ് ഈയുള്ളവനെന്നറിയുന്നു. (ഇപ്പോഴും സൗഹൃദഹസ്തങ്ങൾ നീണ്ടുകൊണ്ടേയിരിക്കുന്നു!). വളരെ ചുരുക്കംപേർ മാത്രമേ ഇക്കൂട്ടത്തിൽ യഥാർത്ഥപരിചയക്കാരായുള്ളു. ഭൂരിപക്ഷവും അജ്ഞാതർ തന്നെയാണ്. അവരുടെ ഹൃൽസ്പന്ദനങ്ങളും എനിക്ക് അനുഭവവേദ്യമല്ല. കൗതുകമുണർത്തുന്ന ഒരു സംഗതിയെന്താണെന്നുവെച്ചാൽ പരിചയക്കാരിൽ പലരും എന്റെ അഭ്യുദയകാംക്ഷികളല്ലെന്നുള്ളതാണ്! മിക്കവാറും ആളുകൾ എനിക്കുനേരെ ഇങ്ങോട്ട് സൗഹൃദഹസ്തം നീട്ടിയവരുമാണ്. ഇന്നത്തെ ഒരുനുഭവം പറയാം. ജീവിതത്തിൽ ഇതുവരെ എന്നെ അംഗീകരിക്കാത്ത-ഒരു നേരിയ മന്ദഹാസം പോലും സമ്മാനിക്കാത്ത- ഒരു മാന്യദ്ദേഹം എനിക്കുനേരെ സൗഹൃദഹസ്തം നീട്ടിയിരിക്കുന്നു ! എന്തായിരിക്കാം അതിന്റെ മനഃശാസ്ത്രം?

എന്റെ നിഗമനങ്ങൾ മാത്രമാണ്. സ്വന്തം അപദാനങ്ങളും വീരകൃത്യങ്ങളും ലോകം മുഴുവനും അറിയണമെന്നും വിരോധികളുടെ പോലും അംഗീകാരത്തിന്റെ കയ്യടികൾ (ലൈക്കുകൾ!) നേടണമെന്നുമായിരിക്കാം അവരുടെ മഹത്വാകാംക്ഷ. തെരഞ്ഞെടുപ്പു പ്രചാരണവേളയിൽ ഉന്നതസ്ഥാനീയർപോലും ചേരിപ്രദേശങ്ങളിലെത്തി പാവപ്പെട്ടവരെ ആശ്ലേഷി

ക്കുകയും ചുംബിക്കുകയുമൊക്കെ പതിവാണല്ലോ. അത്രത്തോളം പ്രാധാന്യമേ ഇത്തരം സൗഹൃദഹസ്ത സമീപനത്തിനുള്ളുവെന്നതാണ് സത്യം. മാത്രമല്ല ചില 'സുഹൃത്തുക്കൾ' നമ്മുടെ കുറ്റങ്ങളും കുറവുകളും സൂക്ഷ്മ ദർശിനിയിൽക്കൂടി ദർശിക്കുന്ന ദോഷൈകദൃക്കുകളുമാണ്. തരംകിട്ടുമ്പോഴൊക്കെ പരിഹാസത്തിന്റെ ഒളിയമ്പുകളയക്കാനും ഇത്തരം മഹാത്മാക്കൾക്കു സങ്കോചമില്ല. തികഞ്ഞ അവഗണനമാത്രമാണ് ഇത്തരക്കാർക്കുള്ള മറുപടി.

ഇതിലും നികൃഷ്ടരായ ചില 'സുഹൃത്തുക്കൾ' ഫേസ്ബുക്കിൽ പതുങ്ങിയിരിപ്പുണ്ട്. അവർ നമ്മെ വാനോളം പുകഴ്ത്തും, സ്നേഹിച്ചുകൊല്ലും. സൂക്ഷ്മ നിരീക്ഷണത്തിൽ അവരുടെ കാപട്യം തിരിച്ചറിയാൻ പറ്റും. വികലമനസ്ക്കരും മനോരോഗികളുമൊക്കെ ഇക്കൂട്ടത്തിലുണ്ട്. സ്വവർഗ്ഗാനുരാഗികളും (homo sexuals), ലെസ്ബിയരുമൊക്കെ ഒളിച്ചിരിക്കുന്നു. കള്ളിയങ്കാട്ടുനീലികളായി രക്തപാനത്തിനെത്തുന്നു. ഒരു നിബിഡവനം തന്നെയാണ് ഈ ഫേസ്ബുക്കെന്നു പറഞ്ഞാലും അതിശയോക്തിയാവില്ല. യഥാർത്ഥമുഖം മറച്ചുവെച്ച് മുഖംമൂടികളണിഞ്ഞ് വിഹരിക്കുന്ന പണ്ടത്തെ അപസർപ്പക കഥാപാത്രങ്ങളും ഈ കൊടുങ്കാട്ടിലുണ്ട്. സൗഹൃദച്ചിരികണ്ട് ആവേശത്തോടെ സമീപിച്ചാൽ അപായവും അപമാനവും ഉറപ്പ്.

മേൽപറഞ്ഞ ചതിക്കുഴികളും വാരിക്കുഴികളുമൊക്കെയുണ്ടെങ്കിലും സമചിത്തതയോടെ മുൻകരുതലോടെ സഞ്ചരിക്കുന്ന പക്ഷം ഒട്ടേറെ സാധ്യതകളുള്ള ജനകീയമായ മാധ്യമങ്ങളാണ് ഫേസ്ബുക്കും വാട്സാപ്പുമൊക്കെയെന്ന് പറയാതെ വയ്യ. സദുപയോഗമാണല്ലോ സംസ്കാരത്തിന്റെ മാന+ ദണ്ഡം. ●





# മൺമറയുന്ന പ്രാചീന കലകൾ

**സുകുമാരൻ നെല്ലാനിക്കാട്**
**9495276965**

ഹൈന്ദവക്ഷേത്രങ്ങളിൽ മാത്രം പരിരക്ഷിക്കപ്പെട്ടിരുന്ന പ്രാചീനകലകളായ, തീയാട്ട്, കൂടിയാട്ടം, ഓട്ടൻതുള്ളൽ, കോലംതുള്ളൽ, സർപ്പപ്പാട്ട്, മുടിയേറ്റ് എന്നിങ്ങനെ ഒട്ടുവളരെ കലാരൂപങ്ങൾ വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതെ കേരളക്കരയിൽ നിന്നും ചിലതു മാഞ്ഞുപോകയും മറ്റു ചിലതു തേഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഹൈന്ദവരുടെ സാന്നിദ്ധ്യത്തിൽ ഹൈന്ദവരായ നടീനടന്മാർ മാത്രം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഈ കലകളിൽ ചിലത് കാലക്രമേണ അമ്പലമതിലുകൾ കടന്ന് പുറത്തുവന്നെങ്കിലും അവയിൽ പലതും എന്താണെന്നു മനസ്സിലാകാത്ത വളരെയധികം ആളുകൾ ഇന്നു നമ്മുടെ ഇടയിലുണ്ട്. ഒരുകാലത്ത് അന്ധവിശ്വാസങ്ങളുടെയും ചില ആചാരമര്യാദകളുടേയും അടിസ്ഥാനത്തിൽ രൂപം പൂണ്ട കലകളാണ് മിക്കവയുമെന്ന് തെളിയുന്നുണ്ടെങ്കിലും, പരിഷ്കൃത ലോകത്തിനുപോലും അവഗണിക്കാൻ സാദ്ധ്യമല്ലാത്ത കലാവിശേഷങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ടെന്നു സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും. ഇതിന്റെ പിന്നിലുള്ള വിശ്വാസം എന്തായിരുന്നാലും ഇതിലെ കലാംശത്തെ പരിപോഷിപ്പിക്കേണ്ടത് ഇന്നാട്ടിലെ കലാസ്നേഹികളുടെ കടമയാണ്. ഈ കലകളിൽ ചിലത് മലയാള സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠം നേടിയിട്ടുണ്ടെന്നതും വസ്തുതയാണ്. പ്രചുരപ്രചാരത്തിലിരുന്ന ഓട്ടൻതുള്ളലിനുപോലും പണ്ടു ലഭിച്ചുകൊണ്ടിരുന്ന പരിരക്ഷ ഇന്നില്ലെന്നുള്ളതും സത്യം തന്നെ. കേരളകലാമണ്ഡലം പോലെയുള്ള സ്ഥാപനങ്ങൾ ഈ കലകളെ ചിട്ടപ്പെടുത്തി പരിപോഷിപ്പിക്കുകയും ക്ഷേത്രാധികാരികളുടെ നിർലോഭമായ സഹായസഹകരണങ്ങൾ നൽകി കേരളീയമായ ഈ അപൂർവ്വകലകളെ പുനരുദ്ധരിക്കുമെങ്കിൽ കലാസ്നേഹികൾക്കഭിമാനിക്കാം.

**കൃഷ്ണനാട്ടം**

കേരളത്തിലെ പ്രസിദ്ധമായ ഒരു പ്രാചീനകലയാണ്. താളനിബദ്ധവും ഭക്തിഭാവസംവർദ്ധകവുമായ കൃഷ്ണനാട്ടം നൃത്തം ഉടനീളം ഓളംവെട്ടുന്ന ഒരു പ്രത്യേക കലയാണിത്. അഷ്ടപദിയാട്ടത്തിൽ നിന്ന് കൃഷ്ണനാട്ടവും കൃഷ്ണനാട്ടത്തിൽനിന്ന് കൂടിയാട്ടവുമുണ്ടായി, പിന്നീട് രാമനാട്ടവും.

കൃഷ്ണനാട്ടവും കഥകളിയുമായി അതുല്യമായ സാമ്യമുണ്ടെങ്കിലും അവതരണത്തിലും മറ്റും കുറെയേറെ വ്യത്യാസങ്ങളുമുണ്ട്. കൃഷ്ണനാട്ടത്തിൽ ഒരു കഥ മാത്രം ആടുമ്പോൾ കഥകളിയിൽ വിവിധ പുരാണകഥകൾ ആടുന്നുണ്ട്. കൂടാതെ കൃഷ്ണനാട്ടത്തിലെ വേഷങ്ങൾ അലറുകയോ, നഖങ്ങളുപയോഗിക്കുകയോ ചെയ്യാ

റില്ല. തന്നെയുമല്ല കഥാപാത്രങ്ങൾക്ക് ആ രംഗത്തു മരണവുമില്ല. കൂടാതെ ഒരു കഥ പൂർണ്ണമായും അവതരിപ്പിക്കണമെന്ന് നിർബന്ധമുള്ളപ്പോൾ കഥകളിയിൽ ആ വിധ നിബന്ധനകളൊന്നുമില്ലതാനും. കൃഷ്ണനാട്ടത്തിലെ പ്രധാന കഥാപാത്രങ്ങളായ പൂതന, ജംബാവാൻ നരകാസുരൻ, വിവിദൻ, ബ്രഹ്മാവ്, ഘണ്ടാകർണ്ണന്മാർ എന്നിവർ ചേർന്ന് ' എട്ടുദിവസത്തെ കളി - അവതാരം, കാളിയമർദ്ദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗ്ഗാരോഹണം എന്നിങ്ങനെ തുടർച്ചയായി കളിക്കുന്നു. ദക്ഷിണകേരളത്തിൽ ഈ കല വളരെ അപൂർവ്വമായിട്ടെ ഇന്ന് അവതരിപ്പിക്കപ്പെടുന്നുള്ളു. ഗുരുവായൂർ അമ്പലത്തിൽ ഒരു പ്രധാന വഴിപാടായി ഇപ്പോഴും നടത്തി വരുന്നുണ്ട്.

**ഓട്ടൻതുള്ളൽ**

കൊല്ലവർഷം 919-ാമാണ്ട് മുതൽ തുള്ളൽപ്പാട്ടുകൾക്ക് പ്രചുരപ്രചാരം സിദ്ധിക്കുകയും 926-ാമാണ്ട് മുതൽക്കേ അമ്പലമുറ്റങ്ങളിൽ ഉത്സവക്കാലത്ത് സ്ഥാനം ലഭിച്ചു തുടങ്ങിയെന്നും രേഖകളുണ്ട്. ഓട്ടം തുള്ളലാണ് പിന്നീട് ഓട്ടൻ തുള്ളലായിത്തീർന്നതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

തുള്ളൽ, ഓട്ടനോ, ശീതങ്കനോ പറയനോ എന്നുമനസ്സിലാക്കുവാൻ തുള്ളക്കാരന്റെ വേഷവും പാട്ടുകളുടെ വൃത്തവിശേഷങ്ങളും സഹായിക്കും. ഓരോ തുള്ളലിനും പ്രത്യേകം പ്രത്യേകം രീതിയിലാണ് വേഷവും പാട്ടും നിലകൊള്ളുന്നത്.

ഓട്ടൻതുള്ളലിലെ ഗാനങ്ങൾ വേഗതയുള്ള കാലങ്ങളിൽ പാടുന്നതുകൊണ്ടാണ് 'ഓട്ടം' എന്ന പദം ഈ പ്രത്യേകതരം തുള്ളലിന്റെ പേരായിത്തീർന്നതെന്ന് അനുമാനിക്കാൻ കാരണം. ഓട്ടൻതുള്ളൽ പാട്ടുകളുടെ വൃത്തം സാധാരണ തരംഗിണിയായിരിക്കും. കുഞ്ചൻ നമ്പ്യാരുടേതെന്നു വിശേഷിപ്പിച്ചിരുന്ന ഈ തുള്ളലിൽ പിന്നീട് മലബാർ രാമൻനായരും പ്രശസ്തനായിത്തീർന്നു. ഇപ്പോൾ കലാമണ്ഡലത്തിലൂടെ ഈ കല നശിക്കാതെ പരിപോഷിപ്പിക്കപ്പെടുന്നുണ്ട്. മിക്കവാറും എല്ലാ ക്ഷേത്രങ്ങളിലും ഈ കലാരൂപത്തിന് സ്വീകരണം കിട്ടിയിരുന്നെങ്കിലും ഇതര പ്രാചീനകലകളുടെ ദുഃസ്ഥിതിയിലേക്ക് ഈ കലാരൂപവും പുറകോട്ട് തള്ളപ്പെട്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. എങ്കിലും പണ്ടത്തെ പ്രാധാന്യം ഇന്നീ കലയ്ക്ക് കിട്ടുന്നില്ലെങ്കിൽ കൂടി മറ്റുള്ളവയെ പോലെ അത്ര പെട്ടെന്ന് മാഞ്ഞുപോകാൻ നിവൃത്തിയില്ലാത്തവിധം മലയാളസാഹിത്യത്തിൽ അർഹമായ സ്ഥാനം ഇതിനോടകം കൈയ്യടക്കിയിട്ടുണ്ട്.

**തീയാട്ട്**

ഈ കല തികച്ചും മതപരമായ ഒരു ചടങ്ങാണ്. തെയ്യാട്ട് - ദൈവമായിട്ടാടൽ - എന്നതിന്റെ തത്ഭവമാണു തീയാട്ട്. ഭദ്രകാളിത്തീയാട്ട്, അയ്യപ്പൻ തീയാട്ട് എന്നിങ്ങനെ രണ്ടുരൂപത്തിലുണ്ടിത്. അയ്യപ്പൻ തീയാട്ട് ശാസ്താക്ഷേത്രങ്ങളിൽ തീയാടി നമ്പ്യാന്മാരും, ഭദ്രകാളിത്തീയാട്ട് ഭദ്രകാളിക്ഷേത്രങ്ങളിൽ തീയാട്ടുണ്ണികളും നടത്തുന്നു.

മസൂരി മുതലായ സാംക്രമിക രോഗങ്ങളുടെ നിവാരണത്തിനായിട്ടായിരുന്നു തീയാട്ട് നടത്തിപ്പോന്നിരുന്നത്. രണ്ടുതരത്തിലുള്ള തീയാട്ടിലും വിവിധ വർണ്ണത്തിലുള്ള പൊടികൾ ഉപയോഗിച്ച് കളമെഴുതി ദേവതയെ കളത്തിലേക്ക് എതിരേറ്റ് കൊണ്ടുവന്ന് ദീപാരാധനയും സ്തോത്രഗാനങ്ങളും കൊണ്ട് പ്രസാദിപ്പിക്കുന്നു.

ഭദ്രകാളിയുടെ വേഷം കെട്ടിയ തീയാട്ടുണ്ണി കളംമായ്ച്ചു മുടീ (കിരീടം) ചൂടി ദാരികവധം നടത്തിയ വിവരം ശിവനെ മുദ്രക്കൈകൾ കൊണ്ട് അറിയിക്കുന്നു. ആവേശം കൊണ്ട തീയാട്ടുണ്ണി പലവിധ നിർദ്ദേശോപദേശങ്ങൾ കൊടുക്കുകയും ചെയ്തശേഷം വിളക്കത്ത് പന്തം കൊളുത്തി തേങ്ങ ഉടച്ച് ബലിയുഴിച്ചിൽ നടത്തി അവസാനിപ്പിക്കുകയും ചെയ്യുന്നു.

ഈ കലാരൂപം കോട്ടയത്ത് കോടിമത-പള്ളിപ്പുറത്തുകാവിലെ ഒരു പ്രധാന വഴിപാടായി ഇപ്പോഴും നടത്തിവരാറുണ്ട്.

**ദേവദാസിയാട്ടം**

നൃത്തം നടത്തി ദേവീദേവന്മാരെ പൂജിച്ചിരുന്ന ഒരു ജനവിഭാഗത്തിലെ സ്ത്രീകളെയാണ് ദേവദാസികളെന്നു പറയപ്പെടുന്നത്. ഇവർ അമ്പലങ്ങളിലേക്ക് വഴിപാടായി നടതള്ളപ്പെട്ടവരായിരുന്നു. ഇങ്ങനെ തള്ളപ്പെട്ട നൃത്തകാരികളായ ദേവദാസിമാർക്ക് വിവാഹം നിഷേധിച്ചിരുന്നു. കാലക്രമത്തിൽ ഈ സ്ത്രീകളിൽ ദുർവൃത്തി ധാരാളം കടന്നുകൂടുകയും തന്നിമിത്തം ദാസിയാട്ടം നിയമവിരുദ്ധമാക്കപ്പെടുകയും ചെയ്തു. ഇന്ന് ദേവദാസികളും ദാസിയാട്ടവുമില്ല.

എന്നാൽ അതിലെ കലാസങ്കേതങ്ങളെ കാണുകയും അവയ്ക്ക് വേണ്ടവിധം രൂപം കൊടുക്കുകയും ചെയ്തിട്ടാണ് ആധുനിക ഭരതനാട്യകച്ചേരി രൂപം കൊണ്ടത്. ഈ പുതിയ കലാരൂപം ഭാരതത്തിലെന്നല്ല രാഷ്ട്രാന്തരത്തിൽ തന്നെ പ്രസിദ്ധിയാർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്.

ദാസിയാട്ടത്തോട് വളരെ ബന്ധപ്പെട്ട ഒരു കലയാണ് കേരളത്തിലെ മോഹിനിയാട്ടം. ഈ കലാരൂപവും കേരളക്കരയിൽ നിന്നും മാഞ്ഞുകൊണ്ടിരിക്കുകയാണ്.

**തൂക്കം**

ഇതൊരു തനി കേരളീയ ദൃശ്യകലയാണ്. ദേവീക്ഷേത്രങ്ങളിലെ വഴിപാടായി നടത്തിവരാറുള്ള ഈ കല പലതരത്തിലുണ്ട്. പ്രധാനമായും രണ്ടുതരമാണ്. ഒന്ന് സാധാരണ തൂക്കവും രണ്ടാമത്തേത് ഗരുഡൻതൂക്കവുമാണ്.

*സാധാരണതൂക്കം :* നിശ്ചിതകാലം വ്രതമെടുത്ത് പ്രത്യേകദിനചര്യക

ളും അനുഷ്ഠിച്ച് വെളിച്ചപ്പാടിനെ പ്പോലെ വേഷം കെട്ടിയ തൂക്കക്കാ രൻ മതിലിനു വെളിയിൽ എഴുന്നെ ള്ളിച്ചുനിർത്തിയ ദേവിയെ പ്രദക്ഷി ണം വച്ച് വന്ദിക്കുന്നു. നടയ്ക്കു നേരെ തയ്യാറാക്കി വച്ചിട്ടുള്ള ചാടി ൽ കയറി നിൽക്കുമ്പോൾ ഒരു കോഴിയെ വെട്ടി ചോര അയാളുടെ കാലിൽ വീഴ്ത്തു ന്നു. അനന്തരം തൂക്കക്കാരൻ തന്റെ ഇരുവശങ്ങളിലു മുള്ള മാംസളമായ തൊലിവലിച്ചുനീട്ടി ചാടിന്റെ അറ്റ ത്തു നേരത്തെ കൊരുത്തിയിട്ടുള്ള കൊളുത്തിൽ (ചൂ ണ്ടയിൽ) കോർക്കുന്നു. സഹായികൾ ചാടിന്റെ മറ്റേ തല താഴ്ത്തി തൂക്കക്കാരനെ മേൽപ്പോട്ടുയർത്തുന്നു. പിന്നീട് നാട്ടുകാർ ചേർന്ന് ചാടു (തട്ട്) ഉയർത്തി പ്രദ ക്ഷിണമായി കൊണ്ടുനടക്കുന്നു. ഈ സന്ദർഭത്തിൽ തൂക്കക്കാരൻ കൊളുത്തിൽ തൂങ്ങിക്കിടന്ന് പ്രത്യേക അഭ്യാസമുറകൾ കാണിക്കും. മൂന്നു പ്രദക്ഷിണത്തി നുശേഷം തട്ട് താഴെ വയ്ക്കയും തൂക്കക്കാരൻ ചൂണ്ട യൂരി നിലത്തിറങ്ങുകയും ചെയ്യുന്നു. പിന്നീട് ദേവീ ദർശനം നടത്തിയശേഷം ചൂണ്ട കോർത്ത ഭാഗത്ത് മഞ്ഞപ്രസാദം പുരട്ടി പാലും പഴവും ആഹാരമായി കഴിച്ച് വിശ്രമിക്കുന്നു.

**ഗരുഡൻതൂക്കം**

കൊക്കും ചിറകും പിടിപ്പിച്ച് ഗരുഡനെപ്പോ ലെ വേഷവുമണിഞ്ഞ് തൂക്കക്കാരൻ താളത്തിനൊ ത്ത് ആദ്യം തറയിലും പിന്നീട് തട്ടിൻമേലും കയറി ആ ടുന്നു. ആട്ടത്തിൽ ഭാവാദിനയങ്ങൾ കൊണ്ട് ഗരുഡ നെ അനുകരിക്കുകയും ചുണ്ടുകൾ ഉപയോഗിച്ച് ക ണ്ണാടിപ്പുറത്തുവച്ചിട്ടുള്ള സൂചിപോലെയുള്ള ചെറിയ സാധനങ്ങൾ എടുത്ത് കാണികളെ രസിപ്പിക്കുകയും തന്മൂലം ധാരാളം സമ്മാനങ്ങൾ തൂക്കക്കാരന് ലഭിക്കു കയും ചെയ്യുക സർവ്വസാധാരണമാണ്.

ഇടയ്ക്കിടയ്ക്ക് പക്ഷികളെ അനുകരിച്ചുകൊ ണ്ടുള്ള ശബ്ദങ്ങളും പുറപ്പെടുവിച്ചുകൊണ്ടുള്ള ആ ട്ടം കാഴ്ചക്കാരെ വല്ലാതെ ആകർഷിക്കും. ഇത്തരത്തി ൽ പല പല അഭ്യാസങ്ങളും കാണിക്കാൻ ആട്ടക്കാരന് കഴിയണമെങ്കിൽ നല്ല മെയ് വഴക്കമുണ്ടായിരിക്കണം. താളത്തിനൊത്ത പദചലനങ്ങളും ഭാവാഭിനയവും നടത്തുന്ന ഈ കലാകാരൻ കളരിപ്പയറ്റിലെ ആദ്യപാഠ ങ്ങൾ കൂടി സ്വായത്തമാക്കിയിട്ടുള്ളവനായിരിക്കും.

പണ്ടുകാലങ്ങളിൽ ലഭിച്ചിരുന്ന പ്രോത്സാഹനം ഇന്നീ കലയ്ക്ക് ലഭിക്കുന്നില്ല. ഇതും കേരളത്തിൽ നി ന്നും തേഞ്ഞുമാഞ്ഞുകൊണ്ടിരിക്കുന്നു. എങ്കിലും കോട്ടയം ജില്ലയിൽ മണർകാടുഭഗവതി ക്ഷേത്രം, തിരു വഞ്ചൂർ ഭദ്രകാളിക്ഷേത്രം, ഇടനാട് ദേവിക്ഷേത്രം വെ ള്ളത്തുരുത്തിക്ഷേത്രം, കമ്മനം ഇളങ്കാവു ക്ഷേത്രം എന്നിവിടങ്ങളിലും ആലപ്പുഴ ജില്ലയിലെ മങ്കൊമ്പു ദേ വീ ക്ഷേത്രത്തിലും ഭരണിമഹോത്സവത്തോടനുബ ന്ധിച്ച് നടത്തിവരാറുണ്ട്.

(തുടരും)







സത്യൻതാന്നിപ്പുഴ
0484 2462084

# ത്യാഗമനോഭാവം ഉണ്ടാകണം

**കു**ഞ്ഞാപ്പു സന്യസിക്കുവാൻ തീരുമാനി ച്ചു. അയാൾ ഒരു സന്യാശ്രമത്തിൽ ചെന്നു. അവിടെ ചെന്നപ്പോൾ ഒരു ചുണ്ടെലി കലത്തിലെ വെള്ളത്തി ൽ കിടന്നു നീന്തിത്തുടിക്കുന്നതു കണ്ടു. കുഞ്ഞാപ്പു വിന് പ്രത്യേകിച്ച് ഒരു വികാരവുമുണ്ടായില്ല. നിർവി കാരനായി നോക്കി നിന്നു. ഈകാഴ്ച കണ്ട് ഒരു ആശ്രമവാസി വന്ന് ചുണ്ടെലിയെ വെള്ളത്തിൽ നിന്ന് രക്ഷപ്പെടുത്തി വിട്ടു.

കുഞ്ഞാപ്പു മഠാധിപതിയോട് തന്റെ ആഗ്രഹം അറിയിച്ചു.

മഠാധിപതി പറഞ്ഞു: “മറ്റുള്ളവരുടെ ദുഃഖ ത്തിൽ മനസ്സലിയാത്തവന് സന്യാസിയാവാൻ എ ങ്ങനെ കഴിയും. ചുണ്ടെലി ജീവൻ മരണ പോരാട്ട ത്തിൽ കഴിയുന്നതു കണ്ടപ്പോൾ ഒരു സങ്കടവുമു ണ്ടായില്ലല്ലോ? ത്യാഗം ചെയ്യാൻ തയ്യാറുണ്ടെങ്കിലേ സന്യസിക്കുവാൻ കഴിയൂ. അതിനു തയ്യാറാണോ?”

“തയ്യാറാണ്.” കുഞ്ഞാപ്പു പറഞ്ഞു.

“നിങ്ങൾക്ക് രണ്ടു വീടുണ്ടെങ്കിൽ ഒരു വീട് ആശ്രമത്തിനു കൊടുക്കാമോ?” മഠാധിപതി ചോ ദിച്ചു.

“കൊടുക്കാം.” കുഞ്ഞാപ്പു പറഞ്ഞു.

“നിങ്ങൾക്ക് രണ്ടു കാറുണ്ടെങ്കിൽ ഒരു കാറ് ആശ്രമത്തിനു കൊടുക്കാമോ?”

“കൊടുക്കാം.” കുഞ്ഞാപ്പു പറഞ്ഞു.

“നിങ്ങൾക്ക് രണ്ടു കാളകളുണ്ടെങ്കിൽ ഒരു കാളയെ ആശ്രമത്തിനു തരാമോ?”

“അതു... അതു... പ്രയാസമാണ്.”

“അതെന്താ?” മഠാധിപതി ചോദിച്ചു.

“എനിക്കു രണ്ടു കാളകളുണ്ട്. വീടും കാറു മില്ല.” കുഞ്ഞാപ്പു പറഞ്ഞു.

“ഈ മനോഭാവമുള്ളവർക്കു സന്യസിക്കു വാൻ കഴിയില്ല. എന്തും മറ്റുള്ളവർക്കു കൊടുക്കു വാനുള്ള ത്യാഗമനസ്സുണ്ടാകണം അങ്ങനെയുള്ള വർക്കേ സന്യസിക്കുവാൻ കഴിയൂ.” മഠാധിപതി പറ ഞ്ഞു.

മഠാധിപതിയുടെ വിവരണം കേട്ടപ്പോൾ കു ഞ്ഞാപ്പുമൗനിയായി. തിരിച്ചു വീട്ടിലേക്കു നടന്നു.

■ കവിത



# രാഗബിന്ദുവിൽ

എം. കെ. ശശിധരൻ
9847838361

സുഖദമീനൊമ്പര മാസ്മര
വികാരത്തിന്നാന്ദോളനങ്ങളിൽ
ഏതൊ നിഗൂഢ കോശാന്തരത്തിൽ
ഒരു ചെറുനിർവൃതി പൊട്ടിത്തരിച്ചു
വിരിയുകയാണെന്റെ മാനസമാകവെ,
മുഗ്ദമാമൊരു മൊട്ടുവിരിയുന്നപോലെ
ആരെയൊളിപ്പിച്ചു ഞാനറിയാതെ
എന്നന്തരാത്മാവിന്റെ യജ്ഞേയ കോശത്തി-
ലനവദ്യ സൂക്ഷ്മകണികയായി...
കസ്തൂരിമാനിനെ പോലെ തിരഞ്ഞു
എവിടെ നിന്നെത്തുന്നുയീസുഗന്ധം?
എത്രക്കനർഘമാമാകൊച്ചു സ്വപ്നമെൻ
ജീവന്റെ ലയതാള സംഗീതമായി.
ആ ദിവ്യ സംഗീതമന്ത്രധ്വനികളിൽ
ശലഭമായ് ചെന്നു ചുംബിച്ചു ചുംബിച്ചു
പാറിപ്പറക്കുന്ന സഫലാനുഭൂതികൾ
നിമിഷങ്ങളവസാനമാകാതിരിക്കുവാൻ
കാത്തു പുലർത്തുന്ന ജാഗ്രത് ശ്രമത്തിൽ
കൂമ്പിയടയുന്ന ലൗകികധർമ്മങ്ങൾ
ദാഹമില്ലാതെ വിശപ്പറിയാതെ നിദ്രയും
സ്നാനവുമൊന്നുമേയില്ലാതെ താണുപോയ്
ഞാനീയനുഭൂതിയാഴത്തിൽ
ആരും വരാതെയിരുന്നെങ്കിലെന്നെ
മുട്ടിവിളിച്ചുണർത്താതെയിരുന്നെങ്കിൽ...

■ കവിത

# മിഴി

മിഴികളാൽ കാണുന്ന
നിറമുള്ള കാഴ്ചകൾ
അഴകായ് നിറയുന്നു
ഹൃദയത്തിനുള്ളിൽ...

മിഴികൾക്കറിയുമോ
കാണുന്ന കാഴ്ചകൾ
ഹൃദയത്തെയെന്നും
തലോടലാകും...

ഹൃദയത്തിൽ സൂക്ഷിക്കാൻ
നിറമാർന്ന കാഴ്ചകൾ
മിഴികളാൽ
കാണുന്നതാകുമെന്നും...

മിഴികൾ നിറഞ്ഞാൽ
കൂടുന്നതാണീ
ഹൃദയത്തുടിപ്പുകൾ
എന്നും എന്നും...



അനൂപ് നാരായണൻ
9539635968

■ മഹാത്മാ



# തുല്യസ്നേഹം

ബിന്ദു. കെ, 9446422321

**സേ**വാഗ്രാം ആശ്രമം തുടങ്ങിയ സമയം. പരിസരപ്രദേശത്തുള്ള ഗ്രാമങ്ങളിൽ നിന്നും കുട്ടികൾ നെയ്ത്തും മറ്റും പഠിക്കാനായി എത്തിയിരുന്നു. അവർ വൈകുന്നേരം തിരിച്ചുപോകുമ്പോഴേയ്ക്കും ചെറിയൊരു വരുമാനം സമ്പാദിക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ ഗാന്ധിജി ഉറങ്ങുന്നതിനുമുമ്പ് വിജയയോട് ആ കുട്ടികളുടെ ഉച്ചഭക്ഷണത്തെപ്പറ്റി ചോദിച്ചു. അവൾ സ്ഥിരമായി ഉച്ച സമയത്താണ് അലക്കാൻ വസ്ത്രങ്ങളുമായി കിണറ്റിനരുകിലേക്ക് പോവുക. കുട്ടികളും ഏകദേശം അതേസമയത്താണ് ഭക്ഷണം കഴിക്കാനായി അവിടെയെത്തുന്നത്. അതുകൊണ്ട് അവൾക്ക് കുട്ടികളുടെ ഭക്ഷണത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചിരുന്നു. ചിലപ്പോൾ അവരോട് ഇന്നെന്തു ഭക്ഷണമാണ് കൊണ്ടുവന്നിരിക്കുന്നതെന്ന് ചോദിക്കാറുണ്ടായിരുന്നു. കുട്ടികൾ പറയും, ഗോതമ്പുറൊട്ടിയും പച്ചക്കറിയും ആണ് എന്ന്. ഇതെല്ലാം ഗാന്ധിജിയോട് അവൾ വിശദമായി പറഞ്ഞു.

ഗാന്ധിജി എല്ലാം കേട്ടതിനുശേഷം അവളോട് ചോദിച്ചു, "ഇവിടെ സാധാരണയായി ആവശ്യത്തിലധികം സംഭാരം ഉണ്ടാവാറുണ്ടോ ?" ഉണ്ടെന്ന് പറഞ്ഞപ്പോൾ, ആ കുട്ടികൾക്കെല്ലാവർക്കും ഇനി മുതൽ സംഭാരം നല്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു. വിജയ ആ ദൗത്യം എറ്റെടുത്തു. രണ്ടുമൂന്നു ദിവസത്തിനുശേഷം ഗാന്ധിജി വിജയയോട് കുട്ടികൾക്ക് സംഭാരം നല്കാറുണ്ടോ എന്നന്വേഷിച്ചപ്പോൾ ക്ഷമിക്കണം ബാപ്പു, മറന്നുപോയി എന്നു പറഞ്ഞു. അപ്പോൾ ഗാന്ധിജി അവളോട് വാത്സല്യത്തോടുകൂടി പറഞ്ഞു, "ഇല്ല, നീ അങ്ങനെ മറക്കാൻ വഴിയില്ല. നീ അങ്ങനെ മറക്കുന്ന കൂട്ടത്തിലല്ലല്ലോ. എന്റെ കാര്യങ്ങളെല്ലാം വളരെ ശ്രദ്ധാപൂർവ്വം നീ ചെയ്യാറുണ്ടല്ലോ. ഞാൻ നടക്കാൻ പോകുന്ന സമയത്ത് എന്റെ പാദരക്ഷകൾ വൃത്തിയാക്കി എടുത്തു വച്ചിരിക്കും. എന്റെ ഊന്നുവടിയും അതിനടുത്ത് വച്ചിട്ടുണ്ടാകും. അപ്പോൾ നീ മറക്കുന്ന സ്വഭാവക്കാരിയല്ല. എന്റെ കാര്യങ്ങളെല്ലാം നീ കൃത്യമായി ചെയ്തുതരികയും അതിൽ വീഴ്ച വരുത്താതിരിക്കുകയും ചെയ്യുന്നത് ഞാൻ ഒരു മഹാത്മാവായതുകൊണ്ടല്ലേ ? നമ്മൾ എപ്പോഴും വലിയ ആളുകളുടെ കാര്യങ്ങളെല്ലാം കൃത്യമായി ചെയ്തിരിക്കും. പക്ഷെ, ഇവരെല്ലാം ചെറിയവരും അപരിചിതരുമാണ്. അതുകൊണ്ട് നമ്മൾ അവരുടെ കാര്യങ്ങളെല്ലാം മറന്നുപോകുന്നു. പക്ഷെ ഒരു കാര്യം, എന്റെ കാര്യങ്ങളിൽ വീഴ്ച വരുത്തിയാലും സാരമില്ല, അവരുടെ കാര്യങ്ങൾ നീ വളരെ ശ്രദ്ധയോടെ ചെയ്യുകയാണെങ്കിൽ ഞാൻ ഏറ്റവുമധികം സന്തോഷിക്കുന്നവനായിരിക്കും."

# ചില ബാല്യവിചാരങ്ങൾ

**ടി. വി. നാരായണൻ കുട്ടി**
**918547594929**

ഉണർന്നപ്പോൾ മുറിയിലാകെ വെളിച്ചം. അപ്പോളാണോർത്തത് ഇന്ന് സ്കൂളില്ലെന്ന കാര്യം. ഇല്ലെങ്കിൽ അമ്മ എന്നും രാവിലെ നേരത്തെ കിടക്കേന്നെടുത്ത് തോളത്തിട്ട് നടന്ന് അടുക്കളേലേക്ക് പോണപോക്കിൽ തട്ടിയുണർത്തും. അച്ഛൻ ചിലപ്പോ പറേണത് കേൾക്കാം.

“അവൾക്ക് വയസ്സു മൂന്ന് കഴിഞ്ഞല്ലേള്ളൂ. കുറച്ചൂടി ഉറങ്ങിക്കോട്ടെ.”

“സ്കൂളിലേക്ക് സമയത്തു കൊണ്ടുചെന്നില്ലെങ്കിലേ ടീച്ചറുടെ ചീത്ത മുഴുവൻ ഞാൻ കേക്കണം”

“ഓ, പ്രീ.കെ.ജി പഠിത്തം സിവിൽ സർവ്വീസാന്നാ അവളുടെ വിചാരം”.

അതിനുമുണ്ടമ്മയ്ക്കുത്തരം. “മൂന്നാം വയസ്സിലെ പ്രീ. കെ. ജി. അവളുടെ സിവിൽ സർവ്വീസ് തന്നെ”.

പിന്നെ അച്ഛനൊന്നും പറയില്ല. ചെലപ്പോതോന്നും, ഈയച്ഛനെന്താ അമ്മേ പേട്യാണോന്ന്. സ്കൂളുള്ള ദിവസത്തെ കാര്യാ കഷ്ടം. നേരത്തെയുണർത്തിയയുടനെ പല്ല് തേപ്പിക്കും. ഞാൻ തേക്കാന്ന് പറഞ്ഞാ അമ്മ സമ്മതിക്കില്ല.

“നീ ബ്രഷും പിടിച്ചു കണ്ണാടീടെ മുമ്പീനിന്നോരോ ഗോഷ്ടിം കാണിച്ച് സമയം കളയും, നിന്റെ പല്ല് തേപ്പ് അവധീള്ളപ്പോമതി.”

പിന്നെ, ഒരു ഗ്ലാസ് നെറയെ പാല് കുടിക്കണന്ന് നിർബന്ധാ. അത് കഴിഞ്ഞ് ബാത്ത്റൂമിൽ കൊണ്ടോയി കക്കൂസ്സിൽ പിടിച്ചിരുത്തും. ഇപ്പോ വേണ്ടെന്ന് പറഞ്ഞാലും കേക്കില്ല. ഇത് ശീലമാക്കണന്നൊക്കെ പറേണത് കേക്കാം. എന്തിനാണാവോ? പിന്നെ കുളിപ്പിക്കും. നേരത്തെ കുളിച്ചില്ലെങ്കി, മുടി ഉണങ്ങില്യാത്രെ. മുടി പിന്നീടാൻ ഉണങ്ങണോ ? ഇനി മുടി പിന്നീടാതെ സ്കൂളീ പോകാന്ന് അച്ഛൻ പത്രത്തിൽ വായിക്കണത് കേട്ടു. അതേതായാലും നന്നായി. പതുക്കെ കുളിച്ചാൽ മതീല്ലോ; പക്ഷെ ഈ അമ്മ സമ്മതിക്കില്ല. അത് കഴിഞ്ഞെനിക്ക് അടുക്കളേല് നൂറൂട്ടം ജോലീണ്ടെന്നൊക്കെ അച്ഛനോട് ചിലപ്പോ പറേണത് കേൾക്കാം. നിങ്ങക്കിവള്ടെ കാര്യം കൊറച്ചൊക്കെ നോക്കിക്കൂടേന്ന് ഇടക്ക് ചോദിക്കും.

“ഞാനെന്ത് ചെയ്താലും നിനക്ക് തൃപ്തിയാവില്ല. അതുവീണ്ടും നീ തന്നെ ചെയ്യും. പിന്നെ ഞാനെന്തിനാ മെനക്കെടുന്നത്” എന്നൊക്കെ അച്ഛൻ പറയും. ഒരു പണിക്കാരിയെ നിർത്താന്നൊക്കെ അച്ഛനൊരിക്കൽ പറഞ്ഞതാ.

“വേണ്ട, വേണ്ട, അവൾക്ക് അഞ്ഞൂറും ആയിരൊക്കെ കൊടുക്കണം. ഒന്നും വൃത്തിയായി ചെയ്യൂല്ല. പോരാത്തേന് അവളുടെ പിന്നാലെ നടക്കോം വേണം.”

അച്ഛനോടിങ്ങനെ എതിർത്തു പറയുമെങ്കിലും ജോലിക്ക് പോകാറാവുമ്പം അച്ഛനിഷ്ടള്ള ഭയണൊക്കെ ഉണ്ടാക്കാൻ അമ്മ പ്രത്യേകം ശ്രദ്ധിക്കും. എന്നോടുള്ള പോലെ അമ്മയ്ക്ക് അച്ഛനോടും നല്ല സ്നേഹാ...

കുളിപ്പിക്കുമ്പഴാ അമ്മേടെ സ്നേഹം നല്ലോണം അറിയാ. പല ഉപദേശങ്ങളും അപ്പഴാ വിളമ്പുക. എന്തൊക്കെയാകാം, എന്തൊക്കെയരുത് എന്നൊക്കെ പറഞ്ഞുകൊണ്ടേയിരിക്കും. ചിലതൊക്കെ കൊറേ തവണ കേട്ടതായിരിക്കും. ഒടുവിൽ കുളി കഴിയുമ്പോൾ നെറ്റീലൊരു ഉമ്മയും, തരും. പറഞ്ഞതൊക്കെ മോൾക്കോർമ്മയുണ്ടോയെന്നൊരു ചോദ്യവും. തനിക്ക് ചെലപ്പോത്തോന്നും എല്ലാ അമ്മമാരും ഇങ്ങന്യാണോന്ന്.

കുളികഴിഞ്ഞാൽ പൂജാമുറീപോയി പ്രാർത്ഥിക്കണം. അമ്മ രാവിലെ എണിറ്റ് കുളികഴിഞ്ഞ് വെച്ച വിളക്ക് കത്തിക്കൊണ്ടേയിരിക്കുന്നുണ്ടാകും. അച്ഛന്റെ പ്രാർത്ഥനയും കഴിഞ്ഞേ അതണയ്ക്കാറുള്ളു. അച്ഛൻ വിളക്ക് കൊളുത്തുന്നത് ഞാൻ കണ്ടിട്ടേയില്ല. ചെലപ്പോ നാലഞ്ചുദിവസം വിളക്ക് കത്തിക്കാറില്ല. അതെന്താമ്മേ എന്നൊരിക്കൽ ചോദിച്ചു. അതൊന്നും നിനക്കിപ്പോ പറഞ്ഞാ മനസ്സിലാവില്ലാന്നാ അമ്മ പറഞ്ഞത്. എന്താണാവോ?

ഇന്നേതായാലും സ്കൂളില്ല. അമ്മയ്ക്ക് അച്ഛന്റെ കാര്യം മാത്രം നോക്ക്യാമതി. ചിലപ്പോ അമ്മേനേ ബുദ്ധിമുട്ടിക്കണ്ടാന്ന് കരുതി അച്ഛൻ പറേണത് കേൾക്കാം.

“ ഞാനിന്ന് പുറത്തുനിന്ന് കഴിച്ചോളാം”.

പക്ഷെ, അമ്മ സമ്മതിക്കില്ല. “വേണ്ട വേണ്ട, വയറ്റിന് വല്ല അസുഖാം പിടിച്ചാ, അതിനും ഞാൻ തന്നെ പിന്നാലെ നടക്കണം.” അമ്മയിങ്ങനെ പറേണതും അച്ഛനോടുള്ള സ്നേഹം കൊണ്ടന്ന്യല്ലേ?

ഒഴിവ് ദിവസങ്ങളിൽ രാവിലെ കുറേനേരം ടി.വി. കാണാൻ സമ്മതിക്കും. “ഡോറയുടെ പ്രയാണവും ഛോട്ടാഭീമുമൊക്കെ നല്ല രസാണ് കാണാൻ. ചെലപ്പോ കുട്ടിഹനുമാന്റെ കഥയും കാണാം. ഹനുമാന്റെ മുഖെന്താ കുരങ്ങനെപ്പോലേന്നൊരിക്കൽ അമ്മയോടു ചോദിച്ചു. അമ്മ ഉടനെ ഹനുമാന്റെ ജനനകഥ മുഴുവൻ പറഞ്ഞുതന്നു. അതും നല്ല രസായിരുന്നു. അമ്മക്കീക്കഥയൊക്കെ ആരാ പറഞ്ഞുകൊടുത്തേ.? മുത്തശ്ശനും, മുത്തശ്ശീം ആയിരിക്കും.

ഛോട്ടാഭീം കാണുമ്പോ, അച്ഛൻ ചെലപ്പോ പറയും “എന്തിനാമോളേയിത് കാണുന്നത്. ഭീം എപ്പോഴും ജയിക്ക്യല്ലേ?”

അപ്പോൾ തോന്നും അച്ഛനിത്ര മണ്ടനാണോന്ന്. ഛോട്ടാ ഭീമിന് മറ്റെല്ലാരേക്കാളും ശക്തീല്ലേ? അപ്പപ്പിന്നെ ജയിക്കില്ലേ? ഛോട്ടാ ഭീം തോറ്റാൽ കുട്ട്യോൾക്കൊക്കെ സങ്കടാവില്ലേ?

ടി.വി. കണ്ടോണ്ടിരിക്കുമ്പം, എന്തെങ്കിലും പലഹാരങ്ങളോ, ജൂസോ അമ്മ കൊണ്ടോന്ന് തരും. അതുകഴിഞ്ഞ് തുണി തിരുമ്മാൻ അമ്മ പുറത്തുപോകും. വാതില് പുറത്തുനിന്ന് കുറ്റീട്ടിറ്റേ പോകൂ. "മോളേ നീയെവിടേയും പോകല്ലേ" എന്ന് പറയുന്നതും കേൾക്കാം. ഈ അമ്മയെന്തിനാണിങ്ങനെ പേടിക്കണത്? ഞാനെവിടെയെങ്കിലും ഓടിപ്പോകോ?

പണികഴിഞ്ഞാൽ അമ്മ വിളിതുടങ്ങും. "വാമോളേ കുളിക്കാൻ, എണ്ണതേക്കണ്ടേ? ചിലപ്പോൾ നല്ല ഹരം കയറിയ സമയത്താവും വിളി. വീഡിയോ ആണെങ്കി 'പോസ്' ചെയ്ത് പോവായിരുന്നു. ചെലപ്പോ സങ്കടാവും.

ഒഴിവ് ദിവസങ്ങളിൽ ഉച്ചയ്ക്ക് അമ്മ പായസണ്ടാക്കും. ചിലപ്പോൾ അമ്മ ചോദിക്കും "മോക്കേത് പായസാ വേണ്ടേ?" തനിക്ക് ശക്കരപായസാ ഇഷ്ടാന്ന് ഈ അമ്മ്യോടെത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എന്നാലും ചോദിക്കും. ചിലപ്പോൾ പാൽപായസം വെക്കും. അപ്പോ, ഞാൻ ചോദിച്ചാൽ അമ്മ പറയും "അച്ഛനതാമോളേ ഇഷ്ടം. അടുത്താഴ്ച മോക്ക് ശർക്കര പായസം വെച്ച്തരാട്ട്വോ.." തന്നോടു ചോദിക്കുന്ന പോലെ അച്ഛനോടും അമ്മ ചോദിച്ചിട്ടുണ്ടാകും.

ഉച്ചയൂണുകഴിഞ്ഞാൽ തന്നെയുറക്കാനാണമ്മയ്ക്ക് ധൃതി. വേണ്ടെന്ന് പറഞ്ഞാലും സമ്മതിക്കില്ല. ഒപ്പം കിടക്കും. തന്നെ ഉറക്കിയിട്ടേ അമ്മ ഭഷണം കഴിക്കാൻ പോകു. ചിലപ്പോൾ തോന്നും കിടത്തിയുറക്കാൻ താനെന്താ കൊച്ചു കുട്ടിയാണോന്ന്.

വൈകുന്നേരങ്ങളിൽ അടുത്ത വീട്ടിലെ കുട്ടികളിൽ ചിലർ കളിക്കാൻ വരും. എല്ലാവരും കൂടിയുള്ള കളി എന്ത് രസാണോ? പ്രീ. കെ. ജിലെ ഒരു കുട്ട്യേഉള്ളു. ബാക്കിയുള്ളോരൊക്കെ ചേട്ടന്മാരും, ചേച്ചിമാരുമാണ്. ചിലകളികൾക്ക് ഞങ്ങളെ കൂട്ടാറില്ല. ചോദിച്ചാ പറയും, "നിങ്ങൾ കുറച്ചു കൂടി വലുതാവട്ടേന്ന്."

കുട്ടികൾക്ക് വലിപ്പോം, ചെറുപ്പോം ഉണ്ടോ എന്നൊന്നും അറീല്ല്യ.. ചിലപ്പോൾ അച്ഛനുമമ്മയും ഒന്നിച്ചിരുന്ന് ഞങ്ങളുടെ കളികൾ കാണും. പലപ്പോഴും അവർ എന്തൊക്കെയോ തമാശകൾ തമ്മിൽ പറഞ്ഞ് ചിരിക്കുന്നതു കാണാം. എന്താണിത്ര തമാശ പറയാനുള്ളത്. തന്നെപ്പറ്റിയാണോ? ചിരികേട്ട് നോക്കുമ്പോൾ അവര് പറയും, "മോള് കളിച്ചോ".

സന്ധ്യയാകുമ്പോഴേക്കും അച്ഛൻ പറയും "മതിമോളെ, പോയി മേൽകഴുകി, നാമം ജപിക്കണം"

ഗണപതിയേയും, കൃഷ്ണനേയും പറ്റി ചിലതൊക്കെ അമ്മ പറഞ്ഞുതന്നു. നാമം ചൊല്ലാനും അമ്മ പഠിപ്പിച്ചു. തുമ്പിക്കൈയുള്ള, ഒരു കൊമ്പുമുറിഞ്ഞ ഗണപതി, ഓടക്കുഴലൂതി നിൽക്കണ ശ്രീകൃഷ്ണൻ. ഇതൊക്കെ പൂജാമുറിയിൽ എന്നും കാണുന്നതാണ്. ഗണപതിയുടെ കൊമ്പുമുറിഞ്ഞ കഥയും അമ്മ പറഞ്ഞുതന്നിരുന്നു.

സന്ധ്യാനേരത്ത് എല്ലാ വാതിലും, ജനലും അമ്മ കൊട്ടിയടയ്ക്കും. എന്തിനാണെന്ന് ചോദിച്ചാൽ പറയും "സന്ധ്യനേരത്താ കൊതുക് അകത്തേക്കു കേറ്വാ", കുറെ കഴിഞ്ഞ് ചിലതു തുറന്നിടും.

"ഈ കൊതുകത്ര ഭയങ്കരനാണോ?" എന്നൊരിക്കൽ അമ്മയോടു ചോദിച്ചു.

"മോളേ ഇത് കാണുമ്പോ, ചെറുതാണെങ്കിലും, കടിച്ചാൽ വരുന്ന രോഗങ്ങൾ വലുതാണ്, വളരെ സൂക്ഷിക്കണം, കൊതുക് നമ്മുടെ ചോര കുടിക്കാനാ വരുന്നതു".

രാത്രി കൊതുക് വരാതിരിക്കാൻ അച്ഛനൊരു സാധനം വാങ്ങി ഉറങ്ങുന്ന മുറിയിൽ വെച്ചിട്ടുണ്ട്. സ്വിച്ചിട്ടാൽ അതിലെ ഒരു ചുവന്ന വിളക്ക് കത്തും, പിന്നെ കൊതുക് വരില്ല്യാത്രെ..

അടുത്ത വീട്ടിലെ അങ്കിൾ സന്ധ്യക്ക് കൈയ്യിലൊരു ബാറ്റും പിടിച്ച് ഇടക്കിടെ വീശുന്നത് കണ്ടു അമ്മയോട് ചോദിച്ചപ്പോൾ അത് കൊതുകിനെ കൊല്ലുന്നതാണെന്നാണ് പറഞ്ഞത്. കൊതുകിനെപ്പോലൊരു കുഞ്ഞുജീവിയെ കൊല്ലാൻ ഇത്ര വലിയൊരു ബാറ്റെന്തിനാ? ഒരിക്കൽ അങ്കിളിന്റെ ബാറ്റിനെ കണ്ട് വായ പൊത്തി ചിരിച്ചപ്പോൾ വേണ്ടമോളെ മുതിർന്നവർ ചെയ്യുന്നത് കണ്ട് ഇങ്ങിനെ ചിരിക്കേണ്ടെന്ന് അമ്മ പറഞ്ഞു.

രാത്രി ചിലദിവസങ്ങളിൽ അച്ഛൻ ഭക്ഷണം വാങ്ങിക്കൊണ്ടു വരും. തനിക്കിഷ്ടമുള്ളതേതെന്ന് പോകുമ്പോളച്ഛൻ ചോദിക്കും. ആദ്യമൊക്കെ തനിക്കൊന്നുമറിയില്ലായിരുന്നു. ഇപ്പോൾ കുറേശ്ശെ അറിയാൻ തുടങ്ങി. ഭക്ഷണം കഴിഞ്ഞാൽ, പല്ലുതേച്ചിട്ടേ കിടക്കാൻ പോകാവൂ എന്നമ്മ എപ്പോഴും പറയും. 'എന്തിനാമ്മേ രാത്രിപല്ലുതേക്കണത്. രാത്രി ഉറക്കത്തിനിടെ ഭക്ഷണോന്നും കഴിക്കണില്ല്യല്ലോ.?'


അതിനുമുണ്ട് അമ്മക്ക് മറുപടി "രാത്രി പേസ്റ്റില്ലാതെ തേച്ചാമതി, മോളിപ്പം അമ്മ പറേണത് കേൾക്ക്."

അതും കഴിഞ്ഞ് ബാത്ത്റൂമിൽ പോയിവന്ന ശേഷമേ കിടക്കാവൂ. അമ്മയും കൂടെ കിടക്കും. ചിലപ്പോളമ്മ കഥകൾ പറയും, കേട്ടുകേട്ടങ്ങിനെ ഉറങ്ങും. താനുറങ്ങിയിട്ടേ അമ്മയുമ്മച്ഛനും ഭക്ഷണം കഴിക്കാൻ പോകാറുള്ളു.

ചിലപ്പോൾ പകുതി ഉറക്കത്തിലാവുമ്പോൾ അമ്മ, അച്ഛനോട് പറേണത് കേൾക്കാം "പാവം, നമ്മുടെ മോൾക്കൊരു ശാഠ്യവുമില്ല. പറേണതൊക്കെ അപ്പാടെ അനുസരിക്കുന്നു." ഇതുംപറഞ്ഞു കവിളിലൊരുമ്മതന്ന് രണ്ടുപേരും പോകും. അപ്പോൾ തനിക്കും മനസ്സിൽ തോന്നും 'നല്ല അമ്മ നല്ല അച്ഛൻ.'

■ ആരോഗ്യം

# അപ്പോപ്ലെക്സി
(Apoplexy)



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

**വെ**ട്ടെന്ന് നഷ്ടപ്പെടുന്ന സംവേദനം (Sensations), ചലനം, ബോധം ഇവയെല്ലാമാണ് പ്രാഥമിക ലക്ഷണം. തലച്ചോറിലുണ്ടാകുന്ന രക്തസ്രാവം മൂലമോ, ധമനികൾക്കുള്ള തടസ്സം മൂലമോ ആയിരിക്കും ഇതിന്നുകാരണം. ഉയർന്ന രക്തസമ്മർദ്ദം വേറൊരു കാരണമാകുന്നു. അപകടം മൂലം ഉണ്ടാകുന്ന തലച്ചോറിലെ മുറിവ് രക്തസ്രാവത്തിന്നിടയാക്കുന്നു. ഇതും മേൽപ്പറഞ്ഞ അസുഖത്തിന്നു കാരണമായേക്കാം. സാധാരണയായി വാർദ്ധക്യത്തിലാണ് ഈ അസുഖം കാണപ്പെടുന്നത്. രോഗലക്ഷണങ്ങൾ പെട്ടെന്നായിരിക്കും. ചിലപ്പോൾ മുൻസൂചനകളും ഉണ്ടായിരിക്കും. തലവേദന, മരവിപ്പ്, പരിഭ്രമം, തലചുറ്റൽ, സംസാരത്തിന്ന് പ്രയാസം, അനിശ്ചിത മലമൂത്രവിസർജ്ജനം ഇവയെല്ലാം രോഗലക്ഷണങ്ങളിൽ പെടുന്നവയാണ്. തുടർന്ന് കൈകാലുകൾക്കുള്ള നിയന്ത്രണം നഷ്ടപ്പെടുകയും പിന്നീട് ശരീരത്തിന്റെ ഒരുവശം തളർച്ച അനുഭവപ്പെടുകയും ചെയ്യുന്നതായിരിക്കും. ചിലർക്ക് ബോധക്ഷയം ഉണ്ടാകുവാൻ സാധ്യതയുണ്ട്. ശ്വാസതടസ്സം നേരിടുന്നതുകൊണ്ട് രോഗി വിവർണ്ണ മുഖമാവുന്നതായിരിക്കും. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ബോധം തിരിച്ചുകിട്ടാതെ മരണം വരെ സംഭവിക്കാവുന്നതാണ്. രോഗത്തിന് ശമനം ഉണ്ടാകുവാൻ സാധ്യതയുണ്ടെങ്കിലും, പൂർവ്വസ്ഥിതിയിലേക്ക് പ്രവേശിക്കുവാൻ സാധ്യത കുറവാണ്. തളർന്ന ഭാഗങ്ങൾക്ക് പ്രവർത്തനശേഷി പൂർണ്ണമായും ലഭിക്കുന്നതല്ല. രോഗലക്ഷണങ്ങൾ കണ്ട ഉടനെ ഫലപ്രദമായ ചികിത്സയെടുക്കുന്നതുമൂലം രോഗശമനം നേരിടുവാൻ സാധിക്കുന്നതാണ്. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ ഉത്തമം രോഗം വരാതെ സൂക്ഷിക്കുന്നതുതന്നെയാണ്. ശരീരത്തിന്ന് ഗുണകരമായ ആഹാര ശൈലിയിലേക്ക് മാറേണ്ടതാണ്. മദ്യപാനം, പുകവലി എന്നിവ തീരെ വർജ്ജിക്കേണ്ടതാണ്. പ്രമേഹം, രക്തസമ്മർദ്ദം ഇവ നിയന്ത്രിക്കണം. മാനസിക സംഘർഷമുണ്ടെങ്കിൽ അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കണം. ഈ അസുഖത്തിന്ന് എല്ലാവിധ ചികിത്സാസംവിധാനങ്ങളും ഫലപ്രദമാണ്. ●

■ കവിത


# അമ്മ

മിനി.ജെ.വെട്ടം
9539536741

നിന്നിലുറങ്ങി ഞാൻ
പച്ചയായി
സ്വപ്നങ്ങളൊക്കെയും
ചോപ്പണിഞ്ഞു
കാത്തിരുന്നുഞാൻ
കാതോർത്തിരുന്നു
രാത്രിയും പകലും
കൊഴിഞ്ഞു തീർന്നു
സന്ധ്യകൾനാമങ്ങൾ
ചൊല്ലിടുമ്പോൾ
രാത്രികൾ കുളിരു
വിതറിയപ്പോൾ
കാറ്റിന്റെ താരാട്ട്
കേട്ടുകേട്ട്
കുസൃതിക്കുരുന്നായി
ഞാൻ വളർന്നു
ഇന്നുമുതിർന്നുഞാൻ
കേട്ടതില്ല നിൻ വിലാ-
പങ്ങൾ അറിഞ്ഞതില്ല
നിൻ മാറുമാന്തി
യെടുത്തിടുമ്പോൾ
കൈകാലുകൾ വെട്ടി
ഞാൻ മാറ്റിടുമ്പോൾ
ഒട്ടുമെ വേദന
കാട്ടിടാതെ
നിൻ മുഖത്തുണ്ടൊരു
മന്ദഹാസം
അകലേക്ക് പോയ നീ
അമ്മയെന്നറിയുമ്പോൾ
ചെയ്ത പാപമെല്ലാം
നിൻ കാൽക്കൽ
അർപ്പിക്കാൻ
പൂക്കൾതേടി
അലയുന്നു ഞാനിന്നും
മന്നിടത്തിൽ.

# തൂപ്പുകാരോട്

ദേവീപ്രസാദ് പീടീയ്ക്കൽ
8590153253



കാത്തുനിന്ന് കാലം
കടന്നതറിയാതെ പൊഴിഞ്ഞതാണ്...
പുലർ മഞ്ഞിൽ പുതച്ചുകിടക്കേണ്ട മടിയെ
തൂത്തെറിഞ്ഞ് ജോലിക്കെത്തുന്ന
നിങ്ങളെ കാത്തല്ല...
അതിനാൽ, വീണു മുറിവേറ്റ മൃദുല ദളങ്ങളെ
ചവിട്ടിയരക്കാതിരിക്കുക...
പരാഗണം പഴങ്കഥയായ കേസരത്തിൽ
ഈർക്കിൾ പ്രയോഗിക്കാതിരിക്കുക...
പഴകിയ കഫം തുപ്പി അവഹേളിക്കാതിരിക്കുക.
ഷഡ്പദങ്ങൾക്ക് പങ്ക് വച്ചതിന്റെ ഒരു തുള്ളി
തേനോ, ഉന്മത്തരാക്കാനുള്ള
പരിമളമോ ബാക്കിയില്ല...
എങ്കിലും,
ആ പീത പുഷ്പങ്ങളെ മെല്ലെ പെറുക്കി മാറ്റുക...
മുത്തിയുണർത്തിയ സൂര്യന്റെ അന്ത്യ ചുംബനവും
കാത്ത് അവിടെ, ആ മണ്ണിൽ
അലിഞ്ഞ് ചേരാൻ അനുവദിക്കുക.



# പകലിറങ്ങിപ്പോയ നേരം



**അശോകൻ രാജീവം**
**9447533850**

**ക**യ്യിലിരിക്കുന്ന വിസിറ്റിംഗ് കാർഡ് അവൾ തിരിച്ചും മറിച്ചും നോക്കി. 'തസ്മി' എന്നുപേരുള്ള ഒരു ഫാൻസിഷോപ്പിന്റെ കാർഡാണ്. തസ്മി എന്ന് ഇംഗ്ലീഷിലും പെട്ടെന്നുകണ്ടാൽ അറബിയാണെന്നും തോന്നുംവിധം മലയാളത്തിലും എഴുതിയിട്ടുണ്ട്. വിലാസത്തിനോടൊപ്പം ചേർത്തിരിക്കുന്നത് ഒരു ലാന്റ്ഫോൺ നമ്പറാണ്. ഉടമസ്ഥന്റെ പേരോ മൊബൈൽ നമ്പറോ ഒരിടത്തും കാണാനില്ല.

എളാപ്പയുടെ മകന്റെ ഭാര്യ നസ്രിയ ഇന്നലെ ടൗണിൽ പോയപ്പോഴാണ് എന്തോ വാങ്ങാൻ വേണ്ടി ഈ കടയിലും കയറിയത്. കടയുടമസ്ഥനുമായി എന്തൊക്കെയോ സംസാരിച്ച കൂട്ടത്തിൽ വീട്ടുപേരും സ്ഥലപ്പേരുമൊക്കെ പറഞ്ഞു എന്നും, അതുകേട്ടപാടെ അയാൾ ആവേശത്തോടെ പിന്നേയും പിന്നേയും ഒരുപാട് കാര്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നുവെന്നും അതിലേറെയും തന്നെക്കുറിച്ചായിരുന്നു എന്നുമൊക്കെയാണ് നസ്രിയ പറഞ്ഞത്.

അവളാണെങ്കിൽ ഒരു വായാടിപ്പെണ്ണാണ്. അയാൾ ആരാണാവോ ? അയാൾ ചോദിച്ചതിനെല്ലാം പത്തിരട്ടി പൊടിപ്പും തൊങ്ങലും വെച്ച് അവൾ മറുപടി കൊടുത്തിട്ടുണ്ടാവും. അയാൾ തന്നെ കുറിച്ച് എന്തായിരിക്കും ചോദിച്ചിട്ടുണ്ടാവുക ?

അവിടെയെനിക്കൊരു പരിചയക്കാരിയുണ്ട്, അറിയുമോ ? പേര് തസ്ലീമാന്നാണ്. അല്ലെങ്കിൽ ചിലപ്പോൾ ഇങ്ങനെയാകും – അവിടെ തസ്ലീമ എന്നൊരു കുട്ടിയെ അറിയുമോ ? ഞങ്ങളൊന്നിച്ച് പഠിച്ചതാണ്. ഒന്നിച്ച് പഠിച്ചവൾ എന്നു പറയുമ്പോൾ പത്ത് മുപ്പത് വർഷങ്ങൾക്കുമുൻപ് ഒമ്പതാം ക്ലാസ്സിൽ വെച്ച് പഠിത്തം നിറുത്തിയവളാണ് താൻ. അന്ന് പതിനഞ്ച് പതിനാറ് വയസ്സിൽ തന്നെ ഇരുപത് വയസ്സിന്റെ വളർച്ചയുണ്ടായിരുന്നു ശരീരത്തിന്. പൊതുവെ തടിച്ച പ്രകൃതമാണ്.

നിക്കാഹിന്റെ തലേന്നാണ് സ്കൂളിൽ പോക്കുനിറുത്തിയത്. പിറ്റേന്ന് വിവാഹമാണ് എന്നുവിളിച്ചുപറയുവാൻ ഇന്നത്തെപ്പോലെ മൊബൈൽ സൗകര്യമൊന്നും ഉണ്ടായിരുന്നില്ല. പത്താം ക്ലാസ്സ് പൂർത്തിയാക്കിയതാണെങ്കിൽ ഒരു ഗ്രൂപ്പ് ഫോട്ടോയെങ്കിലും കിട്ടിയേനേ... ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോ നോക്കി ചിലരുടെയെങ്കിലും പേരുകൾ ഓർത്തെടുക്കാൻ സാധിക്കുമായിരുന്നു. ഓരോ പേരുകൾക്കും അനുയോജ്യമായ മുഖങ്ങളുണ്ടാവുമല്ലോ...

ഉള്ളിന്റെ ഉള്ളിലെവിടെയോ ചില മുഖങ്ങളും പേരുകളും മങ്ങാതെ മായാതെ അള്ളിപ്പിടിച്ചു കിടപ്പുണ്ടെന്ന് തോന്നുന്നു. ഇല്ലെന്ന് വരുത്തി തീർക്കാൻ ശ്രമിക്കുമ്പോഴാണെന്നു തോന്നുന്നു നമുക്ക് നമ്മളെത്തന്നെ നഷ്ടപ്പെടുന്നത്. എന്തോ ശരിക്കും അറിയല്ല.

പക്ഷേ, ഇത്താത്ത– ആളൊരു ചുള്ളനാട്ടോ..... കണ്ടാ തോന്നില്ല ഇങ്ങൾടെ കൂടെ പഠിച്ചതാന്ന്. ഇനീപ്പോ, ഇങ്ങളാണോ നിങ്ങൾടെ ഫാദറാണോ ഇന്റെ ഇത്താത്തടെ കൂടെ പഠിച്ചത് ന്ന് ഞാൻ ചോദിച്ചപ്പോള്ണ്ട് പുള്ളിക്കാരൻ ഒരു ചിരി!...... ഹോ, എന്ത് രസായിരുന്നു ആ ചിരിതന്നെ കാണാന്ന്!! ന്റെ ത്താത്ത, ശെരിക്കും ഒരു മുപ്പത് മുപ്പത്തിരണ്ട് അത്രേ വരുള്ളൂ. നസ്രിയ പറഞ്ഞുകൊണ്ടേയിരുന്നു. അവളങ്ങനെയാണ്. ശ്ശെടാ, അത്രയും സുന്ദരനോ? അതും തന്റെ കൂടെ പഠിച്ചവരിൽ ആരാണ് റബ്ബേ.

"ഇത്താത്തയ്ക്ക് ആരേം ഓർമ്മേല്ലേ?"

ഒന്നോർത്തോക്ക്....... അല്ലെങ്കി മേണ്ടാ-അയില് ഫോൺ നമ്പറിണ്ടല്ലോ. ഒന്ന് വിളിച്ചോക്കിൻ. ഛേ! ഞാനൊരു ബുദ്ദൂസ്. ഇയ്ക്കാണെങ്കി ആ പേരങ്ങ്ട് മറന്നും പോയി. യിന്നലെക്കണ്ട ഇനിയ്ക്കേ നാവുമ്മേ നിക്കിണില്ല...... പിന്നല്ലെ ഇത്രേം കാലം മുമ്പ് കണ്ട് മറന്ന ഇങ്ങ്ക്ക് ല്ലേ.....? ഇത്താത്ത ആ നമ്പറിങ്ങ്ട് തരിൻ ഞാമ്പിളിക്കാ.....

"വേണ്ട നസ്രീ...... ന്നാം ബിളിക്കാ...... നാളെയാകട്ടെ, ഇനീപ്പോ ഈ രാത്രി വേണ്ടാ."

അവൾക്ക് അയാളെക്കുറിച്ച് എത്ര പറഞ്ഞിട്ടും മതിയാകുന്നില്ല.

"ഹോ ഇന്റിത്താത്ത, നമ്മൾനെ പോലത്തെ ഭാഷയല്ലാട്ടാ പുള്ളീന്റെ. ശുദ്ധ മലയാളാ. ന്ന് വെ

ച്ചാ ഒരു നല്ല മലയാളം പാട്ട് പാടി ണപോലെ..... എന്ത് രസാന്നറിയോ കേൾക്കാൻ.''

അവളുടെ അവസാന ത്തെ വാചകം ഉള്ളിൽ വീണു. അവിടെ കിടന്നൊന്നു പിടഞ്ഞു. പാട്ടു പാടുന്നപോലെ.....!-അതുചിലപ്പോൾ വേണു ആയിരിക്കുമോ? അതോ സുദേവനോ? റോയി, പത്മരാജൻ..... ഇവരൊക്കെയല്ലേ അന്ന് ക്ലാസ്സിലുണ്ടായിരുന്ന പാടുന്ന കുട്ടികൾ....? പിന്നെതാനും! താൻ പക്ഷേ, മാപ്പിളപാട്ടുകളെ പാടുമായിരുന്നുള്ളൂ.

വെള്ളിയാഴ്ചത്തെ അവസാനത്തെ പിരീഡ് സാഹിത്യസമാജമാണ്. മഷിത്തണ്ടുകൊണ്ട് ഉരച്ചു മിനുസപ്പെടുത്തിയ കറുത്ത ബോർഡിൽ കളർ ചോക്കുകൊണ്ട് 'സാഹിത്യസമാജം' എന്ന് എഴുതാറുള്ളത് വേണുവാണ്. വേണു നന്നായി പാടും, കവിത നല്ല ഈണത്തിൽ ചൊല്ലും!

ക്ലാസ്സ് ടീച്ചറായിരുന്ന വിജയലക്ഷ്മി ടീച്ചറെ അധ്യക്ഷസ്ഥാനത്തിരുത്തി പത്മരാജനാണ് ഈശ്വരപ്രാർഥന ചൊല്ലാറുള്ളത്. അതു കഴിഞ്ഞാൽ ടീച്ചർ തന്നെ വിളിക്കും, ''ഇനി തസ്ലീമ ഒരു മാപ്പിള പാട്ട് പാട്''

അതു കഴിഞ്ഞ് റോയി.

താനെന്നും പാടാറുള്ളത് 'അഹാദോന്റെ തിരുനാമം' എന്നു തുടങ്ങുന്ന പാട്ടായിരുന്നു. അല്ലെങ്കിൽ 'അറബിനാട്ടില് അകലെയെങ്ങാൻ'..... എന്ന പാട്ട്. വേണു നന്നായി പ്രസംഗിക്കും.

''ഉമ്മ''

റഹീനയുടെ കുപ്പിവളകിലുങ്ങുന്ന കൈ ഇടുപ്പിലൂടെ ചുററിവരിഞ്ഞപ്പോൾ തസ്ലീമ ഒന്നു ഞെട്ടി.

''ഉമ്മാ, ഉറങ്ങിയില്ലേ?''

''എന്തേ മോളേ ?''

''ഒന്നൂല്ല-.. ഉമ്മാക്ക് ആളെ മനസ്സിലായോ?''

''ആരെ?''

''ആ കാർഡിലുള്ളാളെ''

''ഓ, അതോ''

''അതുമ്മാന്റെ പേരാണോ?''

''ഏത്?''

''ആ ഷോപ്പിന്റെത്- 'തസ്മീന്ന്'?''

''ഓ, പിന്നെ''

''അല്ലുമ്മാ, തസ്ലീമ എന്നത് ചുരുക്കി 'തസ്മി' എന്നിട്ടതാന്നെങ്കിലോ?''

''ജ്ജിത്തിരി മുണ്ടാണ്ടിരിന്നാണ്-ഇക്കൊറക്കം ബരിണ്''

അത്രേ പറയാൻ പാടുള്ളു... താനിന്ന് രണ്ട് പെൺമക്കളുടെ ഉമ്മച്ചിയാണ്. മൂത്ത മോൾക്ക് രണ്ടുമക്കളുണ്ട്. അവരുടെ ഉമ്മൂമ്മയാണ്. ഇരുപതാമത്തെവയസ്സിൽ രണ്ട് പെൺമക്കളെയും കൊണ്ട് വൈധവ്യത്തിന്റെ പടുകുഴിയിൽ വീണുപോയ ഹതഭാഗ്യയാണ്. അവിടുന്നിങ്ങോട്ടിന്നേവരേയ്ക്കും മനസ്സിനേയും ശരീരത്തിനേയും കല്ലാക്കി ജീവിച്ചവളാണ്.

രണ്ടാമത്തെ മകളാണ് റഹീന. അവളുടെ നിക്കാഹിന് ഇനി ദിവസങ്ങളേയുള്ളു. ഇവളും കൂടി വീടുവിട്ടിറങ്ങിയാൽ പിന്നെ, പ്രായാധിക്യത്താൽ കിടപ്പിലായ ഭർത്താവിന്റെ ഉമ്മയേയും പരിചരിച്ചുകൊണ്ട് ശിഷ്ടകാലം നെടുവീർപ്പുകളടക്കി കഴിയേണ്ടവളാണ്.

''അല്ലുമ്മാ.... ഒന്ന്....?''

''ജ്ജി മുണ്ടാണ്ട് ഒറങ്ങിക്കോ റാഹീ.... വേറെ പന്നീല്ല...''

കറുത്ത പുള്ളികളുള്ള നീലത്തട്ടം വലിച്ച് മുഖത്തേക്കിട്ടു. പിന്നൊന്നും മിണ്ടാതെ, റാഹീന മറുവശത്തേക്ക് തിരിഞ്ഞുകിടന്നു.

കുംഭമാസത്തിന്റെ ഉച്ച ചൂടിൽ നിന്നും ആ ഫാൻസി ഷാപ്പിന്റെ അകത്തെ ശീതളിമയിലേക്ക് നടന്നുകയറുമ്പോൾ കണ്ണിൽ നിറയെ ഇരുട്ടായിരുന്നു. കുറച്ചുനേരമെടുത്തു തസ്ലിമയ്ക്ക് കാഴ്ചകൾ തിരിച്ചറിയാൻ. നല്ല തിരക്കുള്ള കടയാണ്. ചില്ലുകൂടുകളിൽ വെട്ടിത്തിളങ്ങുന്ന മഞ്ഞ ലോഹത്തിന്റെ കമ്മലുകളും വളകളും മാലകളും. പിന്നെ, പൗഡറ്, സെന്റ് എന്നുവേണ്ട സ്ത്രീകൾക്കുവേണ്ട എല്ലാലൊട്ട് ലൊടുക്ക് സാധനങ്ങളും വിൽക്കുന്നകട! ഇരുപതുവയസ്സുവരെ തന്നെയും മോഹിപ്പിച്ച സാധനങ്ങൾ കണ്ണാടി കൂടുകൾക്കുള്ളിൽ കിടന്ന് തന്നെ നോക്കി പരിചയഭാവത്തിൽ ചിരിക്കുന്നുണ്ടായിരുന്നു. നസ്രിയ പറഞ്ഞത് ഈ കടയെ കുറിച്ച് തന്നെയാണ്- 'തസ്മി ഫേൻസിഷോപ്പ്!'

തിരക്കിലൂടെ നടന്ന് പണപ്പെട്ടിക്കരികിലിരിക്കുന്ന ആളുടെ അടുത്തെത്തി. ഒററ നോട്ടത്തിൽ തന്നെ ആളെ മനസ്സിലായി - പത്മരാജൻ എന്ന പപ്പൻ!

അൽപം മങ്ങിയ നിറമാണെങ്കിലും സുമുഖൻ തന്നെ! ഇപ്പോഴും ചെറുപ്പം വിട്ടുമാറിയിട്ടില്ലാത്ത ചിരിയും സംസാരവും. ആരേയും മുഷിപ്പിക്കാത്ത സംഭാഷണരീതി. കച്ചവടക്കാരന്റെ ചാതുര്യമാവാം.

കഴുത്തിലും കൈത്തണ്ടയിലും നല്ല ഘനമുള്ള സ്വർണ്ണചെയിനുകൾ..... വിലകൂടിയ റിസ്റ്റ് വാച്ച്.... തൂവെള്ള ടെറിലിൻ ഷർട്ടും വേഷ്ടിയും. മൊത്തത്തിലൊരു ആനച്ചന്തം! നവരത്ന കല്ലുകൾ പതിച്ചു മോതിരമിട്ട കൈവിരലുകൾ മേശമേൽ പതുക്കെ താളമിടുന്നുണ്ട്.

അപ്പോഴാണ് ശ്രദ്ധിച്ചത്, ആ കുളിർമ്മയുള്ള ഹാളുമുഴുവൻ നിറഞ്ഞു നിൽക്കുന്നത് വളരെ നേർത്ത ഒരു മുരളിഗാനമാണ്.

ഒമ്പത് ബിയിലെ സൈഡു ബെഞ്ചിലിരുന്ന് തന്നെ നോക്കി ഇടയ്ക്കിടക്ക് പുഞ്ചിരിക്കുമായിരുന്ന പപ്പന്റെ മുഖം ഓർമ്മയിൽ തെളിഞ്ഞു.

ചിലപ്പോൾ കണ്ടിട്ടും കാണുന്നില്ല എന്നുതന്നെ താൻ നടിക്കും. തങ്കപ്പൻ മാഷിന്റെ ചോക്കിൻ കഷണം നെറ്റിയിൽ വന്നു വീഴുമ്പോൾ പപ്പൻ പെട്ടെന്ന് ചാടിയെഴുന്നേൽക്കും.

''എവിടെ നോക്കിയാടാ ഇരിക്കിണത്? ഉത്തരം പറയടാ'' മാഷ് കയർക്കും.

''സർ,ചോദ്യം മനസ്സിലായില്ല സർ''

പാവം മാഷ്, ചോദ്യം ഒ

ന്നും കൂടി വിശദീകരിക്കും. അത്രയും സമയം മതി. പപ്പൻ ഉത്തരം കണ്ടെത്തിയിരിക്കും കള്ളൻ.....!

ഇവനൊരു ക്ഷണ പത്രിക കൊടുത്തേക്കാം.....

“മേഡത്തിനെന്താവേണ്ടത്?” പപ്പന്റെ ചോദ്യം അവളെയുണർത്തി,

അവൾ ചുററമൊന്നു നോക്കി, തന്നെയാണോ?

“എടാ ജോസേ, ഇവിടെ, മേഡത്തിനെന്താ വേണ്ടതെന്ന് ചോദിക്കു”

‘മേണ്ട.....ഞാനൊന്നും വാങ്ങാൻ വന്നതല്ല”

“പിന്നെ...?”

ബാഗിൽ നിന്നും അവന്റെ കാർഡെടുത്ത് നീട്ടി–

“ഇത്..... ഇങ്ങള് കൊടുത്തതാണി രണ്ടീസം മുമ്പ്.”

“നിങ്ങൾ?...”

“ഞമ്മള്... തസ്ലീമാനെ ഓർമ്മേണ്ടാ ങ് ക്ക് ?...”

“ഓ യെസ്..... തസ്ലീമാ..... ഓ മൈ ഗോഡ്.....”

“മേഡം തസ്ലീമേടെ?...... ഉമ്മയാണോ? സോറി, പെട്ടെന്ന് മനസ്സിലായില്ലട്ടോ.....യെസ് യെസ് ഒരു നസ്രിയ എന്ന കുട്ടി പറഞ്ഞാരുന്നു..... എടാ ജോസേ... ഒരു ജ്യൂസെടുത്തേടാ. മേഡം ഇരിക്കു..... ആദ്യായിട്ട് കടേ വന്നിട്ട്..... തനിച്ചേ ഒള്ളൂ?”

“ഞാമ്പെറുതെ.....യീവഴി പോയപ്പോ..... ഇയ്ക്കൊന്നും ബേണ്ടാട്ടാ.”

“അല്ല മേഡം, തസ്ലീമ ഇപ്പോ എവിടെയാണ്? നാട്ടിലില്ലേ?... രണ്ടു മക്കാളാണ് സസ്രിയ പറഞ്ഞാരുന്നു. ഇളയ മകളുടെ നിക്കാഹ് ഉറപ്പിച്ചിര്യക്ക്യാന്നും... ഹോ മൈ ഗോഡ്, പത്തു മുപ്പതുവർഷങ്ങളായി ഞങ്ങൾ കണ്ടിട്ട്. കല്യാണത്തിന് നമ്മളേം വിളിക്കാൻ പറയണേ മേഡം. എല്ലാരേം ഒന്ന് കാണാലോ. സത്യം പറഞ്ഞാ ഞങ്ങൾക്കൊക്കെ നിങ്ങളോട് ദേഷ്യായിരുന്നു, ഒമ്പതാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കുട്ടിയെ പിടിച്ച് കല്യാണം കഴിപ്പിച്ചുവിട്ടതിന്. എത്ര നന്നായി പാടുന്ന കുട്ടിയായിരുന്നു തസ്ലീമ....!–

വേണ്ടെന്നു പറഞ്ഞെങ്കിലും ജോസെന്ന പയ്യൻ ഒരു നീളൻ ഗ്ലാസ്സിൽ തണുത്ത മുന്തിരി ജ്യൂസ് കൊണ്ടുവന്നു കൊടുക്കുക തന്നെ ചെയ്തു.

പുറത്തെ വെയിലിന്റെ ചൂടിനേക്കാളും തന്റെ ഉള്ളിൽ തിളച്ചു മറിയുന്ന ലാവയെ അൽപമെങ്കിലും ശമിപ്പിക്കേണ്ടത് ആവശ്യമായതിനാൽ അവൾ അത് ഒററവലിക്ക് കുടിച്ചു തീർത്തു.

പപ്പന് തന്നെ തിരിച്ചറിഞ്ഞിട്ടില്ല. അവന്റെ മനസ്സിലിപ്പോഴും തസ്ലീമ ഒരു പതിനഞ്ചുകാരിയാണ്.

“യെന്നാ ഞമ്മ എറങ്ങട്ടെ?...”

“അല്ലാ വന്നതെന്തിനാന്നു പറഞ്ഞില്ല. വരുമ്പോ തസ്ലീമേം ഒന്നു കൂടെ കൂട്ടായിരുന്നു...”

പഴയ തസ്ലീമ തന്നെയാണ് ഇപ്പോൾ അവളുടെ തന്നെ ഉമ്മയുടെ വേഷത്തിൽ നിൽക്കുന്നത് പപ്പാ എന്നു പറഞ്ഞാലോ എന്നവൾക്ക് തോന്നിയതാണ്. പക്ഷേ, പറഞ്ഞിതിങ്ങനെയാണ്–

“അയിനെന്താ, ഇനി വരുമ്പോ കൂട്ടാം...ഞമ്മ ഓളോട് തന്നെ ബിളിക്കാമ്പറയാ... ന്നാ ശരി...”

“ഒന്നും വിചാരിക്കരുത് മേഡം.... കുറേ ആയില്ലേ കണ്ടിട്ട്..... അതുകൊണ്ടാ....– അല്ലെങ്കിൽ വേണ്ട ഒരു ദിവസം ഞാനങ്ങോട്ട് വരാം..... ഇന്നാള് വന്ന കുട്ടി അഡ്രസ്സും ഫോൺ നമ്പറുമൊക്കെ തന്നിട്ടുണ്ട്”

“ഓ” എന്നും പറഞ്ഞ് അവൾ തിരിച്ചു നടന്നു.

“എടാ ജോസേ, ആ കാറെടുത്ത് മേഡത്തെ ബസ്സ് സ്റ്റാന്റു വരെ കൊണ്ടാക്കീട്ടുവാ– അല്ലെങ്കി വേണ്ട, ബസ്സിൽ കയററിയിരുത്തീട്ട് വന്നാമതി...”

“ഓ ബേണ്ടാ– ഞമ്മള് പൊക്കാളാം...”

ഇനിയും ഇവിടെ നിൽക്കാൻ തനിക്കാവില്ല. തിരക്കിനെ വകഞ്ഞുമാററി അവൾ മുന്നോട്ട് നടന്നു. തിരിഞ്ഞുനോക്കാനേ തോന്നിയില്ല. നോക്കിയാൽ ചിലപ്പോൾ കരഞ്ഞുപോകും.

“മേഡം ഒരുമിനിട്ട്”

ഒരാന്തലോടെ അവൾ തിരിഞ്ഞുനോക്കുമ്പോൾ, കൈയിലൊരു കടലാസുപൊതിയുമായി പപ്പൻ!–

“മേഡം, ഇത് തസ്ലീമായ്ക്ക് കൊടുക്കണം.”

“പഴയ ക്ലാസ്സ്മേററ് പപ്പൻ തന്നതാണെന്നു പറഞ്ഞാൽ മതി അവൾക്ക് മനസ്സിലാകും.”

പപ്പന്റെ ശബ്ദം അൽപമൊന്നിടറിയോ... ഇപ്പോൾ പറഞ്ഞാലോ, ആ തസ്ലീമ താൻ തന്നെയാണെന്ന്... അവൾക്ക് വെമ്പി. വേണ്ട, പപ്പന്റെ മനസ്സിലെ തസ്ലീമയ്ക്ക് ഈ രൂപമായിരിക്കില്ല.... ഇത് തടിച്ചുവീർത്ത ജരാനരകൾ ബാധിച്ച ഒരു വൃദ്ധരൂപം... പകലിറങ്ങിപ്പോയ സായാഹ്നം പോലെ....

ബസ്സിലൊരു ജനാലയ്ക്കരുകിലെ സീററിൽ അവളിരുന്നു. പപ്പന് തന്നെ ശരിക്കും മനസ്സിലായിട്ടില്ലേ? അവനിന്നും ചെറുപ്പമായിത്തന്നെ തുടരുന്നു. തനിക്ക് തന്റെ തന്നെ ഉമ്മയാകേണ്ട പ്രായമായോ? ആ വേഷമല്ലേ താനിന്ന് അഭിനയിച്ചത്?

ശരീരം എന്നത് ഒരു പൂന്തോട്ടം പോലെയാണ്... യഥാസമയം ശരിയായ പരിചരണം ലഭിച്ചില്ലെങ്കിൽ അത് കാടുപിടിച്ച് കളകയറി നിഷ്ഫലമായിപോകും. തന്നിലെ തസ്ലീമയ്ക്കുള്ള അവളുടെ ബാല്യകാലസുഹൃത്തിന്റെ സമ്മാനം അവൾ പതുക്കെ തുറന്നു.

ഒരു ചില്ലുകൂടിന്നുള്ളിൽ പാതിയോളം നിറഞ്ഞ ജലാശയത്തിനു നടുവിൽ അതിമനോഹരമായ ഒരു കൊച്ചുതാജ്മഹൽ!– എക്കാലത്തേയും അനശ്വരപ്രണയോപഹാരം....

ഉണ്ണിനുള്ളിലെവിടെയോ ഒരു നനുത്ത നൊമ്പരം വളർന്നു വളർന്ന് ഹൃദയമിടിപ്പിനെ അമർ

ത്തിപിടിക്കുന്നതുപോലെ തോന്നി. ബസ്സ് ഇപ്പോൾ ഒരു പുഴപാലത്തിനു മുകളിലൂടെയാണ് കടന്നുപോകുന്നത്. താഴെ ഒഴുക്കുനിലച്ച പുഴയാണ്. പാലം കടന്നു കഴിഞ്ഞാൽ എത്തുന്നത് തനിക്കിറങ്ങാനുള്ള ഇടമാണ്.... പപ്പന്റെ പ്രണയോപഹാരം തന്റെ വിരലുകളെ പൊള്ളിക്കുന്നതുപോലെ അവൾക്ക് തോന്നി. അടുത്ത നിമിഷം, അവളുടെ കൈയിൽ നിന്നും ആ സമ്മാനപ്പൊതി ജനാലവഴി പുറത്തേക്ക് വീണു. അത് പാലത്തിന്റെ കൈവരിയിൽ തട്ടി താഴെ തളം കെട്ടികിടക്കുന്ന പുഴയിലേക്ക് ഒരു ആർത്തനാദത്തോടെ നിപതിച്ചു...

അപ്പോഴാണ് അവളുടെ കൈയിലിരുന്ന മൊബൈൽ ഫോൺ ശബ്ദിച്ചത്. പരിചയമില്ലാത്ത നമ്പറായിരുന്നു എങ്കിലും അവൾ ഫോൺ ഞെക്കി കാതോട് ചേർത്തു-

"ഹലോ- തസ്ലീമയല്ലേ?"

മറുതലയ്ക്കൽ ഒതുങ്ങിയ, മുഴക്കമുള്ള ശബ്ദം-ഇത്..?

"തസ്ലീമാ, ഇതു ഞാനാ- പപ്പൻ... പത്മരാജൻ"

"ഹലോ" അവളുടെ ശബ്ദം നേർത്തു.

"ഇത്... ഞാൻ തസ്ലീമേടെ ഉമ്മ്യാണ്" അവളുടെ തൊണ്ട ചിതറി....

"ഓഹോ, എങ്കിൽ ഞാൻ പപ്പന്റെ അച്ഛനാണ്. എന്തേ...?! -തസ്ലീമാ, നിന്നെ എനിക്ക് മനസ്സിലായില്ലെന്നു കരുതിയോ....?"

"പപ്പാ നീ....... ഞാം കരുതി"

മറുതലയ്ക്കൽ ഒരു നനുത്ത ചിരിയായിരുന്നു മറുപടി. അവൾ കണ്ണുകൾ ഇറുക്കിയടച്ചു. ഒരു നേർത്ത മഞ്ഞിതളുകൾക്കപ്പുറം ഒമ്പതു ബിയിലെ സൈഡുബെഞ്ചിലിരുന്ന് പപ്പൻ ഒരു കള്ളചിരിയോടെ തന്നെത്തന്നെ നോക്കിയിരിക്കുന്നത് അവൾ കണ്ടു...

അപ്പോൾ, പുഴയിൽ വീണ ആ പളുങ്ക്സ്മാരകം ജലപാളികൾ നീക്കി പതുക്കെ പതുക്കെ നദിയുടെ ആഴങ്ങളിലേക്ക്...

# നായയുടെ ധർമ്മബോധം

ഉല്ലലബാബു
9645267545, 9349793355

**ഭ**ർത്താവു ഗെയിറ്റുകടന്നുപോയപ്പോൾ അവൾ സന്തോഷിച്ചു. ഇനി അഞ്ചുനാൾ കഴിഞ്ഞേ വരൂ. മുറ്റത്തുനിന്നിരുന്ന നായയെ അവൾ കൂട്ടിൽ കയറ്റി ഓടാമ്പലിട്ടു. സംശയത്തോടെ നായ അവളെ നോക്കി. അവൾ മൊബൈലിൽ ആരേയോ വിളിച്ചു. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ ഒരു ഇരുചക്രവാഹനം വീട്ടുപടിക്കലെത്തി. അവൾ ഓടിച്ചെന്ന് ഗെയിറ്റുതുറന്നു. അവളുടെ നൈറ്റിയുടെ ഹുക്ക് തുറന്നുകിടന്നിരുന്നു; അവനെ ഹരം പിടിപ്പിക്കാൻ വേണ്ടി. പതുങ്ങി അയാൾ അകത്തുകയറി കൂട്ടിൽ കിടക്കുന്ന നായയെ നോക്കി അയാൾ ചോദിച്ചു- "ഇന്നു ബഹളം ഒന്നും ഇല്ലല്ലോ?" അതിന് മറുപടി നല്കിയത് അവളായിരുന്നു, "എന്റെ സ്വന്തമാണെന്ന് അവനറിയാം." അവൾ ചിരിച്ചു. അവളുടെ മൂക്കുത്തി അന്തിവെയിലിൽ തിളങ്ങി. നായ്ക്ക് ദേഷ്യം. നിശബ്ദമായ ഭാഷയിൽ അവൻ മുരണ്ടു. ബഹളം വച്ചിട്ട് എന്താകാര്യം, നാട്ടുകാരെക്കൂടി അറിയിക്കണോ... അവൻ ചിന്തിച്ചു. അയാളെ തൊട്ടുരുമ്മിക്കൊണ്ടു അവൾ അകത്തേക്ക് കയറിപ്പോയി. നായ മുൻകൈകൊണ്ടു കൂടിന്റെ വാതിൽ തുറന്നുപുറത്തേയ്ക്കിറങ്ങി. പിന്നെ, റോഡിലേക്ക്. ആ മനസ്സ് വിതുമ്പി; ഞാൻ പോകുന്നു. എനിക്കു വയ്യ ഈ വഞ്ചനയ്ക്കു കൂട്ടുനില്ക്കാൻ. അല്ലെങ്കിൽ തന്നെ ഞാനൊരു മനുഷ്യൻ അല്ലല്ലോ.

■ കവിത

# മനസ്സേ ഉണരൂ



**മായാ വേണു**
**പെരുമ്പാവൂർ**
**9562623688**

സ്മൃതികളുടെ
യവനികയിൽ നിന്ന്
യാഥാർത്ഥ്യത്തിന്റെ തൂവെളിച്ചം
തൂകുന്ന പകലിന്റെ നിഴലുകളിൽ
കദനവും ദുരിതങ്ങളും
കരിപൂശിയ
നിലാവർണ്ണങ്ങൾ കണ്ണീർ
പൊയ്കയിൽ
ഓളം തല്ലുന്നുവോ...?
തിരശ്ശീല നീങ്ങുമ്പോൾ
രൂപങ്ങൾ
കൺമുന്നിൽ കാണുന്നു
മറവിതൻ വാതിലടയ്ക്കുവാൻ
വൃഥാ ശ്രമിക്കുമ്പോഴും
നോവിന്റെ
പുഞ്ചിരി അധരങ്ങളിൽ വിടരുന്നു
ഞാനാരോട് പൊരുതാൻ;
എന്റെ നിഴലിനോടോ ?
മൺകുടം പോലെ
എതിർപ്പുകൾ തകർന്നുടയുന്നു
പരിധിവിട്ട് ആ ശ്രമങ്ങൾ
ഞാനിപ്പോഴും തുടരുന്നു
യാത്ര തുടരാൻ കഴിയാത്തവിധം
തീരെ വയ്യാതായിരിക്കുന്നു
ജീവിത ഛായാചിത്രത്തിൽ
നിറങ്ങൾ നനഞ്ഞു
കലർന്നിരിക്കുന്നു
പുതിയൊരു ലോകത്തിന്റെ
ഉയർപ്പിനായി ജാലകത്തിലൂടെ
കണ്ണുനട്ട് ഞാനിരിക്കുന്നു.



സുരേഷ് തെക്കീട്ടിൽ
9446330957

# അപ്പോഴും

"ഇതെന്തൂട്ടാഷ്ടാ  ആകെ തടിച്ച് ചീർത്ത് വീപ്പക്കുറ്റി പോലെണ്ട്. ഇര്ന്ന് ഫുഡടിക്കന്നെ പരിപാടില്ലേ. ശവീ കൊളസ്ട്രോള് അടിച്ച് കയറി ചത്ത് പോവുംട്ടാ. ചെറുപ്രായത്തില് തീരണ്ടാച്ചാല് ശ്രദ്ധിച്ചോ. കുടുംബം തെണ്ടും ട്ടൊ. ഡെയ്‌ലി ഒരു മണിക്കൂറെങ്കിലും നടന്നോ. പിന്നെ വല്ല യോഗേ ഒക്കെ നോയ്ക്കോട്ടൊ."

അവൻ പറഞ്ഞപ്പോൾ അത് ശ്രദ്ധിക്കാത്ത മട്ടിൽ നിസ്സാരഭാവം പ്രകടമാക്കിയെങ്കിലും സത്യത്തിൽ ഞാൻ പേടിച്ചു പോയി. അവൻ പറഞ്ഞതു ശരിതന്നെ. വല്ലാതെ തടിച്ചു വീർത്തിരിക്കുന്നു. ഭക്ഷണം നിയന്ത്രിച്ച് എന്തെങ്കിലും വ്യായാമമൊക്കെ ചെയ്തില്ലെങ്കിൽ പിടുത്തം വിടും. പിന്നെ കഠിനശ്രമമായിരുന്നു. മൂന്നു മാസങ്ങൾക്കുശേഷം കണ്ടപ്പോൾ അഭിപ്രായം ഇങ്ങനെ.

"ഇതെന്തൂട്ട് കോലാഷ്ടാ  നീച്ച് നിക്കാൻ ജീവല്ല്യാലോ. ഷുഗറടിച്ചോ. അതോ അവള് നക്കാനൊന്നും തര്ണ്ല്ലേ്യ. പിശ്ക്കി പിശ്ക്കി ആർക്കാടാ ഇണ്ടാക്കണേ. തിന്നാണ്ട് ചത്തൂന്ന് ചീത്ത പേർണ്ടണ്ടാക്കീട്ടേ അടങ്ങൂല്ലേ."


# ഘട്ടങ്ങൾ

"ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിങ്ങനെ ജീവിതത്തിലെ ഘട്ടങ്ങൾ പോലെ ഇപ്പോൾ മരണത്തിനും ഘട്ടങ്ങളുണ്ടത്രെ. ഒരു ഇരുപത് വയസ്സ് വരെ ദുരന്തം, നാൽപ്പത് വയസ്സ് വരെ വേദന, അറുപത് വയസ്സ് വരെ സാധാരണം, പിന്നെ തമാശ ഒരെൺപത് കഴിഞ്ഞാലോ പൊട്ടിച്ചിരി." പറഞ്ഞ് നിർത്തി നാണുവേട്ടൻ പൊട്ടിചിരിച്ചു.

"ചിരിക്ക്..പൊട്ടി ചിരിക്ക്. നമ്മളൊക്കെ ആ ഘട്ടത്തിലാണല്ലോ." ദയനീയമായ ഒരു ചിരി വരുത്തി ഗോവിന്ദേട്ടൻ വേദനയോടെ പ്രതികരിച്ചു.



# ദേവാലയങ്ങൾ



**മംഗളൻ തൈക്കൽ**
9895503427

ഒരുതുണ്ടു ഭൂമിയില്ലൊരു കൂര കുത്തുവാൻ
ഒരു കൈസഹായം തരികെന്നുവാർത്തകൾ
വർത്തമാനങ്ങളിൽ നിറയുന്നു നിത്യവും
വർണ്ണ ചിത്രങ്ങളും പേറി.

ഒരു കൂരക്കുത്തുവാനിടമില്ല പണമില്ല
ഗൃഹനാഥനയ്യോ കിടപ്പിലായി
പ്രിയ പത്നിക്കില്ലൊരുവരുമാനമാർഗ്ഗവും
കുട്ടികൾ രണ്ടും പഠിക്കയാണ്

മുമ്പോട്ടു പോകാൻ കഴിയില്ല ജീവിതം
മുന്നിൽ നിറയുന്നു ശൂന്യം
ഒന്നുണ്ടു കാണാം നാമൊന്നു നോക്കുക
ചുറ്റിലും ദൈവങ്ങൾ മാത്രം.

കൊച്ചു കുരിശ്ശടി പള്ളിയായ് തീരുന്നു
മുറ്റത്തു മാർബിൾ വിരിച്ചിടുന്നു
ക്ഷേത്രങ്ങളുയരുന്നു കൊടിമരം പൊങ്ങുന്നു
ശ്രീകോവിൽ സ്വർണ്ണം പൊതിഞ്ഞിടുന്നു.

നിസ്ക്കരിക്കാനായുയർത്തുന്നു പള്ളികള-
മ്പരചുംബികളായിടുന്നു
നിത്യവൃത്തിക്ക് നിവർത്തിയില്ലാത്തവർ
ദൈവത്തിനായ് മണ്ണ് വാങ്ങിടുന്നു.

അനുദിനം ദേവാലയങ്ങൾ പെരുകുമ്പോൾ
അന്നത്തിനായ് കൈകൾ നീട്ടുന്ന ജീവിതം
കണ്ടിട്ടും കാണാതെപുച്ഛിച്ചു കൊണ്ടതാ-
ഭണ്ഡാരപ്പെട്ടിനിറച്ചിടുന്നു.

അറിയണം അറിവിന്റെ മലരുകളരുളിയ
ഗുരുവിന്റെ വചനങ്ങൾ നിങ്ങൾ
ദേവാലയങ്ങളല്ലാവശ്യം നമ്മൾക്ക്
വിദ്യാലയങ്ങളാണെന്ന്.

■ കവിത

# വിജയ വർഷമായ് വിടരൂ നീ....

ശ്രീജ ആർ.
9496130546

നവ വർഷ പുഷ്പമേ
വിടരൂ നീയീമണ്ണിൽ

വചനം കൊണ്ടു ആശംസിക്കുന്നു നിന്നെ
വർണ- പ്പൊലിമ കൊണ്ടു
വരവേൽക്കുന്നു നിന്നെ
വാഴ്ത്തി ആഹ്ലാദിക്കുന്നു പൊന്നെ.

പകരാൻ കൊണ്ടുവന്ന സന്ദേശമെന്തേ
വിചിത്രമല്ല, നീ വിടരുന്നതെന്നഴകേ
പശ്ചാത്തലമ്മറന്ന് -
സുഗന്ധദംഗിമ പരത്തുന്നതേ നിൻ അഴക്.

പ്രതിസന്ധിയിൽ പ്രയാസത്തിൽ
പിടയുന്ന മാനവരാശിക്ക്-
പ്രത്യാശയും പ്രതിവിധിയും പകർന്ന്-
വിടരൂ നീ നവ വർഷ പുഷ്പമായ്.....

നേട്ടത്തിനായ് നെട്ടോട്ടമോടി
നേടിയെ തീരൂ- എന്ന വാശിയായി
ഉരുണ്ടോടട്ടേ ഉഴലുന്ന ദുർഗതികൾ
നിറഞ്ഞൊഴുകട്ടേ നിർമ്മല മനസ്സുകളിൽ
സത്ചിന്തകൾ

എങ്കിലെ നിന്നെ ലോകമറിയു-
വിജയവർഷമായ്
എൻ നവ വർഷ പുഷ്പമേ.

■ കഥ

# രാധിക

ജിജോ രാജകുമാരി
8086350652

ഒറ്റപ്പെടലിന്റെ സുഖവും മാധുര്യവും ഒന്ന് വേറെതന്നെയാണ്. പ്രത്യേകിച്ച് പ്രണയത്തിന്റെ കാര്യത്തിൽ. രാധിക എന്ന പാവം പിടിച്ച പെൺകുട്ടിയെ സ്നേഹിച്ചതിന്റെ പേരിൽ ഉണ്ടായ നഷ്ടങ്ങൾ എന്തൊക്കെയായിരുന്നു. സമൂഹവും കുടുംബാംഗങ്ങളും അകറ്റിയതിനൊപ്പം വേദനയുടെ ചാലിട്ടൊഴുകുന്ന രക്തചാലുകൾ തീർക്കാനും കുടുംബാംഗങ്ങൾ മറന്നതുമില്ല.

പ്രഹരത്തിൽ നഷ്ടമായ ചലനശേഷിപോലും ബാധ്യതയല്ലെന്ന തിരിച്ചറിവുമായി രാധിക തന്നെയും കൊണ്ട് മറ്റൊരു ഗ്രാമത്തിൽ പ്രണയ ജീവിതം തേടി. വിധി തന്നെ ഏതെല്ലാമോ തരത്തിൽ തളച്ചിട്ടപ്പോഴും മനസിൽനിറഞ്ഞ ദേവതാകടാക്ഷമായിരുന്നു രാധിക. വിഷമങ്ങൾ പ്രതികാരത്തിന്റെ നാമ്പായി വളരുമ്പോഴും അവയെ കൂട്ടാനോ കുറയ്ക്കാനോ ശ്രമിക്കാൻ അവൾ സമ്മതിച്ചില്ല.

പേക്കിനാവുകളാകുന്ന ഓർമ്മകളിൽ വേദനയുടെയും നിസ്സഹായതയുടെയും മുന്നിൽ മനസ്സും ശരീരവും കൊണ്ട് വെറുപ്പിച്ചവരുടെ മുന്നിൽ ജീവിതം ജീവിച്ച് കാണിച്ചുകൊടുക്കാനുള്ള അവളുടെ ആർജ്ജവമായിരുന്നു ഞങ്ങളുടെ കുടുംബ സന്തോഷവും ഐക്യവും. എന്നാൽ തളർച്ചയേറിയ മനസ്സും ശരീരവും ഇന്ന് ഒന്നനക്കുവാൻ സഹായിക്കുന്നതിന് അവൾ...

കട്ടിലിൽ കിടന്നുകൊണ്ട് ജനാലവഴി അയാൾ പുറത്തേക്ക് നോക്കി; അപ്പോഴും കെട്ടടങ്ങാതിരുന്ന പുക ചുരുളുകളിലേക്ക്.

■ കവിത

# മുഖംമൂടി



തുളസി കേരളശ്ശേരി
9526144499

വെളുപ്പിനുള്ളിലെ കറുത്തചിന്തകൾ
വിതുമ്പും ചുണ്ടുകൾക്കകത്തെ ദംഭനം
പുറത്തു പുഞ്ചിരി
അകത്ത് ക്രൗര്യവും
കുളിരാൽ മൂടിയ
പൊള്ളുമീർഷ്യകൾ
നിനയ്ക്കും ബന്ധുവെന്നൊടുക്കം
ശത്രുവും
ചതിച്ചു വീഴ്ത്തിയിട്ടഭിനയിപ്പവർ
വലിച്ചുകീറണം
മുഖത്തെ മൂടികൾ
വെളിച്ചം കാണട്ടെ
വിരുദ്ധഭാവങ്ങൾ.



# വഴിയോര കടങ്കഥകൾ

ചൂലനൂർ രാമചന്ദ്രൻ
9745675439

ദേശീയ അത്‌ലറ്റിക് താരമായിട്ടും കടുത്ത വ്യായാമ മുറകൾ പിന്തുടർന്നിട്ടും തനിക്കും ഷുഗറും ബി. പി.യും കൊളസ്ട്രോളും ബാധിച്ചിരിക്കുന്നു. ഇപ്പോഴാകട്ടെ അടുത്തൂൺ പറ്റി ജന്മനാട്ടിലെത്തി തനിച്ചുള്ള വിശ്രമജീവിതവും. എന്തായാലും ജനിച്ചുവളർന്ന നാട്ടിലെത്തിയപ്പോൾ ഒരുതരം ആത്മസംതൃപ്തി. നേരം വെളുത്താൽ ആറേമുക്കാൽ മുതൽ എട്ടുമണിവരെ പ്രഭാത സവാരി. പിന്നീട് പാലത്തിനുതാഴെയുള്ള പുഴക്കടവിൽ ഒന്നാന്തരം മുങ്ങിക്കുളി. തിരിച്ചുവരുമ്പോൾ പുഴയോരത്തെ പൊതുശ്മശാനത്തിലേക്ക് അറിയാതെ ഒന്നുനോക്കിപ്പോകും. അച്ഛനേയും അമ്മയേയും അവിടെയാണ് സംസ്കരിച്ചിരിക്കുന്നത്. സ്വയം പാചകം ചെയ്യുന്ന ചപ്പാത്തി രാവിലേയും രാത്രിയും. ഉച്ചയ്ക്ക് ഭഗവതി വിലാസം ഹോട്ടലിൽ നിന്നും ശാപ്പാട്. പത്രവായനയും ടി.വി.യും കലാപരിപാടി. നന്നേ മുഷിയുമ്പോൾ സിഗരറ്റുവലിയും രണ്ടും പെഗ്ഗും ഹോബി.

‘എന്താണ് നടക്കാനായിരിക്കും ല്ലേ...? ഷുഗറും ബി.പി.യും കൊഴുപ്പും കൂടി ഒരുതരം വിമ്മിട്ടം ല്ലേ...?‘

ഞാൻ തിരിഞ്ഞുനോക്കുമ്പോഴുണ്ട്, പത്തെഴുപതുവയസ്സു തോന്നിക്കുന്ന ഒരു തള്ളമ്മ. ആകെ മുഷിഞ്ഞുനാറിയ വെള്ളത്തുണി ചുറ്റിയുടുത്ത് തള്ളമ്മ. പഴന്തുണിയുടെ ഒരുതല കൊണ്ടുതന്നെ മാറുമറച്ചുകെട്ടിയിട്ടുള്ള തള്ളമ്മ. അതായത് ബോഡീസും ബ്ലൗസും നഹി നഹി. മുഖത്ത് കണ്ണട. കാലിലെ ചപ്പലിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. തോളിൽ ചാക്കുകൊണ്ടുള്ളൊരു പൊക്കണസഞ്ചി. കയ്യിൽ നല്ലൊരു ഊന്നുവടി.

എന്തായാലും തള്ളമ്മടെ കൈയിൽ ഊന്നുവടിയുള്ളത് നന്നായി. പുഴയോരത്തുള്ള പൊതുശ്മശാനം വഴിയാണ് റോഡ് നീളുന്നത്. ശ്മശാനത്തിന്നരികിൽ തന്നെയാണ് പഞ്ചായത്തിലെ മൊത്തം അറവുമാലിന്യങ്ങളും പ്ലാസ്റ്റിക് വേസ്റ്റും കൊണ്ടുതള്ളുന്നത്. അവിടെ കൊഴുത്തു തടിച്ച തെരുവുനായ്ക്കൾ കൂട്ടം കൂട്ടമായി നിൽക്കാറുണ്ട്. ചില സമയത്തവ വഴിയാത്രക്കാരുടെ നേരെ കുരച്ചുചാടും. അങ്ങനെയെങ്ങാനും സംഭവിച്ചാൽ തള്ളമ്മയ്ക്ക് അവയെ വടിവീശി ആട്ടിയോടിക്കാമല്ലോ.

“അമ്മൂമ്മേ എനിക്ക് ഷുഗറും ബി.പി.യും ഒത്തിരിയുണ്ട്.” ഞാൻ തള്ളമ്മയോട് ഒന്നും ഒളിച്ചുവെയ്ക്കാൻ പോയില്ല.

“എന്തുചെയ്യാം, ഇപ്പോ എല്ലാരും ഒരു വിഡ്ഢിപ്പെട്ടിയുടെ മുന്നിലിരുന്ന് കൂട്ടലും കിഴിക്കലും സിനിമ കാണലും. രാവിലെ എഴുന്നേറ്റ് രണ്ടു തെങ്ങിന്റെ മൂടുകീറിയാലെന്താ തരക്കേട് ? വേണ്ട, രണ്ടു വാഴക്കുഴി കുത്ത്യാലെന്താ ചേതം ? ഒന്നൂല്ലേ രണ്ടു ചീനിമുളകു ചെട്ട്യോ വെണ്ടയോ വഴുതനങ്ങയോ നട്ടുനനച്ചൂടെ ? ഹൊ, ഇപ്പം എന്തിനും ഏതിനും ഏത് തെങ്ങുകയറാൻ വരെ ബംഗാളികളല്ലേ വരണത്. പണ്ട് പരശുരാമൻ മഴുവെറിഞ്ഞു നേടിയത്രെ കേരളത്തെ; ഇന്ന് ബംഗാളികളുവന്ന് വിതച്ചും കൊയ്തും കറ്റമെതിച്ചും കേരളത്തിൽ നേടുന്നു.” തള്ളമ്മ നന്നായിട്ടൊന്നു നാവാൽ തുള്ളി.

“ന്റെ കുട്ട്യേ... ഇപ്പം എവിടെ നെൽകൃഷി ? കാലായ് കണ്ടങ്ങൾ തൂർത്തെടുത്ത് വെൺമാടങ്ങൾ കെട്ടുന്നു. എന്നിട്ട് പെണ്ണുങ്ങളെ തനിച്ചാക്കി ആണുങ്ങൾ ഗൾഫിലേക്ക് പറക്കുന്നു. അവിടെ ആടുമേച്ചിട്ടോ ഒട്ടകത്തിന്റെ ചാണകം വാരീട്ടോ അറബികളുടെ കാലുതിരുമ്മിക്കൊടുത്തിട്ടോ കിട്ടുന്ന കാശ് മടമടാന്ന് മാസന്തോറും നാട്ടിലേക്ക് അയച്ചുകൊടുക്കുന്നു. ഇവിടെ നാട്ടിൽ നാല്പതുകഴിഞ്ഞ കെട്ട്യോളും പരുവം തികഞ്ഞ മക്കളും സുഖായി അടിച്ചുപൊളിക്കുന്നു. ഒടുവിൽ വീട്ടമ്മ മകളുടെ ഇഷ്ടക്കാരന്റെ കൂടെയോ മകന്റെ ചങ്ങാതിയുടെ കൂടെയോ ഓടിപ്പോകുന്നു. ന്റെ കുട്ട്യേ... ഇപ്പം എല്ലാം ഒരുതരം മിസ് കാളാ, സകലതും പൊളിച്ചടുക്കുന്ന മിസ് കാള്. ഇപ്പം ഫോണിലാണോ ഗൂഢോത്രം... ? നെഞ്ചിലാണോ ഗൂഢോത്രം ? ആർക്കറിയാം. അറിഞ്ഞോരാരും മിണ്ടില്ല.

ന്റെ കുട്ട്യേ കേൾക്കുന്നുണ്ടോ ? ഈ കർക്കിടകത്തിൽ

എനിക്ക് എഴുപത് കഴിഞ്ഞു. കെട്ട്യോൻ നേരത്തെ ചത്തു. മക്കളായിട്ട് മൂന്നെണ്ണമുണ്ട്. മൂന്നും മൂന്നുതരം. ഞങ്ങടെ പാരമ്പര്യതൊഴിൽ മുണ്ടുനെയ്ത്ത്. അത് എനിക്കോ എന്റെ കുട്ട്യോൾക്കോ പഠിക്കാൻ പറ്റീല്ല. കെട്ട്യോൻ നന്നേ ചെറുപ്പത്തിലെ ചത്തുപോവില്ലായിരുന്നുവെങ്കിൽ ഇതായിരിക്കില്ല ഞങ്ങടെ സ്ഥിതി. ന്നാലും ന്റെ കുട്ട്യേ... ഞങ്ങടെ തറ ഒന്നുക്ക് പത്ത് മുന്നൂറ് കൊല്ലം പഴക്കമുള്ള നെയ്ത്തുപണി നിറുത്തി വെച്ചു. പുഴയിലെ മണലുവാരി കള്ളക്കടത്തുനടത്തി ജീവിക്കാൻ പഠിച്ചു. മൂക്കറ്റം കള്ളവാറ്റുകുടിക്കാനും പഠിച്ചു. ഇതിനെല്ലാം ചൂട്ടുപിടിക്കാൻ എന്തിനും ഏതിനും പോന്ന രാഷ്ട്രീയ കിങ്കരന്മാരും. കക്ഷികൾ ഒന്നല്ല ഓർത്താൽ പലതുണ്ടിവിടെ. ഓരോന്നിനും ഓരോരോ നിറവും തരവും. എന്നാൽ എല്ലാവർക്കും പണം വേണം ചലിക്കാൻ.

മോന് കേൾക്കണോ ? പത്തുമുന്നൂറുകൊല്ലം പഴക്കമുള്ള ഞങ്ങടെ മാരിയമ്മൻ കോവിലകത്ത് രാഷ്ട്രീയക്കാരുകയറി പൊളിച്ചടുക്കി. ഒന്നായ തറക്കാരും കോവിലും ഇപ്പോൾ മൂന്നും നാലുമായി പിരിഞ്ഞു. ഒന്നിച്ചുമുണ്ടുവിറ്റ സൊസൈറ്റി തവിടുപൊടിയായി. ഫലത്തിൽ നെയ്ത്തു നശിച്ചു. പുഴ മണൽ പുളച്ചു. എന്നാൽ ഇപ്പോൾ പുഴയിലെ മണലും കഴിഞ്ഞൊടുങ്ങി. പുഴയോരത്ത് പോലീസ് കാവലുമായി. മണലുവാരുന്നോർക്ക് രാഷ്ട്രീയ ദൈവങ്ങളെ കണ്ടാൽ മാത്രം പോര, പോലീസിനും നല്ലതുപോലെ അടങ്ങണം തിന്നാൻ.

മക്കള് മൂന്നുണ്ടായിട്ടും ഇന്നീ തള്ളയുടെ ഗതി പിച്ചയാണ്. അതും അത്ര സുഖോള്ള കാര്യോല്ല. ചില വീട്ടില് പട്ടി കടിക്കും സൂക്ഷിക്കുക എന്ന് എഴുതി വെച്ചിരിക്കും. മറ്റുചിലർ കളിയാക്കും, ബാങ്കിലിട്ട് കാശ് പലിശയ്ക്ക് തരുണ്ടോ ? വേറെ ചിലർ തുറന്നുപറയും, ഞങ്ങൾ പിച്ച കൊടുക്കാറില്ല. എല്ലാ ദാനവും സംഘടനയിലൂടെ മാത്രം. പോര... പോര... അപേക്ഷിക്കുമ്പോൾ ആധാർ കാർഡും വേണം. പിന്നെ മറ്റൊരു കൂട്ടം ഭീകരന്മാരുണ്ട്, കണ്ണിറുക്കി, ചുണ്ടുകോട്ടി പറയും പണി ചെയ്യിക്കാച്ചാൽ, പരുവം ശരിയല്ലാന്റെ കുട്ട്യേ... ഈ നാട് ഈവിധമായി. നിനക്ക് എന്റെ കൂട്ടം മടുത്തുവോ ?"

"അയ്യയ്യോ എന്റെ അമ്മേ, മടുപ്പല്ല വേദനയാ തോന്നണ്. എനിക്കുചുറ്റും എത്രയെത്ര ഞാൻ അറിയാത്ത മുഖങ്ങൾ..." കൂടുതലൊന്നും എനിക്ക് പറയാൻ കഴിഞ്ഞില്ല. നെഞ്ചിലെവിടെയോ ഒരുതരം വിങ്ങലും പൊട്ടലും നീറ്റലും.

'ഞാൻ സ്ഥിരമായി പിച്ചയ്ക്ക് പോകുന്ന ഒരു വീട്ടിലെ അമ്മ, എന്തായാലും നാല്പത് കഴിഞ്ഞിരിക്കും. അല്ല ട്ട്വോ, നാല്പത്തിരണ്ട്. അതെ അതെ അത്രയും പ്രായം കാണും. അവള് രണ്ട് ദിവസം മുമ്പ് ആരുടെയോ കൂടെ ഒളിച്ചോടി. ആ മൂധേവീടെ മൂത്തമകൾ എം. എ. ജയിച്ചു. രണ്ടാമത്തെ മകൾ ഡിഗ്രിക്ക് പഠിക്കുന്നു. മൂന്നാമത്തെ പെൺകുട്ടി പത്താം തരത്തിലും പഠിക്കുന്നു. കെട്ടിയോൻ ഗൾഫിൽ.

എന്തോ ഏതോ... അവൾക്ക് അങ്ങനെ തോന്നാനും കാരണമുണ്ടാകും. ഞാൻ ആ വീട്ടിൽ ചെല്ലുമ്പോൾ ചപ്പാത്തിയെങ്കിൽ ചപ്പാത്തി, ഇഡ്ഡലിയെങ്കിൽ ഇഡ്ഡലി. ഒന്നാംതരം കറിയോടെ പിഞ്ഞാണത്തിലാക്കി തരും. കുടിക്കാൻ വെട്ട്യാൽ മുറിയാത്ത പാലൊഴിച്ച ചായയും. അതൊക്കെ തിന്നുകുടിച്ച ഞാനിപ്പോ, എല്ലാം ഛർദ്ദിക്കേണ്ട ഗതികേടായി. കാലംന്നോ കോലംന്നോ എന്നൊന്നും ഞാൻ പറയാൻ ആളല്ല. എല്ലാം മനസ്സിന്റെ തീപിടിച്ചോട്ടവും ചാട്ടവുമായിരിക്കാം. ല്ലേ...? ഇപ്പോ ഞാൻ ചിന്തിക്കുമ്പോൾ ഇനിയാ വളരണ പെൺകുട്ടികളുടെ സ്ഥിതി എന്തായിരിക്കും ? ഇനിയാ പെൺപിള്ളാരെ ആരെങ്കിലും മര്യാദയ്ക്ക് കെട്ടിക്കൊണ്ടുപോകുമോ ? ഗൾഫിൽ നിന്നും മക്കളുടെ അടുത്തേയ്ക്ക് പറന്നുവരുന്ന ആ തന്തയുടെ മനസ്സിന്റെ കോള് എന്തായിരിക്കും...? നമുക്ക് ചുറ്റും എന്തൊക്കെയോ ചീഞ്ഞുനാറുന്നു. നാം അറിയാതെ പലതും ഇവിടെ സംഭവിക്കുന്നു. നമ്മളെ കൊണ്ടെങ്ങനെ ഇതെല്ലാം മാറ്റാൻ കഴിയും ?

ഈ സുഖം സുഖംന്ന് പറയുന്നത് ഓരോ പ്രായത്തിലും ഓരോരോ വിധത്തിലും തരത്തിലുമായിരിക്കും. എനിക്ക് ഇരുപത്തി രണ്ടുവയസ്സുതികയുമ്പോഴേക്കും എന്റെ മൂന്നുപ്രസവങ്ങളും കഴിഞ്ഞു. മൂന്നാമത്തെ ചെക്കനെ പ്രസവിച്ച് തൊണ്ണൂറു കഴിയുംമുൻപ് കെട്ട്യോന് ഒരുതരം ചുമയും പനിയും ഛർദ്ദിയും പിടിപെട്ടു. ഒരു നാല്പതു ദിവസം കൊണ്ട് കാര്യങ്ങളെല്ലാം തകിടം മറിഞ്ഞു.

'ഞേ... എന്റെ പാപ്പാത്തി... നീ എന്റെ മക്കളെ വഴിയാധാരമാക്കി ഏതെങ്കിലും ചെട്ട്യാന്മാരുടെ കൂടെ പൊറുക്കല്ലേ...' എന്റെ മടിയിൽ തല വെച്ചുരുട്ടിക്കൊണ്ട് ഇത്രയും പറയുംമുമ്പ് വല്ലാത്തൊരു ചുമ വന്ന് ശ്വാസം മുട്ടിച്ച് ചോര ചർദ്ദിച്ച് കഥയും കഴിഞ്ഞു. ഒരുകടംകഥ പോലെ.

അങ്ങനെ... കെട്ട്യോൻ ചത്ത് നാല്പതാം പക്കം മുതൽ ഞാൻ കാലായ കണ്ടത്തിലും പറമ്പിലും പണിക്കിറങ്ങി. അന്ത്യോളം നടുവൊടിച്ചാൽ കിട്ടണ നാലിടങ്ങഴി നെല്ലുകൊണ്ട് മൂക്കൊലിക്കണ മക്കളെ പഠിപ്പിച്ചു വലുതാക്കി. ഒരുത്തൻ ഡ്രൈവറ്, മറ്റൊരുത്തൻ ഉഴിച്ചിലും പിഴിച്ചിലുമുള്ള വൈദ്യശാലയിലെ പൊടിവൈദ്യര്, മൂന്നാമത്തെ ചെക്കൻ പലചരക്കുകട കൊണ്ടുനടത്തുണു. സത്യം പറഞ്ഞാൽ എന്റെ മക്കളും ഈ മണൽകൊള്ളയ്ക്ക് പടിയിറങ്ങുമോ എന്ന് ഞാ

ൻ ശങ്കിച്ചു. എന്തായാലും അതുണ്ടായില്ല. പക്ഷേങ്കില്, പെണ്ണുകെട്ടി രണ്ടുവാവു കഴിയുംമുമ്പ് മൂന്നു ചെക്കന്മാരും വെവ്വേറെ ചട്ടിയെടുത്തു. അങ്ങനെയെങ്കിൽ അങ്ങനെ അവിറ്റങ്ങള് കഴിയട്ടെ ല്ലേ...? എന്നിരുന്നാലും എന്റെ കൺമുന്നിൽ തന്നെ വീട്ടുതൊടീല് മൂന്നും മൂന്നുകൂര വെച്ചു. സ്വന്തം കാര്യം സിന്ദാബാദ്. കഴിയുന്നതും അവരൊന്നും എനിക്ക് മുഖം തരില്ല. എനിക്കാണെങ്കിൽ അതിലൊട്ട് വിരോധവും തോന്ന്ണില്ല. കാരണം, അവര് അവരുടെ അച്ചിമാരുടെ മുമ്പില് ചെറിയോരാകേണ്ട. മോന്തിക്ക് ഉറങ്ങും മുമ്പ് മൂന്നിന്റേം ചെത്തം കേൾക്കാഞ്ഞാൽ എനിക്ക് വയറുപതയ്ക്കും. ഞാൻ മക്കളുടെ കുടികളിലേക്ക് എത്തിച്ചുനോക്കും. ചത്തുപോയോർക്ക് നോക്കാംന്ന് ഞാൻ വാക്കുകൊടുത്തതല്ലേ ?

എന്റെ കുട്ടി ഇതുകൂടി അറിഞ്ഞിട്ടുമതി, എന്റെ മക്കളുടെ ബുദ്ധിയളക്കൽ. എന്റെ മക്കൾ മൂന്നാളും ജാതിമതവിശ്വാസികളും അടിയുറച്ച ഈശ്വരവിശ്വാസികളുമാണ്. മൂത്തവൻ ഡ്രൈവർ വൃശ്ചികം ഒന്നിന് ശബരിമലയ്ക്ക് മാലയിടും. പിന്നെ മകരവിളക്കുകഴിഞ്ഞിട്ടേ മാലയൂരു. ചെക്കനിപ്പോ ഗുരു സ്വാമിയാ. മൂന്നു മലകയറും വരെ അവൻ എന്റെ കാലുപിടിച്ചിട്ടേ ഇരുമുടി കെട്ടെടുക്കാറുള്ളു. ഇപ്പോ, ഞാൻ വേണമെങ്കിൽ അവന്റെ കാലു പിടിക്കണം. -

രണ്ടാമത്തെ ചെക്കൻ വൈദ്യർ സാക്ഷാൽ മുരുക ഭക്തൻ. അവന്റെ സുബ്രഹ്മണ്യ സ്തുതി കേട്ടാൽ പഞ്ചാമൃതം നെഞ്ചിൽനിറയും. മകരമാസത്തിലെ തൈപ്പൂയത്തിനവൻ ഇവിടെനിന്ന് കാവടിയും ചുമന്ന്, ചെരിപ്പിടാതെ നടന്നുനടന്നാണ് പഴനിമല കയറുക. അവന്റെ ഭക്തിയുടെ കാല്പ്പാടുകൾ മോശമില്ലല്ലോ ?

മൂന്നാമത്തെ പലചരക്കുകടക്കാരൻ വിരുതൻ മാരിയമ്മൻ കോവിലിലെ മുഖ്യപൂശാരി. എന്താ ഒന്നിനൊന്നു പോന്ന മക്കളുള്ള എന്റെ സ്ഥിതി അത്ര മോശമാണോ ? ഈ നാടിന്റെ ഗൗരവവും നല്ലതല്ലേ ? ദൈവങ്ങളുടെ കാര്യത്തിലും വിശ്വാസത്തിന്റെ കാര്യത്തിലും നാം ഒട്ടും പിന്നിലല്ല.

ന്റെ കുട്ട്യേ... ഞാൻ നീ ആരാണെന്നുപോലും ഇതുവരെ ചോദിച്ചറിഞ്ഞില്ല. നിന്റെ ഭാര്യടേം മക്കളുടേം കാര്യങ്ങളൊന്നും ചോദിച്ചില്ല. ഇനി നീ അതൊക്കെ ഒന്നുപറഞ്ഞോളു. ആദ്യം നിന്റെ പേര് പറയ് ?'

"ഗോവിന്ദൻ"

"അമ്മച്ചിയെ ഈ ഓട്ടത്തിന്റേം ചാട്ടത്തിന്റേം ഇടയിൽ ഞാൻ അക്കാര്യങ്ങളെല്ലാം മറന്നുവെച്ചു. സത്യം പറഞ്ഞാൽ ഊർജ്ജം ചോർന്നുപോകരുത് എന്നും ഞാൻ നിശ്ചയിച്ചു. ഇനിയിപ്പോ, അതൊന്നും നടപ്പില്ല. വല്ലാതെ മുഷിയുമ്പോ രണ്ടുപെഗ്ഗ് അടിച്ച് സിഗരറ്റും കത്തിച്ച് പുകവിട്ടുകൊണ്ട് ഈപാലത്തിന്റെ തിണ്ണയിൽ വന്നിരിക്കും. പാലത്തിനടിയിലൂടെ ഒഴുകുന്ന വെള്ളത്തിൽ തെളിഞ്ഞുമറയുന്ന ചുഴികളെ നോക്കും. കുറച്ചങ്ങനെ കഴിയുമ്പോൾ എനിക്കെന്നെ തിരിച്ചുകിട്ടും."

"എന്റെ ഗോവിന്ദാ, നീ ഉശിരനാണ്. ഈ ലോകം ഒരുതരം സ്വപ്നമാണ്. സത്യോം അസത്യോം കൂടിക്കുഴഞ്ഞ കെട്ടുകഥ. കാറ്റും കോളും നിറയണ മനസ്സ്. പിന്നെ ഈ തെക്കൻ കാറ്റിന്റെ അപ്പനെ തെരഞ്ഞിട്ട് കാര്യമില്ല. ഈ പുഴയിലെ ഒഴുക്കില്ലേ... ശോർ ശോർന്ന് ഒഴുകണ ഒഴുക്ക്... അതുപോലെ ആരേം പ്രാകാതെ അങ്ങ്ട് ജീവിക്കാ. ജനിച്ചോ... മരിക്കും. മരിച്ചോട്ടെ, അതിനെന്താ കുഴപ്പം ?"

ഊന്നുവടി ഊന്നിയൂന്നി പാലം കടക്കണ തള്ളമ്മടെ മനഃസ്സാന്നിധ്യത്തെ ഞാൻ മനസ്സിൽ നമിച്ചു.

●



**പി. എൻ. ഗംഗാലക്ഷ്മി**
**9447972209**

# കടലപ്പരിപ്പ്പ്രഥമൻ

**ആവശ്യമുള്ള സാധനങ്ങൾ**

കടലപ്പരിപ്പ് - 2 കപ്പ്

ചവ്വരി - $^1/_4$ കപ്പ്

ശർക്കര - 1 കി.

തേങ്ങ (വലുത്) - 2 എണ്ണം

അണ്ടി പരിപ്പ്, മുന്തിരി, കൊട്ടത്തേങ്ങ - വറുത്തിടാൻ $^1/_4$ കപ്പു വീതം

ഏലക്കായ, ജീരകം, ചുക്ക് - പൊടിച്ചത് 1 സ്പൂൺ വീതം

നെയ്യ് - $^1/_4$ കപ്പ്

കടല പരിപ്പ് കഴുകി 4 കപ്പ് വെള്ളം ഒഴിച്ച് കുക്കറിൽ നല്ലപോലെ വേവിച്ചെടുക്കുക. ചവ്വരി 2 മണിക്കൂർ കുതിർത്തിയ ശേഷം വേവിക്കുക. ശർക്കര 2 കപ്പ് വെള്ളം ഒഴിച്ച് ഉരുക്കി അരിച്ചെടുക്കുക. ഉരുളിയിൽ 1 ടേബിൾ സ്പൂൺ നെയ്യ് ഒഴിച്ച് വേവിച്ച് വെച്ച പരിപ്പും ശർക്കര ഉരുക്കിയതും ചേർത്ത് നല്ലതുപോലെ വരട്ടിയെടുക്കുക. തേങ്ങ ചിരവി 2 കപ്പ് ഒന്നാം പാലും 8 കപ്പ് രണ്ടാം പാലും എടുക്കുക. നല്ലതുപോലെ വരട്ടിയ പരിപ്പുകൂട്ടിൽ വേവിച്ചുവെച്ച ചവ്വരി ചേർത്ത് ഇളക്കുക. വെള്ളം വറ്റിത്തുടങ്ങുമ്പോൾ രണ്ടാം പാൽ ചേർത്ത് കൈ എടുക്കാതെ ഇളക്കിക്കൊണ്ടിരിക്കുക. ഏലക്ക, ചുക്ക്, ജീരകം, പൊടികൾ ചേർക്കുക ഒന്നാം പാൽ ഒഴിച്ച് പതഞ്ഞു തുടങ്ങുമ്പോൾ വാങ്ങിവെയ്ക്കുക. തേങ്ങാക്കൊത്ത്, അണ്ടിപ്പരിപ്പ്, മുന്തിരി എന്നിവ ബാക്കിയുള്ള നെയ്യിൽ വറുത്ത് ചേർക്കുക.

# പട്ടിയുടെ വീട്ടിലെ ചേച്ചി

കെ വിജയകുമാരൻ
9448312631, 9444540631

**മം**ഗലാപുരത്ത് ചേക്കേറി പത്തുദിവസം കഴിഞ്ഞു കാണും. സ്കൂട്ടറിന്റെ മുന്നിൽ നിറുത്തി മാളുവിനെ സ്ക്കൂളിലേക്ക് കൊണ്ടുപോവുകയായിരുന്നു. വഴിക്ക് എതിരെ വരുന്ന ചില വ്യക്തികൾ മാളുവിനെ നോക്കി ചിരിക്കുന്നത് ശ്രദ്ധിച്ചു. അതിൽ ഒരു പഴയ പട്ടാളമെന്നു തോന്നിക്കുന്ന ആറര അടി പൊക്കവും, എഴുപതിനോടടുത്ത പ്രായവും, ആജാനുബാഹുവും, ഭീകരനുമായ ഒരുയുവകോമളനും ഉൾപ്പെടും. കയറ്റം കയറി മെയിൻ റോട്ടിലേക്കുള്ള വളവുതിരിയുമ്പോൾ ഒരു പത്തുവയസ്സുകാരി റോഡിനപ്പുറം നിന്ന് ആനന്ദത്തോടെ വിളിച്ചുകൂവുന്നു.

" ഹായ് മാളവികാ...."

"ഹായ് ചേച്ചീ", മാളു ചിരിച്ചു കൊണ്ട് കൈവീശി.

ഈ ചുരുങ്ങിയ നാൾക്കുള്ളിൽ ഇവളെങ്ങിനെ ഇത്രയും പേരുടെ സൗഹൃദം നേടിയെടുത്തു എന്നദ്ഭുതപ്പെട്ടു. മസ്സിലുപിടിച്ചിരിക്കുന്ന സകല ഹിമക്കട്ടിക്കളേയും ഉരുക്കുന്ന ഒരു സൂത്രം കുട്ടികളിലുണ്ടാവണം. നിരുപാധികം എല്ലാറ്റിനേയും ഇഷ്ടപ്പെടാനുള്ള കഴിവ് കുട്ടികൾക്ക് ജന്മസിദ്ധമാണല്ലോ. ജിജ്ഞാസ അടക്കനാവാതെ ചോദിച്ചു.

"ആരാ മാളു അത്?"

"അച്ഛക്കറിയില്ലാ....! ഞ്ഞവിടെ അച്ഛന്റെ ലോകപരിചയക്കുറവിൽ വല്ലാത്ത അദ്ഭുതം പ്രകടമാണ്) അവടെ താഴത്ത് ഒരു ബ്ലാക്ക് ഡോഗ് കണ്ടില്ലച്ഛാ... ആ ചേച്ചി ആ ഡോഗിന്റെ വീട്ടിലെ ചേച്ചിയാണ്." (അവളുടെ മണിപ്രവാളം)

പരിസരത്ത് ഒരു വിശേഷപ്പെട്ട കറുത്ത നായ ജീവിച്ചിരിപ്പുള്ള കാര്യം അയാളറിഞ്ഞിട്ടില്ല. മംഗലാപുരത്ത് നായ്ക്കളാണോ വീട്ടുടമകൾ എന്ന ചോദ്യം മനസ്സിൽ ഉദിച്ചെങ്കിലും മാളുവിന്റെ ലോകത്ത് പട്ടികൾക്കും പൂച്ചകൾക്കുമാണ് പ്രധാന സ്ഥാനം എന്നത് അയാൾക്ക് വെളിപ്പെട്ടു. ദുനിയാവിലെ സകല ജീവികളും ഭൂമിയുടെ അവകാശികളാണെന്ന മഹത്തായ സന്ദേശവും ആ വീക്ഷണത്തിൽ അടങ്ങിയിരിപ്പുണ്ടെന്ന് വെളിവായി.

ഡോക്ടർ വില്ല്യം ഓസ്ലർ പറഞ്ഞതായ ഒരു ചൊല്ല് ഓർമ്മ വന്നു: "അയാൾക്കേത് സൂക്കേടാ കിട്ടിയിരിക്കുന്നത് എന്നു ചോദിക്കാതെ, ആ സൂക്കേടിന് ഏതാളെയാ കിട്ടിയിരിക്കണ് എന്ന് ചോദിക്ക്." മാളുവും ഓസ്ലറും ചെയ്തത് വ്യത്യസ്തമായ ഒരു കോണത്തിലൂടെ ഒരു സംഗതിയെ നോക്കുക മാത്രമാണ്. നമ്മൾ വിദ്യാഭ്യാസമെന്ന പ്രക്രിയയിലൂടെ ഇത്തരം വീക്ഷണം അസാദ്ധ്യമാകുംവിധം അവിദ്യ ആർജ്ജിക്കുന്നു. അങ്ങനെ ലോകത്തെ 'നേരേ' കാണാൻ കഴിവുള്ളവരാവുന്നു.

അടുത്ത ആഴ്ച്ച തിരുവനന്തപുരത്ത് ഡബ്ലിയു. ഡബ്ലിയു. എഫിന്റെ ഒരു സെമിനാറിൽ കടലാമകളുടെ സംരക്ഷണത്തെപ്പറ്റി സംസാരിക്കാൻ ഇടയായി. അറുപതു ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ഈ ഭൂമിയിൽ ആവിർഭവിച്ച ആമകൾക്ക് (ഇവ ദിനോസറുകളോടൊപ്പം ഭൂമിയിൽ ജീവിച്ചതായി കരുതപ്പെടുന്നു) വെറും രണ്ടര ദശലക്ഷം വർഷങ്ങൾക്കുമുമ്പുണ്ടായ മനുഷ്യരേക്കാൾ ഭൂമിയിൽ ജീവിക്കാൻ അവകാശമില്ലേ എന്നൊരു ചോദ്യം സദസ്സിനോട് ഉന്നയിച്ചു. മാളുവിന്റെ 'പട്ടിയുടെ വീട്' എന്ന പ്രയോഗം വിവരിച്ച് 'ആമയുടെ ഭൂമി' എന്ന ആശയം വ്യക്തമാക്കാൻ കഴിഞ്ഞു. എന്നിരുന്നാലും മാളുവിനെപ്പോലെ ചിന്തിക്കാനുള്ള കഴിവ് അത്ര എളുപ്പത്തിൽ ആർജ്ജിക്കാനാവുമെന്ന് അയാൾക്ക് തോന്നിയില്ല. അതിനു കഴിവുള്ള നഷ്ടപ്പെട്ടുപോയ അയാളിലെ കുട്ടിയുടെ മനസ്സ് എവിടെയാണ് ഒളിഞ്ഞുകിടക്കുന്നത് എന്നയാൾ വൃഥാ തിരഞ്ഞു. ●

■ കവിത

## ആലോചനാമൃതം

ടി. കെ. എം. കാരക്കാട്
9846825504

നഗരവികസനത്തിൻ പേരിൽ
മലകൾക്ക് ചരമഗീതം
ഗ്രാമഭംഗി
കാൻവാസിലേക്ക് ചുരുങ്ങി
സംതുലിതാവസ്ഥ
ബയോളജി ബുക്കിലും
മണലൂറ്റ് ജലമാറ്റ്
ആഗോളതാപനത്തിൽ
പാരിടമാകെ നോവുന്നു
ഭൂമിയുടെ ആണിക്കല്ലുകൾ
ഇളക്കി ഊഞ്ഞാൽ കെട്ടി
നഗരം പണിയാൻ
റോഡുകൾ പാലങ്ങൾ
അംബരചുംബികൾ
ചടുല നൃത്തം ചവിട്ടി
അരുവികൾ
കേട്ടുകേൾവി മാത്രം
പുഴയോ കണ്ണീർ ചാലും
ഉറവ വറ്റിയ വനകുല്യകൾ
ഇടിഞ്ഞുതാഴുന്ന കിണറുകൾ
സാഗര തിരമാലകളിൽ
രൗദ്രതയുടെ സംഹാരഭാവം
മനുഷ്യ ചിന്തയിൽ
അന്ധതയുടെ താളപ്പിഴ
ദൈവം ചരാചരങ്ങൾക്കായ്
തന്നത്
മർത്യൻ മാത്രം ചൂഷണം
ചെയ്കിൽ
പ്രകൃതിക്ഷോഭം മാറുമോ
മാനവാ നീ ഓർക്കുക.

## കത്തുകൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയ മുരളീധരാ,

ഏക തത്ത്വ കൈയിൽ കിട്ടുമ്പോഴൊരു സന്തോഷമാണ്. ഒന്നാമത് വൃത്തിയുള്ള പുറംചട്ട. അച്ചടി മേനിക്കടലാസിൽ ആകർഷകമായ മുഖചിത്രം. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും മലയാളത്തിലെ മററാനുകാലികങ്ങളേക്കാൾ മുൻപന്തിയിൽ. മുക്കംഭാസി കഴിഞ്ഞ ലക്കത്തിലെഴുതിയപോലെ വായനക്കാർ കൈയിൽ കിട്ടാൻ കാത്തിരിക്കുന്ന മലയാള മാസിക. പ്രിയ മുരളീധരാ താങ്കൾക്കഭിമാനിക്കാം. താങ്കളുടെ അദ്ധ്വാനം വിലമതിക്കപ്പെടുന്നു. വായനക്കാർ താങ്കളുടെ മുഖലേഖനത്തിനായി കാത്തിരിക്കുന്നു. ശക്തവും ശുദ്ധവുമായ തൂലിക നീണാൾചലിക്കട്ടെ. അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ...

സ്നേഹപൂർവ്വം,
ജോസഫ് പൂതക്കുഴി.
9846751749

ഏക തത്ത്വ ഡിസംബർ 2017 കിട്ടി. വളരെ സന്തോഷം. തപ്പാൽ തടസ്സത്തിൽ പെട്ടിട്ടും വീണ്ടുമെനിക്കൊരെണ്ണമയച്ചു തരുവാൻ സന്മനസ്സ് മുരളി സാറിനുണ്ടായി. അതിനു പ്രത്യേക നന്ദി. ലേഖനങ്ങൾ, കഥകൾ, കവിതകൾ എല്ലാവിഭവങ്ങളും ആയി. 'ഒന്നില്ലാതെ മറ്റൊന്നില്ല' എഡിറ്റോറിയൽ നന്നായി. അതിൽ സൂചിപ്പിക്കുന്ന കാര്യങ്ങൾ പ്രസക്തമായവ തന്നെ. കഥയിൽ അശോപ്പിയുടെ 'ജാതിയേ ശരണമല്ലപ്പാ' നന്നായിരിക്കുന്നു. ഒരു പുത്തൻ ആശയം തന്നെ. ജാതിയും, മതവും കൂടുതൽ കരുത്താർജ്ജിക്കുന്ന ഇക്കാലത്ത് ഈ കഥക്ക് പ്രസക്തിയുണ്ട്. തെക്കീട്ടലിന്റെ കഥയും നന്ന്. ലേഖനങ്ങൾ ഒന്നിനൊന്ന് വ്യത്യസ്തം. ഓരോ ലേഖനവും ഓരോ പ്രശ്നങ്ങൾ തന്നെ കൈകാര്യം ചെയ്യുന്നു. സ്നേഹപൂർവ്വം വായനക്കാരുടെ കത്തുകൾ ചേർക്കപ്പെട്ടിരിക്കുന്നു. കവിതകളിൽ വാസന്തി മോഹന്റെ 'അമ്മ അറിയാൻ' നല്ല പ്രമേയമഹിമയുള്ള കവിതയാണ്. പക്ഷെ അത് ഒന്നുകൂടി പരുവപ്പെടുത്തുക. കവിത എഴുതി എഴുതി നീളത്തിലായിപ്പോയി. പലപ്പോഴും ആശയങ്ങൾക്ക് വ്യക്തത കിട്ടുന്നില്ല. കവിയുടെ മനസ്സിലെ സകല വിചാരങ്ങളും കവിതയാകുമ്പോൾ അതിന് കാവ്യഗുണം നഷ്ടമാകും. കവിത എഴുതപ്പെടുമ്പോൾ കവി മൂളുന്ന ഈണം കവിതയ്ക്കു കിട്ടണം. അത് വായനക്കാരനു കിട്ടണം. അപ്പോഴാണ് കവിത അനശ്വരതലത്തിലെത്തുന്നത്. എല്ലാ വിഭവങ്ങളും ഒന്നിനൊന്നു മെച്ചം.

ഏക തത്ത്വയിലെ ജോസഫ് പൂതക്കുഴിയുടെ ലേഖനം 'ഇത് അനീതിയാണ്' ദയാവധം സംബന്ധിച്ചുള്ള ലേഖനം. ജോസഫിന്റെ സംശയങ്ങൾ ശരിയാണ്. ദയാവധം തീർച്ചയായും ദുരുപയോഗപ്പെടുത്തും. മാതാപിതാക്കളെ വൃദ്ധസദനത്തിലേക്കയ്ക്കുന്ന തലമുറയാണിത്. അവർക്ക് മുന്നിൽ ഇങ്ങനെയൊരാശയം വീണുകിട്ടിയാൽ ദയാവധം ദുരുപയോഗപ്പെടുത്തിയേക്കും. മാരക രോഗങ്ങളാൽ വലയുന്നവരും, തീരാവേദന തിന്നുന്നവരും ഇന്ന് സമൂഹത്തിലുണ്ട്. പക്ഷെ ജീവൻ കൊടുക്കാൻ കഴിയാത്തിടത്തോളം ജീവൻ എടുക്കാനും ആർക്കും അവകാശമില്ല എന്നത് സത്യം. ദയാവധത്തിനു പകരം സാന്ത്വനചികിത്സയിലൂടെ രോഗിയെ പരിചരിക്കുകയാണ് വേണ്ടത്. ലേഖകന്റെ ചിന്തകൾക്ക് നന്ദി. ലേഖനത്തിനഭിനന്ദനം.

ടി.വി.ഹരികുമാർ,
9446118387

സ്നേഹപൂർവ്വം ഏക തത്ത്വക്ക്,

മനഃപൂർവ്വമല്ലാത്ത ചെറിയൊരു ഇടവേള എനിക്കും ഏക തത്ത്വക്കുമിടയിൽ വന്നുപോയതിന് ആദ്യമേ മുരളിസാറിനോടും എന്റെ പ്രിയപ്പെട്ട സീനിയേഴ്സ് എഴുത്തുകാരോടും ക്ഷമ ചോദിക്കട്ടെ!

സ്നേഹം, കടപ്പാട്, നന്ദി, നന്മ എന്നീ സുന്ദര പദങ്ങളെല്ലാം സമ്മേളിക്കുന്നൊരു മനുഷ്യരൂപമുണ്ടെങ്കിൽ അത് ഇ.ടി.എം എന്ന മനുഷ്യനിൽ മാത്രമായിരിക്കണം. അതിനൊരു ഉത്തമ ഉദാഹരണമാണ് ഓരോ മാസവും മുടങ്ങാതെ എന്നെ ഓർമ്മപ്പെടുത്തി മാസിക എത്തിച്ചുതരുന്നു എന്നത്. വരാനിരിക്കുന്ന നല്ലൊരു കാലം, ജനത, മുരളിസാറിന്റെ തൂലികയിൽ നിന്നുടലെടുക്കാൻ പോകുന്ന യാഥാർത്ഥ്യങ്ങളാണെന്ന് എന്നെപ്പോലുള്ളവർ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. അഭിനയ സ്മരണയിലൂടെ തേർതെളിച്ച് അജയ്യനായ് തുടരുന്ന ഭാസിസാറിന്, അക്ഷരങ്ങൾ കൊണ്ട് ഇന്ദ്രജാലം തീർക്കുന്ന പ്രമോദ്സാർ, വിജയ് കുമാർ സാർ, അരവിന്ദൻ സാർ, സത്യൻമാഷ്, തെക്കീട്ടിൽ സാർ, കുഞ്ഞുണ്ണി മാഷിന്റെ ശിഷ്യൻ, ഉണ്ണികൃഷ്ണൻ സാർ എല്ലാവരും. ഏക തത്ത്വയുടെ സത്കീർത്തി നിലനിർത്തുന്നതിൽ അതീവജാഗ്രത പുലർത്തുന്നു എന്ന് ഓരോ സൃഷ്ടികളും തെളിവാക്കുന്നു. പിന്നെ ഏക തത്ത്വയുടെ ആരംഭം മുതലുള്ള ശക്തിസ്രോതസ്സുകളായ മേനോൻ സാറിനും, ടെക്നോവുഡ് ജോൺ സാറിനും, നന്മയുടെ പക്ഷം ചേർന്ന് മനോഹരമായൊരു ലോകം പടുത്തുയർത്താൻ ഏക തത്ത്വയിലേക്ക് പറന്നടുത്തുകൊണ്ടിരിക്കുന്ന നാനാഭാഗത്തുനിന്നുമുള്ള എല്ലാ പുതിയ എഴുത്തുകാർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

മോഹൻദാസ്
പെരിങ്ങോട്ടുകുറുശ്ശി, 9744989896

## ■ കവിത

# ചില 'സ' കൾ


**നിഷ.വി.എൻ**

**9544626654**


ജീവിതത്തിന്റെ
കുറുക്കുവഴികൾ
കുറെ 'സ'കൾ ആണ്
എല്ലാ പെണ്ണുങ്ങളുടെയും.
പെണ്ണുങ്ങളുടെ വഴികൾ
എപ്പോഴും മുൻപേ
അടയാളപ്പെടുത്തിയിരിക്കും.
എന്റെ മാത്രമല്ല,
നിങ്ങളുടെയും വഴികൾ
'സ' മുഖരിതമാണ്.
സ്ത്രൈണം, സഹനം
സ്ത്രീത്വം, സ്വത്വം...
ഇങ്ങനെ,
ഒട്ടുമിക്ക 'സ' കളും
'സമൂഹം' എന്ന
വലിയ 'സ' യിലേക്ക്
പരുവപ്പെടും.
അവൾക്കൊരു 'സാ' മട്ടാണെന്ന്
എത്ര ഇകഴ്ത്തിയിട്ടും,
2 തവണ കുനിഞ്ഞു നിന്നിട്ടും
ഒടുവിൽ നിവർന്നുതന്നെയല്ലേ
'സാ' യുടെ നിൽപ്പ്.
അതുകൊണ്ടായിരിക്കണം
ചില പെണ്ണുങ്ങളുടെയങ്കിലും
വഴികൾ
വല്ലപ്പോഴുമെങ്കിലും
കിറുക്കുവഴികളാവുന്നത്.

### അറിയിപ്പ്

രചനകളിലെ
ആശയം
മാസികയുടേതോ
എഡിറ്ററുടേതോ
ആവണമെന്നില്ല.
മാസികയിലുള്ള
രചനകളിലെ
ആശയങ്ങളുടെ
ഉത്തരവാദിത്വം
ലേഖകരുടേതു
മാത്രമായിരിക്കും.

**എഡിറ്റർ**

## ■ അനുഭവം


**കെ.കേരളദാസനുണ്ണി**

**9495451280**


# ചുമരെഴുത്ത്



**രാ**വിലെ കുളി കഴിഞ്ഞ് നാമജപത്തിനായി ഞാൻ പൂജാമുറിയിൽ കയറി പൂജാപാത്രങ്ങൾ ഒരുക്കുക, ദീപം തെളിയിക്കുക, ധൂപങ്ങൾ കത്തിക്കുക എന്നീ പരിപാടികൾ തുടങ്ങുമ്പോഴേക്ക് പേരക്കുട്ടികൾ ഓരോരുത്തരായി അകത്തേക്ക് വരും. മിക്കവാറും എല്ലാം ഒന്നുനോക്കി അച്ചാച്ചൻ ചെയ്യുന്ന കാര്യങ്ങളെല്ലാം ശരിയാണെന്ന് ഉറപ്പുവരുത്തി അവർ തിരിച്ചുപോകും. എന്നാൽ ചിലപ്പോഴൊക്കെ കുറച്ചുനേരം എന്റെ മടിയിലിരുന്ന് നാമജപം കേൾക്കുന്നതോടൊപ്പം എന്തെങ്കിലും ഏടാകൂടം ചെയ്യുന്ന പതിവ് എന്റെ നാലു പേരക്കുട്ടികൾക്കുമുണ്ട്. തീപ്പെട്ടി കമ്പുകൾ നിലത്ത് ചിതറിയിടുക, ചന്ദനത്തിരികളെടുത്ത് കത്തിച്ചുനിലത്തിടുക, നൂൽത്തിരി കഷ്ണങ്ങളായി മുറിച്ചിടുക, കുപ്പി തുറന്ന് കല്ക്കണ്ടം എടുത്ത് വായിലാക്കുക തുടങ്ങിയ കുസൃതികൾ ഞാൻ ഒന്നും പറയാതെ നോക്കിയിരിക്കും. ഒരുപക്ഷെ എന്നെ പേരക്കുട്ടികൾ പാവച്ചാച്ച[1] എന്നു വിളിക്കുന്നത് അതുകൊണ്ടാവാം.


ഒരുദിവസം ഒരു പെൻസിൽ കഷ്ണവുമായാണ് ഏറ്റവും ഇളയവനായ അച്ചു പൂജാമുറിയിലെത്തിയത്. വന്നപാടെ അവൻ ചുമരിൽ തലങ്ങും വിലങ്ങും നാലഞ്ചുവര വരച്ചു. എന്നിട്ട് ഒന്നും സംഭവിക്കാത്തതുപോലെ തിരിച്ചുപോകുകയും ചെയ്തു. ഇത് ആദ്യമായിട്ടല്ല കുട്ടികൾ ചുമരിൽ വരയ്ക്കുന്നത്. എനിക്ക് അതിലൊട്ട് വിരോധവും ഇല്ല. നമ്മുടെ വീട്ടിലെ കുട്ടികൾക്ക് നമ്മുടെ ചുമരിലല്ലാതെ വേറെ ആരുടെയെങ്കിലും വീട്ടിലെ ചുമരിൽ ചിത്രം വരയ്ക്കാൻ അവര് അനുവദിക്കില്ലല്ലോ. കുട്ടികളുടെ ഉള്ളിലുള്ള കലാവാസന നമ്മളായിട്ട് എന്തിനാ ഇല്ലാതാക്കുന്നത്.

കത്തിച്ചെറിഞ്ഞ തീപ്പെട്ടിക്കമ്പിന്റെ കത്തിയ ഭാഗം കൊണ്ട് ചുമരിൽ ചിത്രം വരയ്ക്കാമെന്ന് കണ്ടെത്തിയത് മാളുവാണ്. അച്ചു വരച്ച രേഖകൾക്ക് സമീപം തോന്നിയതൊക്കെ തീപ്പെട്ടിക്കമ്പിലെ കരികൊണ്ട് അവൾ വരച്ചു. പിന്നീട് മോളു അവൾക്കാവുന്ന വിധത്തിൽ ചിത്രത്തിന്ന് മിഴിവേകി. സച്ചുവിന്ന് തീപ്പെട്ടിക്കമ്പുകൊണ്ടുള്ള പ്രയോഗം അത്ര ഇഷ്ടപ്പെട്ടില്ല എന്ന് എനിക്ക് തോന്നി. കൽപ്പൂരം കത്തിച്ചു കാണിക്കുന്ന ധൂപക്കുറ്റിയിലെ കരി കൈവിരലിലാക്കി അവൻ ചിത്രം രചനയിലെ തന്റെ പങ്ക് നിറവേറ്റി.

കുറച്ചുദിവസത്തിനകം ചിത്രത്തിന്ന് രൂപവും ഭാവവും കൈവന്നു. ഒരുദിവസം നാമം ചൊല്ലുന്നതിന്നിടെ ഞാൻ ആ ചിത്രത്തിലേക്ക് സൂക്ഷിച്ചുനോക്കി. കാലത്ത് പത്രത്തിൽ കണ്ട രാഷ്ട്രീയ നേതാവിന്റെ കാർട്ടൂണിനോട് ചിത്രത്തിന് വല്ലാത്ത സാമ്യം. ഒന്നുരണ്ടു വരകൾ കൂടി ചേർത്താൽ പടം അസ്സലിനെ തോൽപ്പിക്കും. പിന്നെ ഞാൻ മടിച്ചില്ല കത്തിച്ചെറിഞ്ഞ തീപ്പെട്ടിക്കമ്പുകളുടെ കരികൊണ്ട് ഞാൻ ആ ചിത്രം പൂർത്തിയാക്കി.

*കുറിപ്പ്:*

1. പാവം അച്ചാച്ച.



ടി. കെ. ഉണ്ണികൃഷ്ണൻ
0491–2578098

# നാളെവരാം

'നാളെവരാം' അറിയുന്ന ആരെ കണ്ടാലും കുഞ്ഞൻ പറയുന്നത് അങ്ങിനെയാണ്. അങ്ങോട്ട് ചോദിച്ചില്ലെങ്കിലും പറയും 'നാളെവരാം'. തേങ്ങയിടൽ, തോട്ടം വൃത്തിയാക്കൽ എന്നിങ്ങനെ ചെറുജോലികൾ ചെയ്തുകൊടുക്കുന്നവൻ. വീട്ടിൽ ജോലിയൊന്നും ഇല്ലെങ്കിലും ആരും വരണ്ടാ എന്നു പറയില്ല. കാരണം അവർക്കറിയാം അവന്റെ നാളെത്തെവരവ് ഉണ്ടാവില്ലെന്ന്. എങ്കിലും എന്നെങ്കിലും ഒരു ദിനം പ്രത്യക്ഷപ്പെടും. കൈക്കൽ മൺവെട്ടി ഉണ്ടാകും. എവിടെനിന്നെങ്കിലും പറിച്ച ഒരു ചെടിയുണ്ടാവും. അല്ലെങ്കിൽ ഒരു വാഴത്തൈ ഉണ്ടാകും. വന്നയുടനെ ഷർട്ടഴിച്ച് എവിടെയെങ്കിലും ചുരുട്ടിവയ്ക്കും. കൊണ്ടുവന്ന തൈ അവനിഷ്ടമുള്ളയിടത്ത് കൊത്തിക്കിളച്ച് വയ്ക്കുമ്പോഴാവും വീട്ടുകാരും ശ്രദ്ധിക്കാറ്. കുഞ്ഞൻ വന്ന വിവരം വീട്ടിൽ എല്ലാവർക്കും അറിയാൻ അധികം സമയംവേണ്ട. ആരും ശ്രദ്ധിച്ചില്ലെങ്കിലും അവൻ തുരുതുരാ സംസാരിച്ചുകൊണ്ടിരിക്കും. മരണവിവരങ്ങൾ, അപകടവിവരങ്ങൾ, പെൺകുട്ടി ഒളിച്ചോടിയ വിവരങ്ങൾ അങ്ങിനെ നീണ്ടുപോകും. പണികഴിഞ്ഞ് കിട്ടിയ കൂലിയുമായി പോകുമ്പോൾ പറയും 'നാളെവരാം'. അതുകേട്ട് വീട്ടിലുള്ളവർ ചിരിയ്ക്കും. ആ നാളെ എന്നാണെന്നറിയില്ലല്ലോ.

രാവിലെ ആറുമണിക്ക് തിങ്കളാഴ്ചതോറും പച്ചക്കറിച്ചന്ത നടക്കുന്ന സ്ഥലത്ത് ചായക്കടയിൽ കുഞ്ഞനുണ്ടാകും. അപ്പോഴാണ് അവനെ അന്വേഷിച്ച് സ്കൂട്ടറിലും കാറിലുമെല്ലാം ചിലർ എത്തുക. എല്ലാവർക്കും കുഞ്ഞനെവേണം. എന്തെങ്കിലും പണിയുണ്ടാവും. പണിക്ക് ആളെ കിട്ടാത്ത കാലമല്ലെ. എല്ലാവരോടും കുഞ്ഞന്ന് ഒരു മറുപടിയെ ഉള്ളു 'നാളെവരാം'. നാളെയില്ലെങ്കിലും എന്നെങ്കിലും അടുത്ത് വരുമെന്ന ഉറപ്പോടെ അവർ മടങ്ങും.

എട്ടരവരെ കുഞ്ഞൻ ആ പരിസരത്തുതന്നെ കറങ്ങിത്തിരിയും. അതിനുള്ളിൽ വർഗ്ഗീസ് സാറ് ലോറിയുമായെത്തിയാൽ അതിൽ കയറിയിരിക്കും. ലോറി വന്നില്ലെങ്കിൽ ഏതെങ്കിലും ഒരു വീട്ടിലേക്ക് പണിക്ക് നടക്കും.

വർഗ്ഗീസ് സാറിന്റെ ലോറിയിൽ കയറാൻ കുഞ്ഞന്ന് ഇഷ്ടമാണ്. ലോറി ചന്തസ്ഥലത്ത് എത്തുമ്പോൾ തന്നെ അതിൽ കുറെപ്പേർ ഉണ്ടാകും. കുഞ്ഞൻ കയറുമ്പോൾ വേറെ പലരും ഒപ്പം കയറും. ലോറി എവിടേക്കു പോകുന്നുഎന്ന് ചോദിക്കാറില്ല. ചെല്ലേണ്ടിടത്ത് നിർത്തിയാൽ എല്ലാവരും ചാടിയിറങ്ങും. അങ്ങിനെ പല സ്ഥലത്തുനിന്നും ആൾക്കാർ നിറച്ച ലോറികൾ ഉണ്ടാകും.

എല്ലാവരും ഇറങ്ങിയാൽ വർഗ്ഗീസ് സാറും കൂട്ടുകാരും വന്നവരെ വരിക്കുനിർത്തും. കൈക്കൽ കൊടി പിടിപ്പിക്കും. ബിരിയാണിപ്പൊതിയും അഞ്ഞൂറ് രൂപയും കൊടുക്കും. പിന്നെ അവർ നയിക്കുന്നവിധം നടക്കണം. മുദ്രാവാക്യങ്ങൾ മുഴക്കണം.

ദിവസങ്ങൾ മാറുമ്പോൾ കൊടികളുടെ നിറം മാറുന്നതും മുദ്രാവാക്യങ്ങൾ മാറുന്നതും കുഞ്ഞനെപ്പൊലെയുള്ളവർ ശ്രദ്ധിക്കാറില്ല. അവർക്ക് കൊടിയെപ്പറ്റിയറിയില്ല, പാർട്ടിയെപ്പറ്റി അറിയില്ല, മുദ്രാവാക്യത്തെപ്പറ്റിയറിയില്ല, എന്തിന്നുപോകുന്നു എന്നറിയില്ല. അഞ്ഞൂറ് രൂപയും ബിരിയാണിപ്പൊതിയും കിട്ടുന്ന സന്തോഷംമാത്രം.


അന്നും കുഞ്ഞൻ ആറുമണിക്ക് ചന്തസ്ഥലത്തെ ചായപ്പീടികയിലത്തി. സ്കൂട്ടറിലും കാറിലും അവനെ അന്വേഷിച്ച് ആളുകളെത്തി. എല്ലാവരെയും 'നാളെവരാം' എന്നുപറഞ്ഞ് വിട്ടു. അപ്പോഴേക്കും വർഗ്ഗീസ് സാറിന്റെ ലോറിയെത്തി. ഒരു വിധം ആളുകൾ നിറഞ്ഞ ലോറി. കുഞ്ഞനും കുറച്ചുപേരും അതിലേക്ക് കയറി.

സാധാരണപോലെ അവർ വരിവരിയായി നിന്നു. ബിരിയാണിപ്പൊതിയും പണവും കിട്ടി. കൊടിയും കിട്ടി. കൊടികൾ തിളങ്ങി. മുദ്രാവാക്യങ്ങൾ മുഴങ്ങി. റോഡിൽ ഗതാഗതം നിലച്ചു. പോലീസുകാർ നിറഞ്ഞു.

പെട്ടെന്നാണ് എതിരെ നിന്ന് ആയുധങ്ങളുമായി ആളുകൾ നിറഞ്ഞ ലോറി വന്നുനിന്നത്. അതിലുള്ളവർ ഇറങ്ങി ജാഥയുടെ ഇടയിലേക്ക് ചാടി. പിന്നെ അവിടെയൊരു യുദ്ധമായിരുന്നു.

പിറ്റേദിവസം രാവിലെ ചന്തയുടെ അവിടെയുള്ള ചായക്കടയിൽ കുഞ്ഞനുണ്ടായിരുന്നില്ല. ഒരു നേതാവ് സന്തോഷത്തോടെ പറയുന്നുണ്ടായിരുന്നു. എതിർ പാർട്ടിയുടെ ഏഴെണ്ണം ചത്തു. നമ്മുടെ രണ്ടെണ്ണവും. നേതാക്കളെയെല്ലാം പോലീസ് സുരക്ഷിതമായി ഹോട്ടലിലേക്ക് കൊണ്ടുപോയി. നമ്മുടെ കുഞ്ഞനും ചത്തു. ഇനി അവന്റെ നാളെ വരവ് ഉണ്ടാവില്ല. കുഞ്ഞനെ പണിക്കുവിളിക്കാൻ വന്നവരുടെ മനസ്സു നൊന്തു. അവർ പറഞ്ഞു. പാവം കുഞ്ഞൻ.

മരിച്ചതെല്ലാം കുഞ്ഞന്മാർ. അവർ ബലിയാടുകൾ. മൃഗങ്ങൾതന്നെയല്ലെ അവർ. മരിച്ചു എന്നുപറയുന്നതിനുപകരം ചത്തു എന്ന വാക്ക് നേതാവിൽ നിന്ന് വന്നത് അതാകാം. മൃഗബലി നിർത്തിയ നമ്മൾ നരബലി എന്നു നിർത്തും. കുഞ്ഞൻമാരെ മനുഷ്യനായി കാണുന്ന ഒരു നാളെവരാൻ കാത്തിരിക്കാം.



**എം.ഡി. വിശ്വംഭരൻ**
**9446142131 .**

# സ്വപ്നവീട്

**അ**ച്ഛൻ, ഭാസ്കരൻമാഷ് മരിച്ച് ഒരുകൊല്ലം കഴിഞ്ഞപ്പോഴാണ് മോഹനകൃഷ്ണന് ആ ചിന്തയുണ്ടായത്, വീട് ഒന്നു മോടി പിടിപ്പിക്കണം. അച്ഛന്റെ ഗ്രാറ്റുവിറ്റിയും ഇൻഷുറൻസും അങ്ങനെ പലവിധമായുള്ള വിരമിക്കൽ ആനുകൂല്യങ്ങളായി വന്നുചേർന്ന ഏതാനും ലക്ഷങ്ങൾ ബാങ്കിൽ കിടപ്പുണ്ട്. ആ കാശ് വീടിനായി ചെലവഴിക്കണം. എൻജിനീയറെ വരുത്തി നിലവിലുള്ള വീടിനോട് ചേർത്ത് എങ്ങനെപണിയിക്കാം എന്നു നോക്കി പ്ളാൻ തയ്യാറാക്കി. വിവരമറിഞ്ഞപ്പോൾ അമ്മ ചോദിച്ചു, “മോനേ എന്തിനാടാ ഇനി ഇതിനോട് ചേർത്ത് ഒരുപണി. അച്ഛൻ പണിയിച്ച ഈ വീടിനു എന്താ ഒരു പോരായ്മ. വേണ്ടത്ര സൗകര്യം ഇതിനുണ്ടല്ലോ ?”

“അമ്മ അതൊന്നും നോക്കേണ്ട. ആധുനിക സൗകര്യങ്ങളോടു കൂടിയവീട് ആർക്കാ വേണ്ടാത്തത് ഉള്ള സൗകര്യത്തോടു കൂടി ഇത്തിരി സൗകര്യം കൂടിപ്പോയാൽ ഒരുകുഴപ്പവുമില്ല. കാശു വെറുതെ ബാങ്കിൽ കിടക്കയല്ലേ.” പറഞ്ഞിട്ട് കാര്യമില്ലെന്നറിയാവുന്ന അമ്മ പിന്നെയൊന്നും മിണ്ടിയില്ല. എൻജിനീയറുടെ നിർദ്ദേശപ്രകാരം നിലവിലുള്ള വീടിന്റെ ചിലഭാഗങ്ങൾ ഇടിച്ചുനിരത്തി പുനർനിർമ്മാണം ആരംഭിച്ചു. പണം കൃത്യമായി ഒഴുക്കിയതുകൊണ്ട് പണികൾ വേഗത്തിലാണ് പുരോഗമിച്ചത്. ഇടയ്ക്കിടെ പണിതും ചിലഭാഗങ്ങൾ തട്ടിനിരത്തിയും വീണ്ടും പണിതും മുന്നേറി. ഫ്രണ്ട്വ്യൂവിന് ഉദ്ദേശിച്ചത്ര മോടി പോരെന്നു തോന്നിയപ്പോൾ ചെയ്തത്രയും തട്ടി നിരത്തി കുറച്ചുകൂടി നോട്ടം കിട്ടുന്ന തരത്തിലാക്കി. ഏതാണ്ടു മനസ്സിലുള്ള രൂപമൊക്കെ ആയപ്പോൾ പിന്നെ വേഗത്തിൽ ആ പണി പൂർത്തീകരിച്ചു. പിന്നെ പെയിന്റിങ്ങ്, പ്ളംപിങ്ങ്, ഇലക്ട്രിഫിക്കേഷൻ എല്ലാം അതിന്റെ മുറക്ക് നടന്നു. ഇടയ്ക്കിടെ ചില അയൽക്കാർ വന്നുപോയിക്കൊണ്ടിരുന്നു. ചിലർ നല്ല അഭിപ്രായങ്ങളും ചിലർ എതിരഭിപ്രായങ്ങളും നിരത്തി. അസ്സൂയാലുക്കൾ, പോകാൻ പറ. ആറുമാസം കൊണ്ട് പണികൾ പൂർത്തിയാക്കി ചില അത്യാവശ്യ അലങ്കാര വേലകൾ ചെയ്തു. ഇനി കുറെ പെയന്റിങ്ങുകൾ വേണം. മ്യൂറൽ പെയ്ന്റിങ്ങ് ആണ് പുതിയ ട്രെന്റ്. മനസ്സിനിണങ്ങിയതു കുറെ വരുത്തി. കുറച്ച് മോഡേൺ പെയിന്റിങ്ങു കൂടി വേണം. എല്ലാം കൂടി ഒരു ലക്ഷം കവിഞ്ഞു. വേറേയും ചില അലങ്കാരപണികൾ നിരത്തി. എല്ലാം അലങ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ അച്ഛന്റെ ചിത്രവുമായി വന്നു. “മോനേ, ഇതു മുൻവശം നോട്ടം കിട്ടുന്നിടത്തു വയ്ക്കണം.” കേട്ടപ്പോൾ ദേഷ്യം വന്നു. “പിന്നെ, ഇത്രയും മനോഹരമായ ചിത്രങ്ങൾക്കിടയിലെന്തിനാ അച്ഛന്റെ ഫോട്ടോ?” നിർബ്ബന്ധം മൂത്തപ്പോൾ ഇത്തിരി ചൊടിക്കേണ്ടി വന്നു. അമ്മ അത് അകത്ത് എവിടെയെങ്കിലും കൊണ്ടുപോയി വയ്ക്ക് ഇവിടെ ഇനി അതുവയ്ക്കാൻ സ്ഥലമില്ല. അമ്മ അമ്മയുടെ മുറിയിലെവിടെയെങ്കിലും കൊണ്ടുപോയി വയ്ക്ക്. ഹല്ല പിന്നെ. തള്ളക്ക് ബോധമില്ലെങ്കിൽപ്പിന്നെ എന്താ ചെയ്യുന്നത്.?”

മകന്റെ ഈ പ്രവൃത്തി അമ്മക്ക് സഹിക്കാൻ കഴിയുന്നതിനും അപ്പുറമായിരുന്നു. മനസ്സ് നൊന്തു. അല്ല, ഹൃദയം നുറുങ്ങി. പാരമ്പര്യമായി കിട്ടിയത് വളരെകുറച്ചു സ്വത്തുക്കൾ മാത്രമായിരുന്നു, സ്വന്തം ജോലിയിൽ നിന്നും കിട്ടിയ സമ്പാദ്യം കൊണ്ടാണ് ഇതൊക്കെ ഉണ്ടാക്കിയത്. ഒരു രൂപപോലും ആ മനുഷ്യൻ അനാവശ്യമായി ചെലവഴിച്ചിട്ടില്ല. വീട്ടിലുണ്ടാക്കുന്ന ഭക്ഷണം മാത്രം കഴിച്ചു തികച്ചും ലളിത ജീവിതം നയിച്ചിരുന്നു. പലതും ആഗ്രഹമുണ്ടായിരുന്നിട്ടും സ്വഭാവം അറിയാവുന്നതുകൊണ്ട് ഒന്നും അങ്ങോട്ട് ആവശ്യപ്പെട്ടിട്ടില്ല. ഇത്തിരി കാർക്കശ്യം ഉണ്ടായിരുന്നെങ്കിലും നല്ല സ്നേഹത്തോടെ ഉള്ള പെരുമാറ്റമായിരുന്നു ഭാസ്ക്കരൻമാഷിന്. നാട്ടുകാർക്കും അയൽക്കാർക്കും ആദരണീയനായിരുന്നു അദ്ദേഹം. നിറകണ്ണുകളോടെ ഓർക്കുകയായിരുന്നു അമ്മ. മകന്റെ എല്ലാം മറന്നുള്ള പെരുമാറ്റം കണ്ടിട്ട് സഹിക്കുന്നില്ല. ഇക്കണക്കിനു പോയാൽ ഇനി എന്നാണ് ഈ മകൻ തന്നെ പുറത്താക്കുന്നത്? അതും സംഭവിച്ചു കൂടായ്കയില്ല.

വീടിന്റെ പണികൾ പൂർത്തിയായപ്പോൾ അതിന്റെ മുഖഛായ ആകെ മാറി,. അല്ല, ഇതു പുതിയ വീടുതന്നെയാണ്. എന്താണിനി ഈ പുതിയ വീടിന് പേരു കൊടുക്കേണ്ടത്? ഓ.. അതിത്ര ആലോചിക്കാൻ എന്തിരിക്കുന്നു, തന്റെ സ്നേഹമയിയായ ഭാര്യ ഗീതയുടെ പേരു തന്നെ കൊടുക്കാം അതു മതി. തന്റെ ജീവിതത്തിൽ എല്ലാം അവൾ തന്നെയാണ്, അവളുടെ പേരു മതി. ‘ഗീതാഭവൻ’ ഉടനെ

ഒരു നെയിംപ്ളേറ്റ് തയ്യാറാക്കണം, അതുകൂടി ശരിയാക്കി ഫിറ്റു ചെയ്തിട്ടുവേണം പാലുകാച്ചൽ ചടങ്ങു നടത്താൻ. വണ്ടിയെടുത്തു നേരേ ടൗണിലേക്ക്. മണിയുടെ കടയിൽ ചെയ്യിക്കാം അയാൾക്ക് ഇത്തരം വർക്കുകളിൽ നല്ല കഴിവാണ്. മണിയെ കണ്ടു, അയാൾ കുറെ മോഡലുകൾ കാണിച്ചു അതിൽ നിന്നും ഏറ്റവും ആകർഷകമായത് തെരഞ്ഞെടുത്തു കാണിച്ചു. ഒരു മണിക്കൂറിനകം സംഗതി റെഡി. അതുമായി വന്ന് ആവേശത്തോടെ ഏറ്റവും അനുയോജ്യമായ സ്ഥലത്തു ഫിറ്റു ചെയ്തു. സംതൃപ്തിയോടെ പല ആംഗിളുകളിൽ മാറി മാറി നിന്നും നോക്കി തൃപ്തിപ്പെട്ടു. കൊള്ളാം നന്നായിരിക്കുന്നു. അങ്ങനെ നില്ക്കുമ്പോൾ പുറകിൽ അമ്മ എല്ലാം നോക്കി നില്ക്കുകയായിരുന്നു. അമ്മ ചോദിച്ചു, മോനേ, ഈ വീടിനു ഒരു പേരുണ്ട്. ഇതുണ്ടാക്കിയ ആളിന്റെ ഓർമ്മ നിലനിർത്താൻ പറ്റിയ പേര് 'ഭാസ്കര ഭവനം' അതുപോരേ മോനേ? നീ അച്ഛന്റെ ഓർമ്മപോലും ഇല്ലാതാക്കാൻ ശ്രമിക്കയാണോ?"

ശരിക്കും ദേഷ്യം വന്നു. ഈ തള്ളയുടെ കാര്യം പറഞ്ഞു, "അമ്മ എന്താപറയുന്നത് ഇത് ആ വീടാണോ ഇത് വേറെ വീടല്ലേ. ഞാൻ പണികഴിപ്പിച്ച വീട് അതിനു എന്തുപേരിടണമെന്ന് ഞാൻ തീരുമാനിക്കും. ഗീതാഭവൻ അതാണു പുതിയ വീടിന്റെ പേര്. നിങ്ങളും വേറെ വല്ല പണീം നോക്കിപോ. അല്ല പിന്നെ."

അടുത്തയാഴ്ച പാലുകാച്ചൽ ഗംഭീരമായി നടത്തി നല്ല ഉഗ്രൻ സദ്യയും. വേണ്ടപ്പെട്ട എല്ലാവരേയും ക്ഷണിച്ചു. എല്ലാവർക്കും വീട് ഇഷ്ടപ്പെട്ടു. പെയിന്റിങ്ങും ചിത്രങ്ങളും എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു. തന്റെ കഴിവിനെ അവരെല്ലാം എടുത്തുപറഞ്ഞു. സ്വയം അഭിമാനം തോന്നി. നാലാം നാൾ ഒരു ടൂർ പ്രോഗ്രാം ഏർപ്പാടു ചെയ്തിരുന്നു. അത് ഗീതയുടെ ദീർഘനാളത്തെ ആഗ്രഹമായിരുന്നു. അയൽ സംസ്ഥാനങ്ങൾ ഉൾപ്പെടെ കുറെ രാജ്യങ്ങൾ കാണണം. ഇതൊക്കെ ഇപ്പോഴേ സാധിക്കൂ. രണ്ടുമാസം നീണ്ടുനില്ക്കുന്ന പരിപാടികൾ. കുറച്ചുകൂടി കഴിഞ്ഞാൽ എല്ലാം നടക്കണമെന്നില്ല. നിശ്ചിതദിവസം പോകാനൊരുങ്ങി ഇറങ്ങുമ്പോൾ മുന്നിൽ ശകുനം മുടക്കി അമ്മ.

"മോനേ, അടുത്തയാഴ്ച അച്ഛന്റെ ശ്രാർദ്ധദിനമാണ്, നീ എന്നുവരും ?"

"ഓ ഇനി അതിനൊന്നും നേരമില്ല. അമ്മ എന്തെങ്കിലും ചെയ്താൽ മതി ഞങ്ങൾ കുറച്ചു ദിവസങ്ങൾ കഴിഞ്ഞേ വരൂ. ചില അത്യാവശ്യ ബിസ്സിനസ്സ് ടൂറിനു പോവുകയാ ഞങ്ങൾ അതു കഴിഞ്ഞേ വരൂ."

യാത്രയ്ക്കിടയിൽ ശ്രാർദ്ധദിനത്തിൽ ഫെയിസ്ബുക്കിൽ കുറിച്ചു, ഇന്ന് അച്ഛന്റെ ഓർമ്മദിനം ആസ്മരണയ്ക്കു മുന്നിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

■ കവിത

# ലിഖിതം

**ആർ.സജീവ്**
**9961842370**

വിജനതാഴ്വാര ഹരിതകം സുന്ദരം
മഹിതമഴയിലെ മൗനസംരക്ഷണം
നിറയെ പൂക്കൾ വിടർന്നു നിൽക്കുന്നിടം
കവിതപാടുന്നു പക്ഷികൾ ചുറ്റിനും!

മധുരമഴയിലെത്തെന്നലിൽ കുളിരുമായ്
ഹൃദയനോട്ടങ്ങൾ തമ്മിൽപ്പുണരുമ്പോൾ
കഠിനകാലങ്ങളൊക്കവേ മാഞ്ഞുപോയ്
കരളിലിപ്പോൾത്തുടിക്കുന്നു യൗവനം!

കരവലയത്തിനുള്ളിൽക്കുടുങ്ങുമ്പോൾ
അധരമധരത്തെയേറ്റേറ്റുമുത്തുമ്പോൾ
ഇമകൾകൂമ്പിയനിൽപ്പിലും കാന്തിക –
ച്ചടുലബന്ധനപ്പൊൻ നിമിഷത്തിലും
ഒരു വിരൽനഖപ്പാടിൽപ്പൊടിഞ്ഞൊരീ
അമരരക്ത പ്രണയവർണ്ണത്തിലും
അറിയുമാഴത്തിൽ നിന്നെ ഞാനെന്നുമേ
പരമമായുള്ള ജീവിത സത്യമേ...!

ഒടുവിൽ വേൽപെട്ടുപോകുമെന്നറിയുന്നു
അകലെയാകുമെന്നോർത്തു വിതുമ്പുന്നു
ഇനിയിതേതു പുണ്യക്കണക്കിൽ ഞാൻ
എഴുതിവയ്ക്കുമെന്നോർത്തു തുളുമ്പുന്നു.....!


# ങ്ങടെ ദൈവങ്ങള്

**പ്രമോദ് പുനലൂർ, 9746363220**



വീട് വെക്കാൻ തെങ്ങോല ചോദിച്ചപ്പം
നാക്കില തന്നവരും
കഴുക്കോല് ചോദിച്ചപ്പം കാരമുള്ള് തന്നോരും
സചിവോത്തമന് കൊടുക്കാൻ ഇടനെഞ്ച് ചോദിച്ചു
മഹാഗുരുവിന് വിരിച്ചത് എന്റെ കീറപ്പായ
മഹാത്മാവിന് കൊടുത്തത് എന്റെ കുപ്പമാടം
പച്ചയില്ലാക്കുന്ന് കിട്ടിയോണ്ട്
ചന്തിരൻ എന്റെ അയൽവാസി
കാട്ടുപന്നിക്ക് വച്ച അമ്പ് വഴിമാറിപ്പോയത്
ഞാൻ നെനച്ചിട്ടല്ല
എന്നിട്ടും നിങ്ങടെ ഉണ്ട തെറ്റീല്ലല്ലോ
അതാ ങ്ങടെ കുരുത്തം
ഇപ്പോ ആകാശോം ഇല്ല ഭൂമീം ഇല്ല
അതാ ങ്ങടെ ദൈവങ്ങള്

# ഒന്നാമത്തെ ഭാര്യ



**മുഹമ്മദ് കനി**
**8157874953**

**ഒ**രാൾക്ക് നാല് ഭാര്യമാരുണ്ടായിരുന്നു. അയാൾ ഏറ്റവുമധികം സ്നേഹിച്ചത് നാലാമത്തെ ഭാര്യയെയായിരുന്നു. അവളുടെ സുഖവും, സൗന്ദര്യവും ആരോഗ്യവും സംരക്ഷിയ്ക്കുവാൻ വേണ്ടതെല്ലാം അയാൾ ചെയ്തിരുന്നു. മൂന്നാമത്തെ ഭാര്യയേയും അയാൾ വളരെ സ്നേഹിച്ചിരുന്നു. ഏതുകാര്യവും സാധിയ്ക്കാനുള്ള അവളുടെ അസാധാരണമായ കഴിവിൽ അയാൾ അഭിമാനിച്ചിരുന്നു. രണ്ടാമത്തെ ഭാര്യയെ അത്രതന്നെ സ്നേഹിച്ചിരുന്നില്ലെങ്കിലും എല്ലാം തുറന്നുപറഞ്ഞിരുന്നത് അവളോടുമാത്രമായിരുന്നു. എന്നാൽ ആദ്യ ഭാര്യയെ മാത്രം അയാൾ തിരിഞ്ഞുനോക്കാറേയില്ല. അങ്ങിനെയിരിയ്ക്കെ അയാൾക്ക് തീരാവ്യാധി ബാധിച്ചു. ഡോക്ടർ പറഞ്ഞു "വൈദ്യശാസ്ത്രത്തിന് നിങ്ങളെ രക്ഷിയ്ക്കാനാവില്ല. കുറച്ചുദിവസങ്ങൾ മാത്രമേ ഇനി നിങ്ങൾ ജീവിച്ചിരിയ്ക്കൂ."

അതുകേട്ട് അയാൾ വല്ലാതെ പരിഭ്രമിച്ചു. വീട്ടിലെത്തിയ ഉടനെ നാലാമത്തെ ഭാര്യയോടു ചോദിച്ചു, "ഞാൻ ഏറ്റവുമധികം സ്നേഹിച്ചത് നിന്നെയാണ്. അധികം താമസിയാതെ ഞാൻ മരിയ്ക്കുമെന്ന് ഡോക്ടർ പറയുന്നു. മരണത്തിനപ്പുറവും നീ എന്റെ കൂടെ വരുമോ?"

"ഇല്ല". ആ മറുപടി അയാളെ ഏറെ വേദനിപ്പിച്ചു. അയാൾ മൂന്നാമത്തെ ഭാര്യയോടു ചോദിച്ചു, "എന്റെ മരണത്തിനപ്പുറവും നീ എന്റെ കൂടെ വരുമോ ?"

"ഏയ് അതുസാധ്യമല്ല, എനിയ്ക്കിനിയും ഈ ലോകത്തിൽ ജീവിയ്ക്കണം. നിങ്ങൾ മരിച്ചാൽ ഞാൻ മറ്റൊരാളുടേതായിത്തീരും."

ദുഃഖിതനായ അയാൾ രണ്ടാമത്തെ ഭാര്യയോടു ചോദിച്ചു "ഞാൻ സുഖത്തിലും, ദുഃഖത്തിലും ഹൃദയം തുറന്നിരുന്നത് നിന്നോടുമാത്രമായിരുന്നു. എന്റെ മരണത്തിന്നപ്പുറവും നീ എന്റെ കൂടെ വരുമോ ?"

"ചുടല വരെ ഞാൻ കൂടെ വരാം. അതിനപ്പുറം കൂടെ വരാൻ എനിയ്ക്കാവില്ല." അവൾ പറഞ്ഞു.

അതോടെ അയാളുടെ ദുഃഖം ഇരട്ടിച്ചു. എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചിരുന്നപ്പോൾ ഒന്നാമത്തെ ഭാര്യ അയാളെ ആശ്വസിപ്പിച്ചു, "നിങ്ങൾ ഒട്ടും വിഷമിയ്ക്കരുത്. തീർച്ചയായും ഞാൻ കൂടെയുണ്ടാവും."

അതുകേട്ട് അയാൾക്ക് പശ്ചാത്താപം തോന്നി. അവളെയാണല്ലോ ഞാനിത്രയും കാലം അവഗണിച്ചത്.

ഈ കഥയിലെ നാലാമത്തെ ഭാര്യ നമ്മുടെ ശരീരമാണ്. മരിയ്ക്കുന്നതുവരെ മാത്രമേ അത് നമ്മുടെ കൂടെയുണ്ടാവൂ. സ്ഥാനമാനങ്ങളും സ്വത്തുക്കളുമാണ് മൂന്നാമത്തെ ഭാര്യ. മരണശേഷം അതെല്ലാം മറ്റാരെങ്കിലും അനുഭവിയ്ക്കും. രണ്ടാമത്തെ ഭാര്യ നമ്മുടെ സുഹൃത്തുക്കളാണ്. അവർ ശ്മശാനം വരെ മാത്രമേ നമ്മുടെ കൂടെയുണ്ടാവൂ.

ഒന്നാമത്തെ ഭാര്യ നമ്മുടെ ആത്മാവാണ്. ജീവിതത്തിലും മരണത്തിലും അത് കൂടെയുണ്ടാവും. നമ്മളാരും ആത്മാവിനെ സ്മരിയ്ക്കാറേയില്ല. എന്നാൽ ഏറ്റവും പരിഗണനയർഹിക്കുന്നത് അതാണ്. സ്വത്തും സമ്പത്തുമെല്ലാം ആവശ്യമുണ്ട്. അവയൊക്കെ ആവശ്യത്തിനുമാത്രമാവട്ടെ. ജീവിയ്ക്കാൻ വേണ്ടി മാത്രം. ശാശ്വത ശാന്തിയുടെ ഉറവിടം ആത്മാവുമാത്രമാണെന്നറിഞ്ഞ് ജീവിതം നയിച്ചാൽ എല്ലാ ദുഃഖങ്ങളും നമ്മിൽ നിന്നും ഒഴിഞ്ഞുപോകും.

മാതൃഭൂമി വാരാന്ത്യപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ഈ അമൃത വചനത്തിലെ ഒന്നാമത്തെ ഭാര്യയെക്കുറിച്ചുള്ള നമ്മുടെ അറിവ് വളരെ പരിമിതമാണെങ്കിലും ഒരിയ്ക്കലും ആ ഭാര്യ (ആത്മാവ്) നശിയ്ക്കുന്നില്ല എന്ന കാര്യത്തിൽ ഈശ്വരവിശ്വാസികൾക്കാർക്കും തന്നെ തർക്കമില്ല.

ഒന്നാമത്തെ ഭാര്യ വീണ്ടും വീണ്ടും ഈ ഭൂമിയിൽ തന്നെ വേറെ, വേറെ ശരീരം കൈക്കൊള്ളുന്നുവെന്ന് ധാരാളം പേർ വിശ്വസിയ്ക്കുന്നുണ്ട്. ഈ ലേഖകൻ വിശ്വസിയ്ക്കുന്നത് പരലോകത്തുവച്ച് ഭൂമിയിൽ ജീവിച്ചിരുന്ന അതേ ശരീരത്തെ പുനർസൃഷ്ടിച്ചുകൊണ്ട് ആ ശരീരത്തിൽത്തന്നെയാണ് ആത്മാവിനെ പ്രവേശിപ്പിയ്ക്കുന്നത് എന്നാണ്.

പരലോക ജീവിതത്തിൽ സ്വർഗ്ഗം എന്ന സമ്മാനം ലഭിയ്ക്കുന്നവർക്ക് കരഗതമാവാനിരിയ്ക്കുന്ന നേട്ടങ്ങൾ വർണ്ണനാതീതമാണ് എന്ന് വേദഗ്രന്ഥങ്ങളും പ്രവാചക (മഹർഷിമാർ) വചനങ്ങളും പറയുന്നു. എന്നാൽ ആരും തന്നെ പരലോകത്തുചെന്നതിനു ശേഷം ഭൂമിയിൽ വരികയോ, അവിടത്തെ സ്ഥിതിഗതികൾ മനുഷ്യരോട് പറയുകയോ ചെയ്തതായി യാതൊരു തെളിവും എവിടെയുമില്ല. സ്വപ്നമല്ലാത്ത ഒരു ദർശനത്തിലൂടെ പരലോകത്തെ അവസ്ഥ

കളെക്കുറിച്ച് ഈശ്വരൻ പ്രവാചകന് കാണിച്ചുകൊടുത്തതായി ജീവിതത്തിൽ ഒരു ചെറിയ നുണപോലും പറയാത്ത പ്രവാചക തിരുമേനി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ കൊടിയ ശത്രുക്കൾ പോലും ഒരിയ്ക്കലും മുഹമ്മദ് നുണ പറഞ്ഞിട്ടില്ലായെന്ന് സാക്ഷ്യം വഹിച്ചതുകൊണ്ട് ഞാനും അദ്ദേഹത്തിന്റെ വചനങ്ങളെ പൂർണ്ണമായും വിശ്വസിച്ചിരിക്കുന്നു.

ലോകാവസാനത്തിനുശേഷം ആദ്യത്തെ മനുഷ്യൻ മുതൽ അവസാന മനുഷ്യൻ വരെയ്ക്കുമുള്ള എല്ലാവരേയും പുനർസൃഷ്ടിച്ച് ജഗദീശ്വരന്റെ (അല്ലാഹുവിന്റെ) കോടതിയിൽ വച്ച് വിചാരണ നടത്തപ്പെടുന്നതായിരിക്കുമെന്ന് പ്രവാചകൻ പറഞ്ഞു. ഇത് വിശ്വസിയ്ക്കുവാൻ അക്കാലത്ത് ഭൂരിപക്ഷംപേർക്കും കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ കാലഘട്ടത്തിൽ ശാസ്ത്രസാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ മുഖേന ഏവർക്കും വിശ്വസിയ്ക്കുവാൻ കഴിയുന്നു. ഈശ്വരന് (അല്ലാഹു) ചെയ്യുവാൻ കഴിയാത്തതായി എന്തെങ്കിലുമുണ്ടോ എന്ന് നാം സ്വയം ചോദിയ്ക്കേണ്ടതാണ്.

ദൈവനിയോഗിതരായ പുണ്യാത്മാക്കളുടെ ഉപദേശങ്ങളേയും, നിർദ്ദേശങ്ങളേയും നിഷേധിച്ചുകൊണ്ട് ഭൂമിയിൽ അഹങ്കരിച്ചു നടന്നവരുടെയെല്ലാം മുഖങ്ങൾ ഉയർത്തെഴുന്നേൽപ്പുനാളിൽ നേരിടാനിരിയ്ക്കുന്ന ദുരന്തത്തിന്റെ വർദ്ധിച്ച ഭയത്താൽ കരിഞ്ഞു കരുവാളിച്ചിരിക്കും. എന്നാൽ ദൈവസാമീപ്യം ലഭിച്ചവരുടെ മുഖങ്ങൾ അന്നാളിൽ പ്രസന്നതയുള്ളതും, സൂര്യനെപ്പോലെ പ്രകാശിക്കുന്നതുമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ശ്രീമദ് ഭഗവദ് ഗീത, ബൈബിൾ, ഖുർആൻ എന്നീ വേദഗ്രന്ഥങ്ങളെ ഒരു താരതമ്യപഠനം നടത്തിക്കൊണ്ടും നമ്മുടെ സൃഷ്ടികർത്താവിനോട് ആത്മാർത്ഥമായും പ്രാർത്ഥിച്ചുകൊണ്ടും ആത്മസംസ്കരണം നടത്താൻ തയ്യാറാവുന്നവർക്ക് തീർച്ചയായും ആ പരബ്രഹ്മം (അല്ലാഹു) അമൃതവചനത്തിൽ പറഞ്ഞ ഒന്നാമത്തെ ഭാര്യയായ ആത്മാവിനെ അവന്റെ (അല്ലാഹു) ഏറ്റവും നല്ല കൂട്ടുകാരനാക്കി മാറ്റുകയും ഇഹലോകവാസത്തിനുശേഷം സ്വർഗ്ഗം എന്ന അത്ഭുത സമ്മാനം നൽകി അനുഗ്രഹിക്കുക തന്നെ ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.


നാമെല്ലാവരേയും ആ മഹത്തായ അനുഗ്രഹത്തിന് അർഹതയുള്ളവരാക്കിത്തീർക്കുവാൻ വേണ്ടി പ്രാർത്ഥിയ്ക്കാം, നമുക്ക് പ്രവർത്തിക്കാം.

ദൈവത്തിനു സ്തുതി

●

---

# ■ പുസ്തകപരിചയം



## 'കണ്ണുകൾ'

തെരഞ്ഞെടുത്ത മിനിക്കഥകൾ
എഡിറ്റർ: എൻ. എം. നൂലേലി
നിരൂപണം: എ. രാമകൃഷ്ണൻ
9447804135

'കണ്ണുകൾ' എന്ന കഥാസമാഹാരത്തിലെ പറവൂർ ബാബു എഴുതിയ 'മൂന്നാം പക്കം' എന്ന കഥയിൽ സ്വത്തുപങ്കുവെക്കാൻ അച്ഛനും അമ്മയും മരണപ്പെടാൻ കാത്തിരിക്കുന്ന മക്കൾ; പശു വളർത്തലിൽ നിന്ന് ഡെകെയർ നടത്തി പണം സമ്പാദിക്കുവാൻ വ്യഗ്രത കാണിക്കുന്ന മക്കളും എല്ലാം നന്നായി ചിത്രീകരിച്ചിരിക്കുന്നു. ഈശ്വരപ്രാർത്ഥനയ്ക്കും അമ്പലങ്ങളിലും മറ്റും പോകുന്നതിന് ജാതിമതങ്ങളുടെ മതിൽക്കെട്ടുകൾ ആകുന്നില്ലെന്നു വിളിച്ചോതുന്നു ഡോ. സരസ്വതിശർമ്മയുടെ 'മുഖം' എന്നകഥ. 'കാറ്ററിയാതെ' അശോകൻ രാജീവം എഴുതിയകഥ ഹൃദയസ്പർശിയും മനോഹരവുമായി. വളരെക്കാലമായി മകൻ അപ്പു അനുഭവിക്കുന്ന തീരാവയറുവേദനക്കറുതിയെന്നോണം, ഒരു ചേമ്പിൻതണ്ടുപോലെ തളർന്നുറങ്ങുന്ന തന്റെ മകനെ ഇരുകൈകളാൽ കോരിയെടുത്ത് നിറ കിണറിന്റെ മുകളിലുള്ള ഗ്രിൽ വാതിലിലൂടെ അഗാധമായ ഗർത്തത്തിലേയ്ക്ക് ഒരു തുളസിയിലപോലെ നിക്ഷേപിക്കുന്ന പിതാവിന്റെ നിസ്സഹായതയും ആത്മനൊമ്പരവും വളരെ പച്ചയായിത്തന്നെ വരച്ചുകാട്ടിയിരിക്കുന്നു. കഥാകൃത്ത് അഭിനന്ദനമർഹിക്കുന്നു.

സ്വന്തം പിടിപ്പുകേടുകൊണ്ടു അമ്മയേയും മകളേയും വിട്ടുപിരിഞ്ഞു വർഷങ്ങൾക്കുശേഷം ആ മകൾ IAS First റാങ്ക് കാരിയായി അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ, ആദരവ് ഏറ്റുവാങ്ങാൻ ഏർപ്പെടുത്തിയ തിങ്ങിനിറഞ്ഞ സദസ്സിൽ നിന്നും മകളെ ഒരു നോക്കുകാണാൻ ജരാനര കയറിയ അച്ഛൻ ആൾക്കൂട്ടത്തിൽതനിയെ, ഒറ്റപ്പെട്ടുപോകുന്ന ഹൃദയസ്പർശിയായ കാഴ്ച ആരേയും ഈറനണിയിക്കും; അങ്ങിനെ സംഭവിക്കാതിരിക്കട്ടെ ആർക്കും; പ്രദീപ്. എസ്. എസ്സിന്റെ 'തിരിച്ചറിവ്' എന്ന കഥയിലൂടെ.

ആനുകാലിക പ്രസക്തമായ സംഭവങ്ങൾ കൊണ്ടുസമ്പന്നമായ കഥകൾ ഉൾപ്പെടുത്തിയ 'കണ്ണുകൾ' എന്ന കഥാസമാഹാരം അറിവിന്റെ നിറകുടമായി. അണിയറ പ്രവർത്തകർക്കും സൃഷ്ടാക്കൾക്കും അഭിനന്ദനങ്ങൾ.

പ്രസാധകർ: ഭാവനാ ബുക്സ്
കാവശ്ശേരി, പാലക്കാട്
വില: 70 രൂപ
ഫോൺ: 9249965566

●

# നമ്മുടെ മഹാനഗരങ്ങൾ ശങ്കായ് ആകുമോ ?



വിനോദ് കുമാർ ദാമോദർ
9446352141


മഹാനഗരമായ മുംബൈ ഒരു ശങ്കായ് ആക്കണമെന്നും റോം ആക്കണമെന്നും മറ്റും രാഷ്ട്രീയ പ്രഖ്യാപനങ്ങൾ നാം കാണുമ്പോഴും ഇപ്പോഴത്തെ പോലെ യാതൊരു വ്യത്യാസവുമില്ലാതെ ജനങ്ങൾ ജീവിക്കുകയാണെങ്കിൽ നഗരം ഇനി എത്രനാൾ കൊണ്ട് മരിക്കുമെന്ന് ചിന്തിക്കുകയേ വേണ്ടുവെന്നാണ് വിദഗ്ദ്ധർ പറയുന്നത്. നഗരം ദിവസം തോറും വർദ്ധിക്കുന്ന ജനങ്ങളെ കൊണ്ടും വാഹനങ്ങളെ കൊണ്ടും വീർപ്പുമുട്ടുമ്പോൾ 4000 വാഹനങ്ങൾ ശരാശരി ആഴ്ചയിൽ വർദ്ധിക്കുന്ന അവസ്ഥ നിയന്ത്രിക്കാൻ വഴികളുണ്ടോയെന്നാരും ചിന്തിച്ചിട്ടില്ല. നഗരത്തിലെ പ്രധാന യാത്രാ മാർഗ്ഗമായ സബർബ്ബൻ വണ്ടികൾ തിങ്ങിനിറഞ്ഞു യാത്ര തുടരുമ്പോൾ ഒമ്പത് കമ്പാർട്ടുമെന്റുകൾ ഉണ്ടായിരുന്നത് പന്ത്രണ്ടായി വർദ്ധിച്ചപ്പോൾ അതിനനുസരിച്ച് റെയിൽവേ സ്റ്റേഷനുകൾ വലുതാക്കി. എന്നാൽ പുതിയ ട്രാക്കുകൾ വർദ്ധിക്കുന്ന സബർബ്ബൻ വണ്ടികൾക്ക് വേണ്ടി ഒരുക്കുവാൻ സാധിച്ചിട്ടില്ലയെന്ന വസ്തുത നിലനിൽക്കുന്നു.

4000ത്തിനടുത്ത് കുടുംബങ്ങൾ ദിവസവും മഹാനഗരത്തിലേക്ക് കുടിയേറിപ്പാർക്കുമ്പോൾ അവരും എത്തിപ്പെടുന്നത് നഗരവികസനത്തിന്റെ അജണ്ടയിൽ പെടാത്ത അറുപത് ശതമാനം വരുന്ന ഇടങ്ങളിലായിരിക്കും.

ഒരുഭാഗത്ത് മഹാനഗരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള എയർപോർട്ടുകളും മറ്റും നിർമ്മിച്ചിട്ടുണ്ടെങ്കിൽ വേറൊരു ഭാഗത്ത് ലോകത്തിലേതന്നെ ഏറ്റവും വലിയ ചേരിപ്രദേശങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. ജോലി തേടി നഗരത്തിലെത്തുന്ന പലരും എത്തിച്ചേരുന്നത് ഇത്തരത്തിലുള്ള ചേരി പ്രദേശങ്ങളിലാണ്.

മഹാനഗരമായ മുംബൈ ചേരികളിലെ വാസികളെ പുനരധിവസിപ്പിക്കാനുള്ള ശ്രമവുമായി പലവട്ടം സംസ്ഥാനം ശ്രമങ്ങൾ നടത്തിയെങ്കിലും വേണ്ടവിധം മുന്നോട്ടു പോകുവാൻ കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച് ഇത്ര വലിയ ചേരിപ്രദേശമായ ധാരാവി ചേരികളിലേ പുനരധിവാസ പ്രക്രിയ ദുഷ്ക്കരമാണെന്ന് വൻ കമ്പനികൾക്ക് നല്ല ബോധ്യമുള്ളതിനാൽ അവർ മുന്നോട്ട് വന്നില്ല എന്നതായാണ് റിപ്പോർട്ട്.

**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി – 15 രൂപ**
**ഒരു വർഷത്തേക്ക് – 170 രൂപ**
**രണ്ടു വർഷത്തേക്ക് – 330 രൂപ**
**മൂന്നു വർഷത്തേക്ക് – 500 രൂപ**
മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാൻസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.



പി. ആർ. ജോസ്
9847946094

# ഫലിതമേള

1. പെണ്ണിന്റെയച്ഛൻ ദല്ലാളിനോട്: ചെറുക്കന് കണ്ടമാനം സ്വത്തുണ്ടെന്നു പറഞ്ഞിട്ടിപ്പോൾ സ്വന്തമായി ഒരു വീടുപോലുമില്ലല്ലോ ? അതെന്താ ?
ദല്ലാൾ: അതുതന്നെയാ ഞാനും പറഞ്ഞത് ചെറുക്കന് കണ്ട 'മാനം' സ്വത്തായുണ്ടെന്ന്.

2. മദ്യപനായ ഭർത്താവ് : നീയില്ലാത്ത ജീവിതം എനിക്ക് ഓർമ്മിക്കാനേ സാധിക്കുന്നില്ല.
ഭാര്യ : ഇത്രയധികം കഴിച്ചിട്ടല്ലേ മനുഷ്യാ ഇങ്ങനെ ഓർമ്മിക്കാൻ സാധിക്കാത്തത് ?

3. അമ്മ മകനോടു : നീ കാണാൻ പോയ പെണ്ണ് ബുദ്ധിമതിയാണെന്ന് നിനക്കെങ്ങിനെ മനസ്സിലായി ?
മകൻ : അവൾ ചോദിക്കുവാ, വീടിന്നടുത്ത് വൃദ്ധസദനമുണ്ടോയെന്ന്.

4. ശാലിനി മറിയം ചേടത്തിയോട് : മകനും മരുമകളും തമ്മിൽ യോജിപ്പിലായെന്ന് കേട്ടത് ശരിയാണോ ?
ചേടത്തി : എന്നെ ഇവിടെ നിന്നും തുരത്തി വൃദ്ധസദനത്തിലേക്ക് വിടാൻ രണ്ടുപേർക്കും നല്ല യോജിപ്പാ.

5. അച്ഛൻ ടിന്റുമോനോട് : കണക്ക് പരീക്ഷയിൽ ഒരു തെറ്റുപോലും വരുത്താത്ത നിനക്ക് പൂജ്യം മാർക്കാണെന്നോ ? അതെന്താ ?
ടിന്റുമോൻ : ഞാൻ ഒന്നിനും ഉത്തരമെഴുതിയില്ല.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# പുസ്തകപരിചയം



**തുക പൂജ്യമാകുന്ന കളികൾ**
(നോവൽ)
**മനോജ് വീട്ടിക്കാട്**
9446514489
പേജ് - 130
വില - 120 രൂപ
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

മനോജ് വീട്ടിക്കാടിന്റെ തുക പൂജ്യമാകുന്ന കളികൾ ഒരു ഹരിത നോവലും അധിനിവേശ വിരുദ്ധനോവലുമാണ്. ആഖ്യാനത്തേക്കാൾ ആശയത്തിനു പ്രാധാന്യമുള്ള കൃതി.


---




**ഒറ്റയ്ക്ക് ഒരു സ്ത്രീ ഓടുന്നതിന്റെ രഹസ്യമെന്ത് ?**
(കഥകൾ)
**യു. കെ. കുമാരൻ**
9846168755
പേജ് - 162
വില - 150 രൂപ
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

ശക്തവും ലളിതവുമായ ഭാഷയിൽ വായനക്കാരന്റെ മനസ്സിലേക്ക് അനുഭവങ്ങളുടെ ചൂടും ചൂരും ചൊരിയുന്ന, വയലാർ അവാർഡ് ജേതാവും തക്ഷൻകുന്നിന്റെ കഥാകാരനുമായ യു. കെ. കുമാരന്റെ ഏറ്റവും ശ്രദ്ധേയമായ കഥകൾ.


---




**മാറ്റെഴുത്ത്**
(കവിതകൾ)
**ശബ്ന എസ്. മുസ്തഫ**
9605277210
പേജ് - 66
വില - 70 രൂപ
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

സാധാരണ ഉള്ളൂരിനും വള്ളത്തോളിനും ആശാനും കൂടിവന്നാൽ സുഗതകുമാരിക്കും ഒ. എൻ. വി. ക്കുമപ്പുറത്ത് പോകാത്ത നമ്മുടെ കവിപരിചയത്തിന്റെ പരിധി ഭേദിച്ചുനടന്നുകയറാനുള്ള ആത്മാർത്ഥമായ ശ്രമം ഈ രചനകളെ സമകാലികമാക്കുന്നു.

---




**നിറദീപങ്ങൾ**
(കവിതകൾ)
**അജിത അരവിന്ദ്**
9562508101
പേജ് - 50
വില - 50 രൂപ
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

അജിത അരവിന്ദിന്റെ ഏറ്റവും പുതിയ കവിതകളുടെ സമാഹാരമാണ് നിറദീപങ്ങൾ. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു എഴുത്തുകാരിയെ ഈ സമാഹാരത്തിലെ ഓരോ കവിതകളിലും നമുക്ക് ദർശിക്കാനാവും.

---


**ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക് - നിങ്ങൾ രചിച്ച/പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏക തത്ത്വയ്ക്ക് അയച്ചു തരാവുന്നതാണ്. പുസ്തകനിരൂപണത്തിനായി രണ്ടു ബുക്കുകളും പുസ്തകപരിചയത്തിലേയ്ക്കായി ഒരു ബുക്കും അയക്കേണ്ടതാണ്.**



**വിസ്മയക്കാഴ്ചകൾ**
(കവിതകൾ)
**യേശുദാസ് വരാപ്പുഴ**
9846441262
പേജ് - 80
വില - 90 രൂപ
പ്രസാധകർ - ട്രീബുക്സ്, കൊച്ചി

നാം ജീവിക്കുന്ന കാലത്തിന്റെ നനുത്ത വേദനകളോടും കഠിന ദുഃഖങ്ങളോടും മാറ്റമില്ലാതെ തുടരുന്ന അസമത്വങ്ങളോടും അനീതികളോടുമുള്ള കലവറയില്ലാത്ത പ്രതിഷേധത്തിന്റെ വാങ്മയങ്ങളാണ്, പുതിയ കാലത്ത് കവിതയെന്നോ കഥയെന്നോ ഒക്കെ വ്യവഹരിക്കപ്പെടാവുന്ന വിസ്മയക്കാഴ്ചകൾ എന്ന കൃതിയിലുള്ളത്.

---



**ഓർമക്കൂടാരം**
(കവിതകൾ)
**മിനി ജെ. വെട്ടം**
9539536741
പേജ് - 34
വില - 50 രൂപ
പ്രസാധകർ - ദക്ഷിണ പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ്, മലപ്പുറം.

മോഹത്തിനും വിരഹത്തിനും മഴപ്പാറ്റകൾക്കുപോലും കവിതയുടെ ചിറകുനൽകി പറത്തിവിടുകയാണ് കവി. യാത്രയാണ് ഈ കവിയുടെ ഈടുവെയ്പുകൾ.


---




**ജീവിതം പറയാൻ ബാക്കിവെച്ചത്**
(കഥകൾ)
**റുക്സാന ടി. പി**
ruksanatp848@gmail.com
പേജ് - 60
വില - 60 രൂപ
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

ഈ കഥകളിലുടനീളം കാണുന്നത് പെൺമനസ്സിന്റെ ലോലമായ വിചാരവികാരങ്ങളും കാലം മുന്നിലേക്ക് നീട്ടുന്ന വിഹ്വലതകളുമാണ്. പൊള്ളയായ പുറം ലോകത്തിനുവായിച്ചെടുക്കാനാവാത്ത പെൺരൂപങ്ങളായി രുക്സാനയുടെ കഥാപാത്രങ്ങൾ നമുക്കിടയിൽ ജീവിക്കുന്നുണ്ട്.

---



**കേരളദർശനം**
(ഓട്ടൻതുള്ളൽ)
**വി. രാമചന്ദ്രയ്യർ**
9946475181
പേജ് - 58
വില - 50 രൂപ
പ്രസാധകർ - ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്

ഈ തുള്ളൽ രചനയ്ക്ക് ലഹരിയരുളിയത് ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ നടമാടുന്ന കൊള്ളരുതായ്മകളാണ്.

Published on 15/12/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 8 Issue 2, January 2018, Rs 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

പുതുവത്സരാശംസകളോടെ...

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Sleepwell MATTRESSES PILLOWS CUSHIONS | peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com